# സത്യദൂതൻ

2019 ആഗസ്റ്റ് | ലക്കം 08

വില ₹ 30



**അന്യഗ്രഹങ്ങളിൽ ജീവികളുണ്ടോ?**
**അന്യഗോള ജീവികളുമായി നാം കണ്ടുമുട്ടുമോ?**

**പാകിസ്താൻ പ്രധാനമന്ത്രിയുടെ കുറ്റസമ്മതം**

# Ahmadiyya Muslim Community

## Apps for mobile devises

Download free apps developed by Ahmadiyya Muslim Community for your iphone,ipode, and Android




**Quran**
Read the Holy Quran in easy Yassarnal Quran Font




**Conditions of Bai'at**
A pocket reference of Shara't-e-Bai'at in 7 languages



**Sermons**
Huzoor's Friday Sermons In 15 languages




**MTA**
Watch MTA Live, view Schedule and much more



**Ahmadiyya News**
Stay up to date with the Latest jama'at news

View these apps at
alislam.org/apps
or scan the QR code below





The Sathyadoothan Monthly

لا الہ الا اللہ محمد رسول اللہ

# സത്യദൂതൻ

2019 ആഗസ്റ്റ്
ഹി.ശ.1399 - സുഹൂർ
1440 ദുൽഖഅദ് - ദുൽഹജ്ജ്
പുസ്തകം 91 ലക്കം 8
വില 30 രൂപ

ഒരു നൂറ്റാണ്ടിനോടടുക്കുന്ന മലയാളത്തിലെ ഏക ഇസ്‌ലാമിക പ്രസിദ്ധീകരണം



**5**

എഡിറ്റോറിയൽ

**മുഹമ്മദ് നബി (സ) മനുഷ്യഹൃദയം കീഴടക്കിയ ദിവ്യജേതാവ്**

**6**

**യുഗശബ്ദം**



**7**

ജലസ പ്രഭാഷണം

**അശാന്തവും യുദ്ധഭരിതവുമായ ലോകം**

ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് (അയ്യദഹു..)

അഹ്മദിയ്യാ മുസ്‌ലിം ജമാഅത്ത് ജർമനിയുടെ ദേശീയ സമ്മേളനത്തിൽ ഖലീഫ തിരുമനസ്സ് ചെയ്ത പ്രഭാഷണം. (2019 ജൂലായ് 6)
ഖിവ: മുഈൻ അഹ്മദ് സിദ്ദീഖ്

**14**

**വെളിപാടിന്റെ തത്ത്വരഹസ്യം**

ഹദ്റത്ത് അഹ്മദ് (അ)

**16**

**അന്യഗ്രഹങ്ങളിൽ ജീവികളുണ്ടോ? അന്യഗോള ജീവികളുമായി നാം കണ്ടുമുട്ടുമോ?**

എ. എം. മുഹമ്മദ് സലീം

അന്യഗോള ജീവികളുമായി നാം ഒരിക്കൽ കണ്ടുമുട്ടുമെന്നാണ് വിശുദ്ധ ഖുർആൻ പറയുന്നത്. പ്രശസ്ത ഭൗതിക ശാസ്ത്രജ്ഞൻ സ്റ്റീഫൻ ഹോക്കിൻസ്, അന്യഗ്രഹ ജീവികളെ അന്വേഷിച്ചു പോകുന്നത് അങ്ങേയറ്റം അപകടമാണെന്ന ഭീതിയാണ് പരത്തുന്നത്.

**20**

**യുക്തമയ ദൈവജ്ഞാനവും യുക്തി രഹിതമായ യുക്തി വാദവും**

എഫ് എ നെല്ലികുന്ന്

**24**

**പച്ചവൃക്ഷത്തിൽ നിന്നുള്ള തീ**

എം. മുബാറക്ക് അഹ്മദ് കരുനാഗപ്പള്ളി

**25**

**ഇസ്‌ലാമും മനുഷ്യാവകാശങ്ങളും**

സർ സഫറുല്ലാഹ് ഖാൻ

**28**

**ദിമ്മികളുടെ മൗലികാവകാശങ്ങൾ ഭരണകൂടത്തിന്റെ ഉത്തരവാദിത്തം-5**

മാലിക്ക് സൈഫുർറഹ്മാൻ

**32**

**ഉമ്മത്തീ നബി**

എൻ. അബ്ദുർറഹീം

**38**

**ആലാഖയെപ്പോലെയൊരാൾ**

ബി.ബി. അഹ്മദ് കബീർ

**40**

കുറിപ്പുകൾ

**പാകിസ്താൻ പ്രധാനമന്ത്രിയുടെ കുറ്റസമ്മതം**

മുസാഫിർ



**സത്യദൂതൻ**
മസ്ജിദ് ഉമർ, സെന്റ്ബെനഡിക്ട് റോഡ്,
എറണാകുളം നോർത്ത്, കൊച്ചി-682018

ചീഫ് എഡിറ്റർ
**എച്ച്. ശംസുദ്ദീൻ**
**ഫോൺ:** 9946021252

എഡിറ്റർ
**എ. എം. മുഹമ്മദ് സലീം**
**ഫോൺ:** 80755 86837
Email-salimqld@gmail.com

മാനേജർ
**എച്ച്. അഹ്മദ് ഷാഫി**
**ഫോൺ:** 8089574250



Printed & Published by B.B. Ahmad Kabeer, for the Kerala Ahmadiyya Muslim Jama-ath
Printed at Anaswara Offset, Perandoor Jn.,Elamakkara, Ernakulam-682 026.
Published at Masjid Umar, St. Benedict Road, Ernakulam, Kochi-18. Edited by A.M. Muhammed Salim. Design: Mubarak Ahmed,KKD

## വിശുദ്ധ ഖുർആനിൽ നിന്ന്



അല്ലാഹു വഹ്‌യ് മുഖേനെയോ, മറയുടെ പിന്നിൽ നിന്നോ, അവൻ ഇച്ഛിക്കുന്നതിനെ അവന്റെ അനുമതിയോടുകൂടി അറിയിച്ചുകൊടുക്കുന്ന ഒരു ദൂതനെ അയച്ചിട്ടോ അല്ലാതെ ഒരു മനുഷ്യനോടും സംസാരിക്കില്ല. (42:51)



## നബിവചനം

മനുഷ്യരിൽ വിശ്വാസം ജനിപ്പിക്കുവാൻ പര്യാപ്തമായ ഒരമാനുഷിക ദൃഷ്ടാന്തം പ്രകടിപ്പിച്ചു കഴിഞ്ഞിട്ടില്ലാത്ത ഒരൊറ്റ പ്രവാചകനും ഉണ്ടായിട്ടില്ല. അക്കൂട്ടത്തിൽ എനിക്കു ലഭിച്ചത് അല്ലാഹുവിങ്കൽ നിന്നുള്ള ബോധന(ഖുർആൻ)മത്രെ. അതുകൊണ്ട് പുനരുത്ഥാനദിവസം അവരുടെ കൂട്ടത്തിൽ ഏറ്റവുമധികം അനുയായികളുള്ളയാൾ ഞാനായിരിക്കണമെന്ന് ഞാനാശിക്കുന്നു. (ബുഖാരി)

## വാഗ്ദത്ത മസീഹിന്റെ വചനം

# സ്വർഗ്ഗീയ പ്രവാഹം

എന്റെ കയ്യിൽ നിന്ന് എനിക്ക് നൽകപ്പെട്ട ഈ പീയുഷം ആർ പാനം ചെയ്യുന്നുവോ അവർ ഒരിക്കലും മരിക്കുകയില്ല. ഞാൻ പറയുന്ന ഈ ജീവദായകമായ കാര്യങ്ങളോടും എന്റെ മുഖത്തുനിന്നു പുറപ്പെടുന്ന ഈ ധർമ്മോക്തികളോടും കിടപിടിക്കുന്ന വാക്കുകൾ മറ്റാർക്കെങ്കിലും പറയാൻ സാധിക്കുമെങ്കിൽ ഞാൻ ദൈവത്തിൽ നിന്നു വന്നവനല്ലെന്നു നിങ്ങൾ കരുതിക്കൊൾവിൻ. എന്നാൽ ശവപ്രായമായ ആത്മാക്കൾക്ക് ജീവാമൃതമായിരിക്കുന്ന ഈ ധർമ്മോക്തികളും ദിവ്യവിജ്ഞാനങ്ങളും നിങ്ങൾക്ക് മറ്റൊരിടത്തു നിന്നും കിട്ടുമാറില്ലെങ്കിൽ സ്വർഗ്ഗത്തുനിന്നു തുറന്നു കിട്ടിയ ഈ അമൃതധാരയെ നിഷേധിച്ചുകളഞ്ഞ കുറ്റത്തിനെതിരിൽ യാതൊരു പ്രത്യുക്തിയും നിങ്ങൾക്ക് പറയുവാനുണ്ടാകയില്ല. (ഇസാലയെ ഔഹാം)



എഡിറ്റോറിയൽ

# വെളിപാടും ദൈവാസ്തിക്യവും


മതങ്ങളെല്ലാം ആരാധനയിൽ അധിഷ്ഠിതമാണ്. മനുഷ്യൻ ദൈവത്തിന് സമർപ്പിക്കുന്ന ഉദാത്തമായതിന്റെയെല്ലാം സമർപ്പണമാണ് ആരാധന. ഭക്തൻ നടത്തുന്ന ആരാധനകൾക്ക് ആരാധ്യനായ ദൈവം പ്രതികരിക്കുന്നില്ലെങ്കിൽ ദൈവത്തെ സംബന്ധിച്ച് എങ്ങനെ മനുഷ്യന് ദൃഢബോദ്ധ്യം വരും? വിഗ്രഹാരാധനയെ എതിർക്കുന്ന ഖുർആൻ യുക്തിപൂർവ്വം ഉന്നയിക്കുന്ന ഒരു ന്യായം ആരാധനാമൂർത്തികൾ മനുഷ്യന്റെ അർത്ഥനകളോട് പ്രതികരിക്കുന്നില്ല അഥവാ സംസാരിക്കുന്നില്ല എന്നാണ്.

***'മൂസയുടെ ജനത അദ്ദേഹം (യാത്ര പോയതിന് ശേഷം) തങ്ങളുടെ ആഭരണങ്ങൾ കൊണ്ട് ഒരു കാളക്കുട്ടി (വിഗ്രഹം) അതായത് നിരർത്ഥക ശബ്ദം പുറപ്പെടുവിക്കുന്ന ഒരു ജഡത്തെ ഉണ്ടാക്കിയെടുത്തു. അത് അവരോട് സംസാരിക്കുന്നില്ലെന്നും അവർക്ക് യാതൊരു മാർഗ്ഗവും കാണിക്കുന്നില്ലെന്നും അവർ കണ്ടില്ലേ?' (2:149)***

ദൈവം ഉണ്ട് എന്ന് മനുഷ്യ സമൂഹത്തെ ബോദ്ധ്യപ്പെടുത്തിയത് തത്വജ്ഞാനികളോ പണ്ഡിതന്മാരോ അല്ല. യുക്തി, വിജ്ഞാനം, ശാസ്ത്രം മുതലായ മനുഷ്യ നിർമ്മിത ജ്ഞാനങ്ങൾ ദൈവം ഉണ്ട് എന്നതിലേക്ക് യാതൊരു വിധ ദൃഢജ്ഞാനവും നൽകാൻ പര്യാപ്തമല്ല, വെളിപാടുകൾ മാത്രമാണ് ദൈവത്തെ പറ്റി ദൃഢജ്ഞാനം പ്രദാനം ചെയ്യുന്നതും അതൊരനുഭവ യാഥാർത്ഥ്യമായി മാറ്റുന്നതും. ഭൗതിക മാർഗ്ഗത്തിൽ ദൈവത്തെ അന്വേഷിക്കുന്ന ഒരു ബുദ്ധിമാന് അദൃശ്യനായ ദൈവത്തെപറ്റി ഒരു പക്ഷേ അനുമാനങ്ങളിലും നിഗമനങ്ങളിലും എത്തിച്ചേരാമെന്നല്ലാതെ അയാൾക്ക് ഒരിക്കലും ദൈവം വെളിപ്പെടുന്നില്ല. ഇത് സംബന്ധിച്ച് വാഗ്ദത്ത മസീഹ് ഹദ്റത്ത് അഹ്മദ്(അ) പറഞ്ഞ അർത്ഥ പൂർണ്ണമായ ഒരു ഉദാഹരണമിങ്ങനെയാണ്.

സാക്ഷ അകത്ത്നിന്ന് ബന്ധിച്ച ഒരു വീട്ടിന്റെ കതകിൽ ഒരാൾ കുറെ നേരം മുട്ടിയിട്ടും തുറക്കുന്നില്ലെങ്കിൽ അതിനകത്ത് ആരുമില്ലെന്ന നിഗമനത്തിൽ ഒരാൾ എത്തിച്ചേരുന്നത് തികച്ചും സ്വാഭാവികം. അല്ലെങ്കിൽ ഉണ്ടായിരുന്ന ആൾ ഇപ്പോൾ നിലവിലില്ലെന്ന് കരുതാം. അതുമല്ലെങ്കിൽ എന്തോ അജ്ഞാത കാരണങ്ങളാൽ സാക്ഷ അകത്ത് നിന്നും വീണുപോയതായിരിക്കാം എന്നും വരാം. ഇങ്ങനെ നാനാവിധത്തിലുള്ള നിഗമനങ്ങളിൽ അയാൾക്ക് എത്തിച്ചേരാം. കതകിൽ മുട്ടിയ മറ്റൊരാൾക്ക് അകത്ത് നിന്നും ഒരാളുടെ ശബ്ദം കേൾക്കുന്നുവെങ്കിൽ ആ ശബ്ദം കേട്ട ആളിന് അതിനകത്ത് ഒരാളുണ്ട് എന്ന് ദൃഢബോദ്ധ്യം വരുകയും അയാളാണ് സാക്ഷയിട്ടതെന്ന സത്യം അറിയുകയും ചെയ്യുന്നു. അതുപോലെ അത്ഭുതകരമായ വൈഭത്തോടെ ഈ പ്രപഞ്ചം സൃഷ്ടിച്ച അദൃശ്യനായ ദൈവത്തെ അദ്ധ്യാത്മിക മാർഗ്ഗത്തിൽ അന്വേഷിക്കുന്നയാൾക്ക് ദൈവത്തിൽ നിന്ന് ദിവ്യവെളിപാടുകൾ ലഭിക്കുമ്പോൾ ദൈവാസ്തിക്യത്തെ സംബന്ധിച്ച സകല സന്ദേഹങ്ങളും ഇല്ലാതാകുന്നു. ദൈവത്തിൽ നിന്നുള്ള വെളിപാടുകളും ബോധനങ്ങളും ദർശനങ്ങളും ദിവ്യസ്വപ്നങ്ങളുമാകുന്നു ഇഹലോകത്തെ ആരാധനകളുടെ യഥാർത്ഥ സാക്ഷാത്ക്കാരം. ആത്മീയമായ ഈ മാർഗ്ഗത്തിൽ കൂടി മാത്രമേ ദൈവാസ്തിക്യത്തെ സംബന്ധിച്ച് മനുഷ്യന് ബലവത്തായ ജ്ഞാനം ലഭിക്കൂ. വെളിപാട് മുഖേന ദൈവം മനുഷ്യനോട് സംസാരിക്കുന്ന സമ്പ്രദായം ഇപ്പോൾ നിലവിലില്ല എന്ന് യാതൊരു പ്രമാണവുമില്ലാതെ ചിലർ വാദിക്കുന്നു. സംസാരിക്കുന്നവൻ (മുതക്കല്ലിം) എന്ന ദൈവത്തിന്റെ ഗുണത്തിന് വിരുദ്ധവും ദൈവ നിന്ദയുമാണ് അവരുടെ ഈ ജൽപ്പനം. മനുഷ്യരിൽ മഹാഭൂരിപക്ഷവും ദൈവം വെളിപ്പെടുത്തുന്ന പരിശുദ്ധവും സാത്വികവുമായ ഈ മാർഗ്ഗം പരിചയമില്ലാത്തവരാണ്. അവരാണ് വെളിപാടുകളെ നിഷേധിക്കുന്നത്. അല്ലാഹു വിശുദ്ധ ഖുർആനിൽ പറയുന്നു:

***'ഞങ്ങളുടെ നാഥൻ അല്ലാഹുവാണെന്ന് പറയുകയും എന്നിട്ട് സ്ഥിരചിത്തരായി നിലകൊള്ളുകയും ചെയ്തവരാരോ അവരുടെ അടുക്കൽ മലക്കുകൾ ഇറങ്ങും (ആ മലക്കുകൾ പറയും) നിങ്ങൾ ഭയപ്പെടേണ്ട, വ്യസനിക്കുകയും വേണ്ട. നിങ്ങൾക്ക് വാഗ്ദാനം ചെയ്യപ്പെട്ടിരുന്ന സ്വർഗ്ഗം ലഭിച്ചതിൽ സന്തുഷ്ടരാകുക ഐഹിക ജീവിതത്തിലും പരലോകത്തും ഞങ്ങൾ നിങ്ങളുടെ മിത്രങ്ങളാണ് നിങ്ങളുടെ മനസ്സ് ആഗ്രഹിക്കുന്നതെല്ലാം നിങ്ങൾക്ക് അവിടെ (സ്വർഗ്ഗത്തിൽ) ലഭിക്കും. നിങ്ങൾ ആവശ്യപ്പെടുന്നതെല്ലാം നിങ്ങൾക്കവിടെ ഉണ്ടാകും' (41:31,32)***



ഹദ്റത്ത് അഹ്മദ് (അ)

# ദൈവിക ബോധനം

ഇവിടെ ഇൽഹാം (ദൈവ ബോധനം ) എന്നത് കൊണ്ട് വിവക്ഷിക്കപ്പെടുന്നതെന്താണെന്ന് വിശദീകരിക്കേണ്ടതായിട്ടുണ്ട്. ഇൽഹാം എന്നാൽ ചിന്തിച്ചു കൊണ്ടിരിക്കുന്ന ഒരു വന്റെ ഹൃദയത്തിൽ നവ്യമായ ഒരു ആശയം ഉദിച്ചു വരിക എന്നതല്ല. ഒരു കവി കവന നിർമ്മാണത്തിന്നുദ്യുക്തനായി ചിന്തനം ചെയ്തു കൊണ്ടിരിക്കുമ്പോൾ, നവമായ ഒരു ആശയമോ പദ്യമോ വൃത്തമോ ഹൃദയത്തിലുദിച്ചു വരുന്നതിന്ന് ദൈവഭാഷണമെന്നോ ദൈവ ബോധനമെന്നോ പറയാവുന്നതല്ല. ഈ ആശയങ്ങളുടെ ഉദയവും ദൈവിക പ്രകൃതി നിയമമനുസരിച്ച് മനുഷ്യന്റെ ആലോചനാ ഫലമായുണ്ടാകുന്നതത്രെ ഒരുവൻ സദ്വിഷയത്തിലോ ദുർവിഷയത്തിലോ മനസ്സിരുത്തി ചിന്തിച്ചു കൊണ്ടിരിക്കുന്നതായാൽ അവന്റെ ആലോചനക്കനുസൃതമായ ആശയം മനസ്സിലുണ്ടായി വരുന്നതാണ്. ദൃഷ്ടാന്തമായി. സത്യസന്ധനും സദ്വൃത്തനുമായ ഒരാൾ സത്യത്തേയും ധർമ്മത്തേയും സഹായിക്കുന്നതിന്നും ദുർവൃത്തനായ മറ്റൊരുവൻ അധർമ്മത്തെ അനുകൂലിക്കുന്നതിനും സജ്ജനത്തെ നിന്ദിക്കുന്നതിനുംവേണ്ടി കവിത രചിക്കാനുദ്യമിക്കുന്ന പക്ഷം രണ്ടുപേരും അവനവന്റെ വാഗ്വിലാസം പോലെ ഓരോ കാവ്യം ചമക്കുന്നതായിരിക്കും. അസത്യത്തെ അനുകൂലിക്കുകയും സഹായിക്കുകയും സജ്ജനത്തെ നിന്ദിക്കുകയും ചെയ്യുന്നതിന് തുനിയുന്ന കവി കവനസൃഷ്ടിയിൽ അഭ്യാസ പാഠവമുള്ളവനായ കാരണത്താൽ അവന്റെ കവിത മറ്റയാളുടെതിനേക്കാൾ മെച്ചമേറിയതായി തീരുന്നുവെങ്കിൽ അതിൽ ആശ്ചര്യപ്പെടാനില്ല. ഇപ്രകാരം നവ്യമായ ആശയം ഉള്ളിൽ ഉദിച്ചു വരുന്നതിന് ഇൽഹാം എന്ന് പറയാമെങ്കിൽ സത്യത്തിന്നെതിരായി അനവരതം തൂലിക ചലിപ്പിക്കുകയും കറ്റുകെട്ടും ഭോഷ്ക്കും തൊഴിലാക്കി തീർക്കുകയും ചെയ്യുന്ന സത്യത്തിന്റെയും സജ്ജ്നത്തിന്റെയും ശത്രുവായ ഒരു ദുഷ്ട കവിയെ മുൽഹം അഥവാ ദൈവപ്രബുദ്ധൻ എന്നു പറയേണ്ടതായി വരും. ആഖ്യായികാദി കാവ്യ ഗ്രന്ഥങ്ങളിൽ ചമത്ക്കാര പൂർണ്ണവും ഹൃദയാവർജ്ജകവുമായ വർണ്ണനകൾ നാം കാണുന്നുണ്ടല്ലോ ഇങ്ങനെ, വിഷയങ്ങൾ മിഥ്യകളാണെങ്കിലും തദ്വിഷയകമായി ചിന്തിച്ചുകൊണ്ടിരിക്കുന്ന ഹൃദയങ്ങളിൽ നവ്യമായ ആശയ തരംഗങ്ങൾ അടിച്ചു കയറുന്നതായി കാണാം. ഈ ദൃശമായ ആശയോദയത്തിന് **'ഇൽഹാം'** (ദൈവബോധനം) എന്ന് പറയാവുന്നതാണോ? ഇൽഹാം എന്നാൽ നവമായ ആശയം ഹൃദയത്തിൽ ഉണ്ടായിവരുന്നതിന്റെ പേരാണെങ്കിൽ ഒരു തസ്ക്കരനേയും **'മുൽഹം'**(ദൈവപ്രബുദ്ധൻ) എന്ന് പറഞ്ഞു കൊള്ളാമല്ലോ. എന്തെന്നാൽ ചിന്തിച്ചു കൊണ്ടിരിക്കുന്നതിന്റെ ഫലമായി അവനു ഭവന ഭേദനം ചെയ്യാനുള്ള നല്ല സൂത്രങ്ങളും കൊള്ളയും കൊലയും നടത്താനുള്ള ഒന്നാന്തരം ഉപായങ്ങളും തോന്നി തുടങ്ങുന്നു. ഇങ്ങനെയുള്ള അശുദ്ധവും അധാർമികവുമായ വിചാരാവേശത്തിന് **'ഇൽഹാം'** എന്ന് ഒരിക്കലും പേർ പറയാവതല്ല. സ്വവചനം മുഖേന ഹൃദയങ്ങൾക്ക് ശാന്തി പ്രദാനം ചെയ്യുകയും അപരിചിതർക്ക് ആത്മീയ ജ്ഞാനം പകർന്ന് കൊടുക്കുകയും ചെയ്യുന്നവരും അതേ അവസരത്തിൽ സത്യദൈവത്തെ അറിയാത്തവരുമാണ്. ദൈവബോധത്തെക്കുറിച്ചുള്ള ഈ തെറ്റുധാരണക്ക് വശഗരായിരിക്കുന്നത്. എന്നാൽപിന്നെ ഇൽഹാം എന്ന് വെച്ചാൽ എന്താണ്? അത് സജീവനും സർവ്വോത്തമശക്തിവാനുമായ ദൈവം തന്റെ വൃതദാസനോടോ താൻ തിരഞ്ഞെടുക്കുവാൻ ഇച്ഛിക്കുന്ന സത്യഭക്തനോടോ തന്റെ സചേതനവും സപ്രഭാവവുമായ വചനാമൃതം മുഖാന്തരം സംസാരിക്കുകയെന്നതാകുന്നു. ഈ ദിവ്യഭാഷണം തൃപ്തികരമായും ക്രമാനുഗതമായും തുടർന്ന് പോകുകയും ഹീനാശയ മിശ്രമോ അപൂർണ്ണമോ അവ്യക്തമോ ആയിരിക്കാതെ പ്രസാദ മധുരവും ചമത്ക്കാര പൂർണ്ണവും ജ്ഞാന ഗർഭവും ആശയപുഷ്ടവും സജീവവുമായിരിക്കുകയും ചെയ്യുന്നുവെങ്കിൽ, അതാണ് ദൈവം തന്റെ ഭക്ത ദാസനെ സമാശ്വസിപ്പിക്കുകയും തന്റെ ദിവ്യസ്വരൂപം അവന് വെളിപ്പെടുത്തിക്കൊടുക്കുകയും ചെയ്യുന്ന വിശുദ്ധ വചനം.

അഹ്മദിയ്യാ മുസ്‌ലിം ജമാഅത്ത് ജർമനിയുടെ ദേശീയ സമ്മേളനത്തിൽ ഖലീഫ തിരുമനസ്സ് ചെയ്ത പ്രഭാഷണം. (2019 ജൂലായ് 6) വിവ: മുഈൻ അഹ്മദ് സിദ്ദീഖ്

# അശാന്തവും യുദ്ധഭരിതവുമായ ലോകം




**ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ്** (അയ്യദഹു...)

എല്ലാ പ്രത്യേക ക്ഷണിതാക്കൾക്കും അസ്സലാമു അലൈക്കും വ റഹ്മത്തുല്ലാഹി വ ബറകാത്തുഹു. അല്ലാഹുവിന്റെ സമാധാനവും അനുഗ്രഹവും നിങ്ങളിൽ എല്ലാവരിലും ഉണ്ടാകുമാറാകട്ടെ.

ആദ്യമായി ഞാൻ ഈ അവസരം ഞങ്ങളുടെ ക്ഷണം സ്വീകരിച്ചുകൊണ്ട് ഈ വാർഷിക സമ്മേളനത്തിൽ സന്നിഹിതരായിട്ടുള്ള എല്ലാവർക്കും നന്ദി പ്രകാശിപ്പി

ക്കാൻ ഉപയോഗിച്ചുകൊള്ളുന്നു. ജലസ സാലാനാ എന്നത് അഹ്മദി മുസ്ലിംകളുടെ ആത്മീയവും ധാർമ്മികവുമായ അവസ്ഥ മെച്ചപ്പെടുത്തുന്നതിന് വേണ്ടിയും മതപരമായ അറിവുകൾ കരസ്ഥമാക്കുന്നതിന് വേണ്ടിയുമുള്ള തീർത്തും ആത്മീയമായ ഒരു ഒത്തുചേരലാണ്. ജർമനിയിലെ ഈ സമ്മേളനത്തിൽ നമ്മുടെ മുസ്ലിംകളും അല്ലാത്തതുമായ സുഹൃത്തുക്കളെ ക്ഷണിച്ചുകൊണ്ട് അവർക്കായി ഒരു പ്രത്യേക പരിപാടി സംഘടിപ്പിക്കുക എന്നത് ഒരു രീതിയായി മാറിയിരിക്കുകയാണ്. ഇപ്പോൾ നമ്മൾ എല്ലാവരും ഇവിടെ കൂടിയിരിക്കുന്നതും ഈ ഒരു ആവശ്യത്തിനായിട്ടാണ്. നിങ്ങളിൽ ചിലർ മുമ്പും ഈ പരിപാടിയിൽ പങ്കെടുത്തവരും അഹ്മദിയ്യാ മുസ്ലിം ജമാഅത്തിന്റെ വിശ്വാസങ്ങളെ കുറിച്ച് ധാരണയുള്ളവരുമായിരിക്കും. എന്നാൽ ഞങ്ങളുടെ പ്രസ്ഥാനത്തെ കുറിച്ചും അതിന്റെ വിശ്വാസ ആദർശങ്ങളെ കുറിച്ചും പഠിക്കാൻ വേണ്ടി ഇവിടെ ആദ്യമായി സന്നിഹിതരായവരും ഉണ്ടാകും. അഹ്മദിയ്യാ മുസ്ലിം ജമാഅത്ത് എന്നത് മനുഷ്യന്റെ ധാർമികവും ആധ്യാത്മികവുമായ അവസ്ഥ മെച്ചെപ്പെടുത്തുന്നതിന് വേണ്ടി ഇസ്ലാം മത സ്ഥാപകരായ പരിശുദ്ധ പ്രവാചകൻ മുഹമ്മദ് (സ) അന്ത്യനാളിനെ കുറിച്ച് പ്രവചിച്ചതനുസരിച്ച് ഇസ്ലാമിന്റെ ഉള്ളിൽ നിന്ന് തന്നെ സ്ഥാപിതമായിട്ടുള്ള ഒരു വിഭാഗമാണെന്ന് ഇപ്പോൾ പലർക്കും മനസ്സിലായിട്ടുണ്ടാകും.

കാലഘട്ടങ്ങൾ കടന്നുപോകുമ്പോൾ മതേതരവും മതപരവുമായ ഏതൊരു സംഘടനയും വിശ്വാസങ്ങളും അതിന്റെ യഥാർത്ഥ ഉദ്ദേശ്യലക്ഷ്യങ്ങളിൽ നിന്ന് വ്യതിചലിക്കുക എന്നതും അതിന്റെ അടിസ്ഥാന വിശ്വാസങ്ങൾ വിട്ടുപോവുക എന്നതും സ്വാഭാവിക പ്രതിഭാസമാണ്. അതിന്റെ ഫലമായി എല്ലാ സംഘടനകളിലും വിഭാഗങ്ങളിലും ഒരു സംസ്കരണം അനിവാര്യമായ കാലം സംജാതമാകുന്നു. അല്ലായെങ്കിൽ അവർ ക്രമേണ ഇല്ലാതാവുകയോ അതുമല്ലെങ്കിൽ ആരംഭകാലവുമായി യാതൊരു പ്രതിഛായയും ഇല്ലാത്ത നിലയിൽ പരിണമിക്കുകയോ ചെയ്യുന്നതാണ്. ഞങ്ങളുടെ വിശ്വാസമനുസരിച്ച് മതസംഘടനകൾക്ക് ധാർമ്മിക അപചയം സംഭവിക്കുമ്പോൾ അതിന്റെ യഥാർത്ഥ അധ്യാപനങ്ങളെ നിലനിർത്തുന്നതിന് വേണ്ടി മനുഷ്യരെ പുനരുജ്ജീവിപ്പിക്കുവാനും നേർമാർഗത്തിൽ നയിക്കുവാനും തിരഞ്ഞെടുക്കപ്പെട്ട പ്രതിനിധികളെ അയക്കുക എന്നത് സർവ്വാധിനാഥന്റെ കാലാകാലങ്ങളായിട്ടുള്ള നടപടിക്രമമാണ്. ഇസ്ലാമിന് വിധേയമായിക്കൊണ്ട് ഞങ്ങൾ വിശ്വസിക്കുന്നത് പരിശുദ്ധ പ്രവാചകരായ മുഹമ്മദ് (സ) ദൈവത്തിന്റെ നിയമസംഹിതയോട് കൂടി അയക്കപ്പെട്ട അവസാനത്തെ പ്രവാചകനാകുന്നു എന്നാണ്. പിന്നീട് പതിനാലാം... പത്തൊമ്പതാം നൂറ്റാണ്ടിന്റെ അവസാനത്തിൽ അദ്ദേഹം പഠിപ്പിക്കുകയും പ്രവർത്തിക്കുകയും ചെയ്ത ഇസ്ലാം ഇവിടെ വീണ്ടും പുനരുജ്ജീവിപ്പിക്കുന്നതിനും പുന:രുദ്ധരിക്കുന്നതിനും വേണ്ടി അല്ലാഹു ഒരു പരിഷ്കർത്താവിനെ അയക്കുകയുണ്ടായി, ആ വ്യക്തിയാണ് അഹ്മദിയ്യാ മുസ്ലിം ജമാഅത്തിന്റെ സ്ഥാപകർ. ആയതിനാൽ ഞങ്ങൾ വിശ്വസിക്കുന്നത് ഈ ജമാഅത്തിന്റെ സ്ഥാപകൻ വാഗ്ദത്തം ചെയ്യപ്പെട്ട മസീഹും വഴികാട്ടിയായ മഹ്ദിയുമാകുന്നു എന്നാണ്. അദ്ദേഹത്തിന്റെ പരമപ്രധാനമായ ലക്ഷ്യം എന്ന് പറയുന്നത് ഇസ്ലാമിന്റെ യഥാർത്ഥ അധ്യാപനങ്ങളെ പുന:രുദ്ധരിക്കുക എന്നതും മനുഷ്യകുലത്തെ സർവ്വാധിനാഥനായ ദൈവത്തിലേക്ക് മടക്കിക്കൊണ്ടുവരിക എന്നതുമാകുന്നു.

ഞങ്ങളുടെ പ്രസ്ഥാനത്തെ കുറിച്ച് ഈയൊരു ചെറുവിവരണം നൽകിക്കൊണ്ട് ഇനി ലോകത്തിന്റെ ഇന്നത്തെ അവസ്ഥയെ കുറിച്ച് അൽപം സംസാരിക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു. ഒരു വ്യക്തിയെ സംബന്ധിച്ചിടത്തോളം സ്വതന്ത്രമായും സ്വാർത്ഥമായും സ്വന്തം നിലപാടുകളിലും ജീവിക്കാൻ ആഗ്രഹിക്കുക എന്നത് മനുഷ്യപ്രകൃതമാണ്. സമാധാനപൂർണ്ണമായ ജീവിതം ആഗ്രഹിക്കുക എന്നത് സ്വാഭാവികമാണ്. കലഹങ്ങളിൽ നിന്ന് വിട്ടുനിൽക്കാൻ അവർ ആഗ്രഹിക്കുന്നു. ശാന്തവും സുരക്ഷിതവുമായ സ്ഥലങ്ങളിൽ ജീവിക്കാൻ അവർ ഉദ്ദേശിക്കുന്നു. എല്ലാവരും അവരവരുടെ ഗ്രാമങ്ങളും പട്ടണങ്ങളും നഗരങ്ങളും പരസ്പരം ഐക്യത്തിലും സുരക്ഷിതത്വത്തിലും നിലനിൽക്കാൻ ആഗ്രഹിക്കുന്നു. എല്ലാവർക്കും അവരവരുടെ രാജ്യം ശാന്തിയിലും സമാധാനത്തിലും അതുപോലെ ജീവിതം സുരക്ഷിതമാക്കുന്ന എല്ലാ വസ്തുവകകളാൽ സജ്ജമാകാനും ആഗ്രഹിക്കുന്നു. ആത്യന്തികമായി ലോകം മുഴുവൻ ശാശ്വത സമാധാനത്തിലായിരിക്കുവാൻ ജനങ്ങൾ അതിയായി ആഗ്രഹിക്കുന്നു. എന്നാൽ സമാധാനത്തിനോടുള്ള ഈ അടങ്ങാത്ത ആഗ്രഹം നിലനിൽക്കുന്നതായിട്ട് കൂടി, അസമാധാനവും അതിക്രമവും ആക്രമണങ്ങളും ലോകത്തിന്റെ എല്ലാ ഭാഗത്തും വ്യാപിച്ചിരിക്കുന്നു. ഉദാഹരണമായി പല രാജ്യങ്ങൾ തമ്മിലും ആഭ്യന്തരയുദ്ധം നടന്നുകൊണ്ടിരിക്കുന്നു. ചില വിഭാഗങ്ങൾ തമ്മിൽ പരസ്പരം കലഹിക്കുകയോ രാജ്യത്തിനെതിരെ തിരിയുകയോ ചെയ്യുന്നു. ചില രാജ്യങ്ങളിൽ അവിടുത്തെ പ്രവിശ്യകളിലെയും ഗോത്രങ്ങളിലേയും ജനങ്ങൾ തമ്മിലുള്ള പ്രശ്നങ്ങൾ അവിടുത്തെ സഹകരണവും ആതിഥേയ രാജ്യത്തിന്റെ ഔദാര്യവും നഷ്ടപ്പെടുത്തിക്കൊണ്ടിരിക്കുന്നു. അതിലുപരിയായി പല രാജ്യങ്ങളിൽ കുടിയേറ്റം വർദ്ധിക്കുകയും അതുകാരണമായി കുടിയേറ്റക്കാരും അവിടുത്തെ പൗരന്മാരും തമ്മിലുള്ള പിരിമുറുക്കവും അസ്വാരസ്യവും വർദ്ധിച്ചു കൊണ്ടി

രിക്കുകയും ചെയ്യുന്നു.

മുറിവേറ്റ സമൂഹങ്ങളാകട്ടെ മുമ്പത്തേക്കാളും ധ്രുവീകരിക്കപ്പെടുകയും പിരിമുറുക്കവും ഭീഷണിയും കാരണം ഏത് സമയവും അക്രമാസക്തരാകാം എന്ന അവസ്ഥയിലുമാണുള്ളത്. സാർവ്വദേശീയമായി നോക്കുകയാണെങ്കിൽ പല രാജ്യങ്ങളും തമ്മിൽ ഭരണം കരസ്ഥമാക്കാൻ പരസ്പരം മത്സരിച്ചുകൊണ്ടിരിക്കുന്നു. സാമ്പത്തികമായും രാഷ്ട്രീയമായും നേട്ടങ്ങൾ കയ്യാളുന്നതിന് വേണ്ടി അവരെല്ലാവരും ജനങ്ങളുടെ വിശ്വാസ ആദർശങ്ങളെ തങ്ങളുടെ ആഗ്രഹങ്ങൾക്ക് മുമ്പിൽ അടിയറവ് വെക്കാൻ പറയുന്നു എന്നതും അക്രമങ്ങൾക്ക് കാരണമാകുന്നു. ഉദാഹരണമായി സാമ്പത്തിക പ്രതിസന്ധികളും മഹായുദ്ധങ്ങളും രാഷ്ട്രങ്ങൾ തമ്മിലുള്ള അതിക്രമം വർദ്ധിക്കുന്നതിനും പരസ്പരം ശത്രുത പുലർത്തുന്നതിനും കാരണമായിരിക്കുന്നു. ലോകം രക്തചൊരിച്ചിലും അതിക്രമവും കാരണത്താൽ യുദ്ധഭീതിയിലാണ്. എന്തെന്നാൽ രാജ്യങ്ങളെ തന്നെ ഇല്ലാതാക്കാൻ കെൽപ്പുള്ള, വരും തലമുറകളുടെ ഭാവി തന്നെ അവതാളത്തിൽ ആയേക്കാവുന്ന അതിഭയാനകമായ വിസ്ഫോടനം സാധ്യമാകുന്ന മാരകമായ ആയുധങ്ങളാണ് ഇന്ന് യുദ്ധങ്ങളിൽ ഉപയോഗിച്ചുകൊണ്ടിരിക്കുന്നത്. വ്യക്തമായ അനീതിയും ക്രൂരതയും മൂലം സ്വത്തിനും അധികാരത്തിനും വേണ്ടിയുള്ള സ്വാർത്ഥത കാരണത്താൽ മന:പൂർവ്വം ഇന്നത്തെ യുവതലമുറകളുടെ നേട്ടങ്ങളെ നിഷ്ഠൂരമായ നിലയിൽ നശിപ്പിക്കുകയാണ് ചെയ്യുന്നത്.

വളരെ നിരാശാജനകമായ എന്നാൽ വ്യക്തമായ കാര്യമെന്ന് പറയുന്നത്, ഏത് നിമിഷവും ഒരു ആഗോള ദുരന്തത്തിലേക്ക് ഈ ലോകം നീങ്ങിക്കൊണ്ടിരിക്കുന്നു എന്ന വസ്തുതക്ക് നാം സാക്ഷിയായിക്കൊണ്ടിരിക്കുന്നു എന്നതാണ്. അതിന്റെ അനന്തരഫലമാകട്ടെ നമ്മൾ ചിന്തിക്കുന്നതിനേക്കാൾ ഭയാനകമാണ്. ചുരുക്കിപറഞ്ഞാൽ, ലോകത്തിന്റെ ഏതെങ്കിലും ഒരു ഭാഗത്തെ സുരക്ഷിതവും ദുരന്തങ്ങളിൽ നിന്ന് സ്വതന്ത്രവുമെന്ന് വേർതിരിച്ച് മനസ്സിലാക്കുക പ്രയാസമാണ്. ഇടക്കിടെ ചില ആഗോള ശക്തികൾ അവരുടെ കഴിവും സമ്പത്തും മറ്റു ചെറുകിട രാജ്യങ്ങളെ തങ്ങളുടെ അഗ്രഹങ്ങൾക്ക് വിധേയമാക്കാൻ ഉപയോഗപ്പെടുത്തുന്നു. മാത്രമല്ല ചില ചെറുകിട രാജ്യങ്ങൾ അവരുടെ പ്രാദേശിക ആധിപത്യം സ്ഥാപിക്കുന്നതിനായി വൻശക്തികളെ കൂട്ടുപിടിച്ച് തങ്ങളുടെ അയൽ രാജ്യങ്ങളോട് അനീതി പ്രവർത്തിക്കുന്നു. ഇതിനോടൊപ്പം വർഗ്ഗീയവാദ സംഘടനകളാകട്ടെ തങ്ങളുടെ പാശ്ചാത്യ താൽപര്യം സംരക്ഷിക്കുന്നതിനായി അക്രമവും രക്തച്ചൊരിച്ചിലും തുടർന്നുകൊണ്ടിരിക്കുന്നു. ചില മതസംഘടനകൾ എന്ന് പറയപ്പെടുന്നവർ ത്രീവ്രവാദത്തെ ന്യായീകരിക്കാൻ മതങ്ങളെ കൂട്ടുപിടിക്കുന്നു, എന്നാൽ അവരുടെ യഥാർത്ഥ ഉദ്ദേശമെന്ന് പറയുന്നത് പണവും അധികാരവും കരസ്ഥമാക്കുക എന്നതാണ്.

അഗാധവും അശുഭകരവുമായ നാശമാണ് തീവ്രവലതുപക്ഷം ശാന്തവും സുന്ദരവുമായ യുറോപ്പിലും അതുപോലെ മറ്റു രാജ്യങ്ങളിലും വരുത്തിക്കൊണ്ടിരിക്കുന്നത്. മുതിർന്ന വലതുപക്ഷ അംഗങ്ങൾ ദേശീയതക്ക് വേണ്ടി വാദിച്ചുകൊണ്ട് ആധുനിക കാലഘട്ടത്തിലെ നാനാവർണ്ണ സംസ്കാരത്തിനും നാനാത്വ സമൂഹത്തിനും അന്ത്യം കുറിക്കാൻ ശ്രമിക്കുന്നു, എന്ന് മാത്രമല്ല അവരുടെ മുൻവിധിയോട് കൂടിയ പിന്തിരിപ്പൻ ആശയങ്ങളെ സമൂഹത്തിൽ അടിച്ചേൽപ്പിക്കാൻ ശ്രമിക്കുകയും ചെയ്യുന്നു. തങ്ങളുടെ രാഷ്ട്രതത്ത്വം സംരക്ഷിക്കുന്നതിനായി ഈ അക്ഷമരായ കൂട്ടം ബോധപൂർവ്വം ഉന്നം വെക്കുന്നത് കുടിയേറ്റക്കാരെയാണ്. അവരിലാകട്ടെ ദശകങ്ങളായി സമാധാനപൂർവ്വം തങ്ങളെ ദത്തെടുത്ത രാജ്യത്ത് ജീവിക്കുകയും രാജ്യത്തിന്റെ പുരോഗതിക്കായി ഒരു മാതൃക പൗരനായി പ്രവർത്തിച്ചവരും ഉൾപ്പെടുന്നു. അതോടൊപ്പം, ചില രാജ്യങ്ങളും അവിടുത്തെ സംഘടനകളും മറ്റുള്ളവരുടെ മേൽ തങ്ങളുടെ സ്വാർത്ഥതാൽപര്യങ്ങളെ സംരക്ഷിക്കാൻ യാതൊരു ഭയവുമില്ലാതെ സാമാന്യ നീതിതത്വങ്ങളെ പോലും പൂർണ്ണമായും അവഗണിക്കുകയും ലോകത്തിന്റെ സാമ്പത്തിക വിപണിയേയും വ്യവസായ തൽപരതയേയും നിയന്ത്രിക്കാൻ യാതൊരു ശ്രമവും നടത്താതിരിക്കുകയും ചെയ്യുന്നു. ചുരുക്കത്തിൽ, ഞാൻ നേരത്തെ പറഞ്ഞത് പ്രകാരം ലോകം മുഴുവൻ സംഘർഷം വ്യാപിച്ചിരിക്കുകയും സമൂഹത്തിന്റെ നാനാ കോണുകളിലും അത് പ്രകടമാവുകയും ചെയ്യുന്നു. അപ്രകാരം സമാധാനം വ്യാപിക്കുക എന്ന അതിയായ ആഗ്രഹം നമ്മളിൽ ഉണ്ടായിട്ടും നമ്മൾ കാണുന്നത് അതിന്റെ നേർവിപരീത അവസ്ഥയാണ്.

ലോകത്തിന്റെ ഈ അവസ്ഥയെ കുറിച്ചുള്ള എന്റെ ആശങ്കകൾ ഞാൻ വർഷങ്ങളായി പങ്കുവെക്കുന്നു. ഇപ്പോൾ മറ്റു ചിലരും ആഗോളതലത്തിലുള്ള അസമാധനത്തിന് എതിരേയും അരക്ഷിതാവസ്ഥയ്ക്ക് എതിരെയും തങ്ങളുടെ ശബ്ദങ്ങൾ ഉയർത്തി തുടങ്ങിയിരിക്കുന്നു. ആയതിനാൽ ഞാൻ ഇപ്പോൾ ഏതാനും ഭൗമരാഷ്ട്ര വിദഗ്ധരും, രാഷ്ട്രീയക്കാരും, നിരീക്ഷകരും നടത്തിയ ചില പ്രസ്താവനകൾ ഇവിടെ പരാമർശിക്കാം, അവർ ലോകസമാധാനത്തിനും സുരക്ഷിതത്വത്തിനും വേണ്ടി തങ്ങളുടെ ആശങ്കകൾ പരസ്യമായി പങ്കുവെക്കുകയും അടിയന്തര നടപടി സ്വീകരിക്കാൻ തയ്യാറാകണമെന്ന് ലോകരാഷ്ട്രങ്ങളോട് ആവശ്യപ്പെടുകയും ചെയ്യുന്നു.

ഉദാഹരണമായി ന്യൂയോർക്ക് ടൈംസിൽ സമീപകാലത്ത് വന്ന ഒരു ലേഖനത്തിൽ ഐക്യരാഷ്ട്ര സഭയിലെ ഫ്രഞ്ച് പ്രതിനിധിയായ ഫ്രാൻഗോയിസ് ഡെലാട്രെ എഴുതുന്നു, കഴിഞ്ഞ അഞ്ചുവർഷമായി ഐക്യരാഷ്ട്രസഭ സുരക്ഷാ സമിതിയിലെ എന്റെ അനുഭവം എന്നെ കഠിനമായ ഒരു സത്യം തിരിച്ചറിയാൻ പ്രേരിപ്പിച്ചു; ലോകം കൂടുതൽ അപകടകരവും ദിനം പ്രതി പ്രവചനാതീതവുമാണ്. ടെക്റ്റോണിക്ക് പ്ലേറ്റുകളുടെ ശക്തി നമ്മളുടെ കാലിനടിയിലേക്ക് ചെറുതൊന്നുമല്ലാത്ത നിലയിൽ മാറിക്കൊണ്ടിരിക്കുമ്പോൾ, സാങ്കേതിക വിപ്ലവത്തിന്റേയും ചൈനയുടെ വളർച്ചയുടേയും സംയോജിത ഫലമായി, വൻ ശക്തികൾ തമ്മിലുള്ള വർദ്ധിച്ചുവരുന്ന മത്സരത്തിന് ഞങ്ങൾ വീണ്ടും സാക്ഷിയായിക്കൊണ്ടിരിക്കുകയാണ്. നമ്മളുടെ ലോകം ഇപ്പോൾ ഒരു പുതിയ ക്രമക്കേടിലാണുള്ളത്.

ലോകത്തിന്റെ ഭദ്രത നിലനിർത്തുന്നതിനും പുരോഗമനാത്മകമായ ഒരു നവലോകക്രമം കെട്ടിപ്പടുക്കുന്നതിനും ആവശ്യാർത്ഥം തങ്ങൾ പ്രവർത്തിക്കുന്നുണ്ടെന്ന് ലോകത്തെ പ്രമുഖ ശക്തികൾ അവകാശപ്പെടുന്നുണ്ട്. എന്നാൽ, അന്താരാഷ്ട്ര ബന്ധങ്ങളുടേയും രാഷ്ട്രീയത്തിന്റെയും ഉള്ളറകൾ കണ്ടറിഞ്ഞിട്ടുള്ള ഒരു മുതിർന്ന പാശ്ചാത്യ നയതന്ത്രജ്ഞൻ, ഈ പ്രമുഖ രാഷ്ട്രങ്ങൾ എല്ലാം തന്നെ ലോകത്തെ ഒരു പുതിയ വൈകല്യങ്ങളിലേക്കാണ് നയിച്ചുകൊണ്ടിരിക്കുന്നത് എന്ന് പരസ്യമായി തുറന്ന് സമ്മതിക്കുന്നു. ആ ഫ്രഞ്ച് പ്രതിനിധി തുടർന്ന് പ്രസ്താവിക്കുന്നു, ഓരോ ഗുരുതരമായ അന്താരാഷ്ട്ര പ്രതിസന്ധികൾക്കും അനിയന്ത്രിതമാം വിധം പൊട്ടിത്തെറിക്കാനുള്ള തീവ്രതയുണ്ട്. സിറിയയിൽ സംഭവിച്ചത് നാം കണ്ടതാണ്. ഇറാനും ഉത്തര കൊറിയക്കും തെക്കൻ ചൈനക്കും ഇടയിൽ അത് സംഭവിക്കാതിരിക്കാൻ നാം അത് തടയേണ്ടതുമാണ്.

സിറിയയും ഇറാനും മുസ്ലിം രാജ്യങ്ങളാണെന്നത് വാസ്തവമാണ്. എന്നാൽ ഉത്തരകൊറിയക്കോ തെക്കൻ ചൈനയിലെ കടൽ പ്രതിസന്ധിയുമായി ബന്ധപ്പെട്ട രാജ്യങ്ങൾക്കോ ഇസ്ലാമുമായി യാതൊരു ബന്ധവുമില്ല. അതുകൊണ്ട് തന്നെ സാധാരണ പറയാറുള്ളത് പോലെ ലോകത്തിന്റെ ഈ വൈകല്യങ്ങൾക്ക് കാരണം മുസ്ലിംകളോ ഇസ്ലാമിക രാഷ്ട്രങ്ങളോ മാത്രമാണെന്ന് പറയുവാൻ സാധ്യമല്ല. മുകളിൽ പ്രസ്താവിക്കപ്പെട്ട ലേഖനത്തിൽ ഫ്രഞ്ച് അംബാസിഡർ, ലോകത്ത് സമാധാനം പരിപാലിക്കുന്നതിൽ യൂറോപ്പ് വഹിക്കേണ്ടുന്ന അതിപ്രധാനമായ പങ്കിനെ കുറിച്ചും വിവരിക്കുന്നുണ്ട്. ഈ മൾട്ടിപോളാർ ലോകത്തിലെ കേന്ദ്രങ്ങളിലൊന്നായി പ്രവർത്തിക്കാനുള്ള ചരിത്രപരമായ ഉത്തരവാദിത്വവും സ്വാധീനവും യൂറോപ്പിന് ഉണ്ടെന്നാണ് എന്റെ ആഴത്തിലുള്ള ബോധ്യം. ലോകത്തിന്റെ വഴികാട്ടിയായും, മാർഗരേഖയായും, സമതുലിത ശക്തിയായും പ്രവർത്തിക്കേണ്ടത് യുറോപ്പിന്റെ ഉത്തരവാദിത്വമാണ്. കുറച്ച് നാളുകൾക്ക് മുമ്പ് ഞാൻ ഒരു ജർമ്മൻ രാഷ്ട്രീയ നേതാവിനെ കാണുകയുണ്ടായി. അദ്ദേഹം ജർമ്മൻ ഗവൺമെന്റിന്റെ നേതൃത്വത്തിൽ സ്വദേശികളേയും കുടിയേറ്റക്കാരേയും പരസ്പരം ബന്ധിപ്പിക്കുന്ന ഒരു സംഘടനയുമായി പ്രവർത്തിച്ച് വരികയായിരുന്നു. ഞാൻ അദ്ദേഹത്തെ ഉപദേശിച്ചുകൊണ്ട് പറയുകയുണ്ടായി, നിലവിലെ പ്രശ്നം എന്നത് സ്വയം പരിഹരിക്കാൻ ജർമ്മനിയുടേതോ അല്ലെങ്കിൽ ഏതെങ്കിലും ഒരു പ്രത്യേക രാജ്യത്തിന്റേതോ ഒറ്റപ്പെട്ട പ്രശ്നമല്ല. ആത്യന്തികമായ സമാധാനമാണ് നിങ്ങൾ കരസ്ഥമാക്കാൻ ആഗ്രഹിക്കുന്നത് എങ്കിൽ യുറോപ്യൻ രാജ്യങ്ങൾ മുഴുവൻ ഐക്യത്തോടെയും ഒത്തൊരുമയോടേയും പ്രവർത്തിക്കേണ്ടത് അനിവാര്യമാണ്.

ക്ലിന്റന്റെ പ്രവർത്തന കാലത്ത് വൈറ്റ് ഹൗസിൽ മുതിർന്ന സാമ്പത്തിക വിദഗ്ദനായി പ്രവർത്തിച്ച പ്രൊഫസർ നൗറേൽ റുബിനി ഈ അടുത്തുകാലത്ത് അമേരിക്കൻ ഐക്യരാഷ്ട്ര സഭയും ചൈനയും തമ്മിലുള്ള ബന്ധത്തെ കുറിച്ച് ഒരു ലേഖനത്തിൽ എഴുതുന്നു, ഒരു ചൈന–അമേരിക്ക ശീതയുദ്ധത്തിന്റെ പ്രത്യാഘാതങ്ങൾ എന്ന് പറയുന്നത് യു.എസും സോവിയറ്റ് യൂണിയനും തമ്മിലുണ്ടായിരുന്ന ശീതയുദ്ധത്തേക്കാൾ കഠിനമായിരിക്കും. അദ്ദേഹം തുടർന്ന് പറയുന്നു, ഒരു സമ്പൂർണ്ണ ശീതയുദ്ധം ആഗോളവത്കരണത്തിന്റെ പുതിയ ഘട്ടത്തിന് കാരണമാകും. അല്ലെങ്കിൽ ആഗോള സമ്പദ് വ്യവസ്ഥയെ ഒരിക്കലും പൊരുത്തപ്പെടാൻ സാധ്യമല്ലാത്ത രണ്ട് സാമ്പത്തിക വിഭാഗമായി വിഭജിക്കും. രണ്ട് സാഹചര്യങ്ങളിലും, ചരക്കുകൾ, സേവനങ്ങൾ, മൂലധനങ്ങൾ, തൊഴിൽ, സാങ്കേതികവിദ്യ എന്നിവയിലെ വ്യാപാരം കർശനമായി നിയന്ത്രിക്കപ്പെടും. ഈ ലേഖനം ലോകത്തെ വൻ ശക്തികൾ തമ്മിലുള്ള വ്യാവസായികവും സാമ്പത്തികവുമായ യുദ്ധങ്ങൾ വരുത്താവുന്ന ഹാനികരമായ പ്രത്യാഘാതങ്ങളെ കുറിച്ച് ചില ഉൾകാഴ്ചകൾ നൽകുന്നു. കുറച്ച് നാളുകൾക്ക് മുമ്പ് ചൈനയും അമേരിക്കയും തമ്മിൽ ഒരു ഉടമ്പടി ഉണ്ടായിരുന്നെങ്കിലും അത് എത്രകാലം ഫലവത്താകുമെന്ന് നമുക്ക് കാണാം. എന്നാൽ അത്തരം വ്യാവസായിക യുദ്ധങ്ങൾ അശ്രദ്ധയും യുക്തി രാഹിത്യവുമാണ്. എന്റെ ഏറ്റവും വലിയ ഭയം ഇപ്പോഴും നിലനിൽക്കുന്നത് ആണവയുദ്ധത്തിന്റെ സാധ്യതയെ കുറിച്ചാണ്. അത്തരം യുദ്ധങ്ങൾ ഉണ്ടാക്കുന്ന ഹൃദയഭേദകമായ പ്രത്യാഘാതങ്ങൾ ചിന്തിക്കാൻ പോലും സാധ്യമല്ലാത്തതും തലമുറകളോളം നിലനിൽക്കുന്നതുമാണ്. മറ്റു വ്യക്തികളും ഇതിലെ അപകടസാധ്യതകളെ കുറിച്ച് കൂടുതലായി സംസാരിച്ചുകൊണ്ടിരിക്കുന്നു.

ജോർജ് യുണിവേഴ്സിറ്റിയിൽ സേവനം അനുഷ്ഠിക്കുന്ന സാമ്പത്തിക വിദഗ്ധനായ പ്രൊഫസർ ടൈലർ കോവിൻ ബ്ലൂംബർഗിന് വേണ്ടി എഴുതിയ തന്റെ ലേഖനത്തിൽ പറയുന്നു, ഇന്നത്തെ യുവതലമുറ ആണവയുദ്ധത്തെ കുറിച്ച് കൂടുതൽ പരിഭ്രാന്തരല്ലാ എന്നത് ഒരു ശ്രദ്ധേയമായ വസ്തുതയാണ്. കാലാവസ്ഥ വ്യതിയാനത്തെ കുറിച്ച് കൂടുതൽ ഉത്കണ്ഠാകുലരാണ്, അവർ ആണവയുദ്ധം ഭൂതകാലത്തിന്റെ ഭീതിയായാണ് കാണുന്നത്. തുടർന്ന് പറയുന്നു, ഇതിന് വിപരീതമായി ആണവയുദ്ധത്തിന്റെ അപകട സാധ്യത ലോകത്തിലെ പ്രഥമ പ്രശ്നമായി തുടരുമെന്ന് ഞാൻ കരുതുന്നു. ഇനിയിപ്പോൾ ആ അപകടം ഏതെങ്കിലും പ്രത്യേക ദിവസം മാത്രമായി സമ്മർദം ചെലുത്തുമെന്ന് തോന്നുന്നില്ല. അദ്ദേഹം തുടർന്നും പറയുന്നു, ചില ചെറുകിട രാജ്യങ്ങളും ആണവായുധങ്ങൾ കരസ്ഥമാക്കിയിട്ടുണ്ട്, മറ്റു രാഷ്ട്രങ്ങൾ അത് കരസ്ഥമാക്കാൻ ശ്രമിക്കുന്നു. അതുകൊണ്ട് തന്നെ ആണവയുദ്ധത്തിന്റെ അപകട സാധ്യത വർദ്ധിച്ചുകൊണ്ടിരിക്കുന്നു. അദ്ദേഹം പറയുന്നു, ഒരു രാഷ്ട്രത്തിന്റെ പക്കലുള്ള ആണവ സ്രോതസ്സ് തന്നെ ധാരാളമാണ്, ഒരു ന്യൂക്ലിയർ മിസൈൽ തന്നെ ലോകത്തിന്റെ ഗതി മാറ്റാൻ പ്രാപ്തമാണ്.

ഡൗഷ്വേലെ ഈ അടുത്തു കാലത്ത് നടത്തിയ സർവ്വേയിൽ കാണുന്നത്, കാലാവസ്ഥ വ്യതിയാനത്തെ കുറിച്ചാണ് ജർമ്മൻ ജനത കൂടുതൽ വ്യാകുലപ്പെടുന്നത് എന്നാണ്.വ്യക്തിപരമായി ഞാൻ ആ വൈകാരികതയെ അംഗീകരിക്കുന്നു, എന്നാൽ മേൽ പ്രസ്താവിക്കപ്പെട്ടത് പ്രകാരം, യുദ്ധത്തിന്റെ സാധ്യത പ്രത്യേകിച്ച് ആണവയുദ്ധത്തെ കുറിച്ചുള്ള ഭീതിയാണ് നമ്മുടെ കാലഘട്ടത്തിലെ ഏറ്റവും പ്രാധാന്യമർഹിക്കുന്ന വിഷയം. ജർമ്മനിയുടെ മുമ്പത്തെ വിദേശ കാര്യമന്ത്രിയായിരുന്ന സിഗ്മാർ ഗബ്രിയേലും ആണവായുധങ്ങളുടെ അനിയന്ത്രിതമായ വർദ്ധനവിൽ ഉണ്ടാകുന്ന അദ്ദേഹത്തിന്റെ വ്യാകുലതകൾ പ്രകടിപ്പിക്കുകയുണ്ടായി. അദ്ദേഹം പ്രസ്താവിക്കുകയാണ്, അമേരിക്കൻ ഐക്യനാടും, റഷ്യയും, ചൈനയും ഇപ്പോൾ പുതിയ ആണവായുധ കച്ചവടത്തിൽ ഏർപ്പെട്ടിരിക്കുന്നു, അതായത് ആണവ മിസൈലുകൾ അമേരിക്കയും റഷ്യയും കൂടി യുറോപ്പിൽ സ്ഥാപിക്കുക എന്നതാണത്. അത്തരം രംഗം സംജാതമായാൽ അത് ആണവമേധാവിത്വത്തിന്റെ ഭാഗമായി യൂറോപ്പിനെ കൂടുതൽ നാശത്തിലേക്ക് നയിക്കുന്നതാണ്. കൂടാതെ അമേരിക്കയും ഇറാനും തമ്മിലുള്ള പ്രശ്നവും അവർ തമ്മിൽ ഒരു യുദ്ധത്തിലേക്ക് നീങ്ങാൻ സാധ്യത വളരെ കൂടുതലാണ്. ആർക്കും തന്നെ അവർ തമ്മിലുള്ള യുദ്ധത്തെ മതപരമായ യുദ്ധമായി പ്രസ്താവിക്കുക ഒരിക്കലും സാധ്യമല്ല. അത് തീർച്ചയായും നിരുത്തരവാദിത്വപരവും അനാവശ്യവുമായ നിലപാടുകളുടെ ഭാഗമായി പതിനായിരങ്ങളുടെ ജീവനെ അപകടത്തിലാക്കുകയാണ് ചെയ്യുന്നത്.

ചില നിരീക്ഷകർ കണക്കാക്കുന്നത് അമേരിക്കയും ഇറാനും തമ്മിലുള്ള യുദ്ധം സംജാതമായാൽ, അതിന്റെ പ്രത്യാഘാതങ്ങൾ കേവലം ആ രണ്ട് രാജ്യങ്ങളിൽ മാത്രം ഒതുങ്ങുന്നതല്ല, മറിച്ച് കൂടുതൽ മേഖലകളിലേക്ക് അത് വ്യാപിക്കും എന്നാണ്. തീർച്ചയായും അത്തരം യുദ്ധങ്ങൾ ജർമ്മനി അടക്കമുള്ള യുറോപ്യൻ രാജ്യങ്ങളെ സാരമായി ബാധിക്കുന്നതാണ്. ആയതിനാൽ ജർമ്മൻ ഗവൺമെന്റും മറ്റ് യൂറോപ്യൻ രാജ്യങ്ങളും അത്തരം യുദ്ധങ്ങൾ തടയാൻ മുൻകൈ എടുക്കേണ്ടതാണ്. കഴിഞ്ഞ ദശകങ്ങളായുള്ള ആഗോള സാമ്പത്തിക പ്രതിസന്ധി കണക്കിലെടുത്ത് യൂറോപ്യൻ രാജ്യങ്ങൾ അവരുടെ ദേശീയ സാമ്പത്തിക നിലയോ അല്ലെങ്കിൽ അവരുടെ മുതലാളിത്ത സാമ്പത്തിക വ്യവസ്ഥയോ സുരക്ഷിതമാണെന്ന് ധരിക്കേണ്ടതില്ല. പാശ്ചാത്യ നിരീക്ഷകരും സാമ്പത്തിക വിദഗ്ധരും അവരുടെ സാമ്പത്തിക നില തകർച്ചയിലാണെന്ന് അംഗീകരിക്കുന്നു. ഉദാഹരണത്തിനായി, ഒരു സാമ്പത്തിക മാസികയിൽ വന്ന ലേഖനത്തിൽ പ്രസിദ്ധ സാമ്പത്തിക വിദഗ്ധനായ കേരൻസ് എഴുതുന്നു, നമ്മൾ എല്ലാ ആനുകൂല്യങ്ങളും പറ്റിയത് മുതലാളിത്ത സാമ്പത്തിക വ്യവസ്ഥയിൽ നിന്നാണെങ്കിൽ കൂടിയും ഇപ്പോൾ അത് പൊളിച്ചെഴുതേണ്ടിയിരിക്കുന്നു. കേവലം ലാഭത്തിൽ അധിഷ്ഠിതമല്ലാതെ സാമൂഹിക പ്രതിബദ്ധത കൂടി കണക്കിലെടുക്കേണ്ടതാണ്. ആയതിനാൽ മുതലാളിത്ത വ്യവസ്ഥയുടെ പദവി ക്രമേണ നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്നു. അതിൽ അപാകതകളും അനീതിയും അടങ്ങിയിട്ടുണ്ടെന്ന് ജനങ്ങൾ മനസ്സിലാക്കി തുടങ്ങിയിരിക്കുന്നു. അതുകൊണ്ട് തന്നെ യുറോപ്യൻ രാജ്യങ്ങളും മറ്റു സാമ്പത്തിക ശക്തികളും അവരുടെ സാമ്പത്തിക വ്യവസ്ഥ എന്നെന്നും നിലനിൽക്കുമെന്ന് പ്രത്യാശിക്കേണ്ടതില്ല. പകരം അവർ പ്രവർത്തിക്കേണ്ടത് ലോക സാമ്പത്തിക വ്യവസ്ഥയിൽ നിർഭയവും നീതിയും ഉറപ്പുവരുത്താനാണ്. യൂറോപ്പിലെ അനിശ്ചിതത്വത്തിന് ആക്കം കൂട്ടുന്ന മറ്റൊരു പ്രശ്നം ബ്രെക്സിറ്റും (അതായത് യുറോപ്യൻ യൂണിയനിൽ നിന്നുള്ള ബ്രിട്ടന്റെ പിൻമാറ്റം) അതിന്റെ സാധ്യതകളുമാണ്.

ഈ അടുത്തകാലത്ത് ബ്രക്സിറ്റ് സൃഷ്ടിച്ച പ്രതിസന്ധി യുറോപ്യൻ ഐക്യനാടുകളിൽ സംഭവിക്കുന്ന ദോഷകരമായ ഫലങ്ങളെ കുറിച്ച് ഒരു പഠനം നടക്കുകയുണ്ടായി, പഠനത്തിൽ പറഞ്ഞിരിക്കുന്നത് ജർമനിയെ അത് പ്രത്യേകം ബാധിച്ചിരിക്കുന്നു എന്നാണ്. ജർമനിയുടെ വിവരസാങ്കേതിക വിദ്യയെ വരെ അത് തകർക്കാൻ സാധ്യതയുണ്ടെന്നും

ജർമനിയിൽ മാത്രമായി ലക്ഷക്കണക്കിന് ആളുകളുടെ ജോലി നഷ്ടപ്പെടാൻ വരെ സാധ്യതയുണ്ടെന്നാണ് പഠനത്തിൽ പറഞ്ഞിരിക്കുന്നത്. മറ്റൊരു പ്രശ്നം ഈയൊരു നിരാശക്ക് കാരണമായി പറയുന്നത്, അതും ജർമ്മനിയിൽ മാത്രമല്ല, ലോകത്തിന്റെ പല ഭാഗത്തും ഇന്ന് കണ്ടെത്തിയിരിക്കുന്നത് കുടിയേറ്റമാണ്. ഇത്തരം വിവാദപരമായ പ്രശ്നം നിലനിക്കുന്നുണ്ട് എങ്കിലും യാഥാർത്ഥ്യം എന്താണെന്ന് വെച്ചാൽ കുടിയേറ്റം എന്നത് സാമ്പത്തിക ഭദ്രതയുടെ ഒഴിച്ചുകൂടാനാകാത്ത ഒരു വസ്തുതയാണ്. ഉദാഹരണത്തിന് ഈ അടുത്തകാലത്ത് വേൾഡ്സ്പാൻ ഫൗണ്ടേഷൻ നടത്തിയ പഠനത്തിൽ പറഞ്ഞിരിക്കുന്നത്, ജർമ്മനിയിലെ അടിസ്ഥാന തൊഴിൽ അവസരം നികത്താൻ 2,60,000 കുടിയേറ്റക്കാരെ വർഷത്തിൽ ആവശ്യമുണ്ട് എന്നാണ് റിപ്പോർട്ട്. മാത്രമല്ല 2060 ആകുമ്പഴേക്ക് ജർമനിയുടെനിലവിലെ തൊഴിൽ ശക്തി മൂന്നിലൊന്നായി കുറയുമെന്നാണ് പറയപ്പെടുന്നത്, അതായത് 1.6 കോടിയാണ് കണക്കാക്കപ്പെടുന്നത്.

ആയതിനാൽ രാജ്യത്തിന്റെ എല്ലാ പ്രശ്നങ്ങൾക്കും കുടിയേറ്റക്കാരെ കുറ്റം പറയുക എന്നത് തീർത്തും അനീതിയാണ്. മാത്രമല്ല പല പാശ്ചാത്യ രാജ്യങ്ങളും കുടിയേറ്റമില്ലായെങ്കിൽ വലിയ പ്രതിസന്ധിയിലാണ് എന്നതാണ് വസ്തുത. എല്ലാ രാജ്യങ്ങളും പരസ്പരം ആശ്രിതരാണ് എന്നതാണ് യാഥാർത്ഥ്യം. നമ്മൾ ഇപ്പോൾ ജീവിക്കുന്നത് പരസ്പര സഹകരണം അനിവാര്യമായ ഒരു ആഗോള ലോകത്താണ്. പരസ്പരം മതിലുകൾ പണിയുന്നതിന് പകരം അല്ലെങ്കിൽ നമ്മളെ സ്വയം ഒറ്റപ്പെടുത്തുന്നതിന് പകരം, പല പശ്ചാത്തലത്തിലുമുള്ള ജനങ്ങളും രാജ്യങ്ങളും പൊതു നന്മയ്ക്കായി പരസ്പരം സഹകരിച്ച് പ്രവർത്തിക്കുക എന്നത് അനിവാര്യമാണ്. രാജ്യം പരസ്പരം സഹകരണത്തോടെയാണ് പ്രവർത്തിക്കുന്നത് എന്ന് ഉറപ്പ് വരുത്താൻ ഗവൺമെന്റ് കൃത്യമായ പദ്ധതികൾ തയ്യാറാക്കേണ്ടത് അനിവാര്യമാണ്. ഏറ്റവും അടിസ്ഥാന നിലയിൽ പോലും സംയോജിപ്പിക്കുന്നതിൽ കുടിയേറ്റക്കാർ സഹകരിക്കുന്നുണ്ട്. ദശകങ്ങളോളം പശ്ചിമേഷ്യൻ രാജ്യങ്ങൾ അസ്ഥിരാവസ്ഥയിൽ ആയിരുന്നു. എണ്ണമറ്റ സമാധാന പദ്ധതികൾ ഇസ്രായേൽ പലസ്തീൻ വിഷയത്തിൽ നടക്കുകയുണ്ടായി, ഒന്നും തന്നെ ഫലം കണ്ടില്ല. ഈയിടെയായി സമാധാന പദ്ധതികൾക്കായുള്ള തീവ്രമായ ശ്രമങ്ങൾ നടക്കുന്നു, അതും ഐക്യരാഷ്ട്ര സഭയുടെ നേതൃത്വത്തിലാണെന്ന് പറയുന്നു, എങ്കിലും പ്രയോജനമില്ല. അത് പ്രവർത്തനത്തിൽ കൊണ്ടുവരുന്നതിന് മുമ്പ് തന്നെ പലരും പറഞ്ഞിരുന്നു, അത് അനീതിയിൽ അധിഷ്ഠിതമായ പദ്ധതിയാണ്, അതുകൊണ്ട് തന്നെ ഫലം കാണില്ലായെന്ന്.

സത്യത്തിൽ ഐക്യരാഷ്ട്ര സഭയുടെ ഫ്രഞ്ച് അംബാസിഡർ ആയി വിരമിക്കാനിരിക്കുന്ന ജറാർഡ് അറൗഡ് പ്രസ്താവിക്കുകയുണ്ടായി, ആ പദ്ധതികൾ ഏറെക്കുറേയും തീർച്ചയായും പരാജയമടയാനുള്ളതാണ്. ആയതിനാൽ ലോകത്തിന്റെ അവസ്ഥ എന്ന് പറയുന്നത് രാഷ്ട്രീയ നേതാക്കന്മാരുടെ ഏകപക്ഷീയമായ നിലപാടുകൾ കാരണവും, ഗവൺമെന്റുകളുടെ സ്വാർത്ഥവും ദേശീയവുമായ താൽപര്യങ്ങൾ കാരണവും വലിയ അപകടത്തിലാണുള്ളത്. അത്തരം അനീതികൾക്ക് ഒരിക്കലും തന്നെ ലോകത്തെ ശാന്തിയിലേക്കും സമാധാനത്തിലേക്കും നയിക്കാൻ സാധ്യമല്ല.

ഞാൻ ഇവിടെ കേൾപ്പിച്ച പ്രസ്താവനകളും പഠനങ്ങളും വ്യക്തമാക്കുന്നത്, ലോകത്ത് ഇന്ന് നിലനിൽക്കുന്ന അസാമാധാനത്തിന് കാരണം ഏതെങ്കിലും ഒരു മതമാണെന്ന് നമുക്ക് പറയുക സാധ്യമല്ല എന്നാണ്, അതിപ്പോൾ ഇസ്ലാം ആയാലും മറ്റു മതങ്ങളായാലും ശരി. സാമൂഹികവും, ഭൂമിശാസ്ത്രപരവും സാമ്പത്തികവുമായ പ്രശ്നങ്ങൾ എല്ലാം തന്നെ സമാധാനത്തിന്റെ അടിത്തറ ഇളക്കുന്നതിന് പ്രധാന പങ്കുവഹിക്കുന്നുണ്ട്.

ചരിത്രത്തിലെ ഏറ്റവും ശോചനീയമായ ഈ അവസ്ഥയിൽ ഞാൻ ഹൃദയാത്മനാ വിശ്വസിക്കുന്നത്, ഈ കാലഘട്ടത്തിലെ എല്ലാ വെല്ലുവിളികളേയും നേരിടാനുള്ള ഏക മാർഗം എന്ന് പറയുന്നത്, നമ്മളെ രക്ഷയിലേക്ക് നയിക്കാനുള്ള ഏക വഴി എന്ന് പറയുന്നത്, യുദ്ധവും സംഘർഷഭരിതവുമായ ഈ ലോകത്ത് നിന്ന് നമുക്കുള്ള ആശ്വാസമെന്ന് പറയുന്നത് ദൈവത്തിന്റെ പാതയാണ്. സമാധാനം എന്നത് സമ്പത്തിലും അധികാരത്തിലും കുടിയിരിക്കുന്ന ഒന്നല്ല. അത് ദൈവത്തിന്റെ മടിത്തട്ടിലാണ് നിലകൊള്ളുന്നത്. ആയതിനാൽ മനുഷ്യകുലം അവന്റെ സ്രഷ്ടാവിനെ തിരിച്ചറിയേണ്ടത് അനിവാര്യമാണ്. ദൈവം പ്രത്യാശിക്കുന്നത് അവന്റെ ഉത്തമ സൃഷ്ടിയായ മനുഷ്യകുലം ശാന്തിയിലും പരസ്പര സഹകരണത്തിലും ജീവിക്കണമെന്നാണ്.

സർവ്വാധിനാഥനായ അല്ലാഹു അവന്റെ പരിശുദ്ധ പ്രവാചകനായ മുഹമ്മദ് (സ)ക്ക് ഇറക്കിക്കൊടുത്തു എന്ന് ഞങ്ങൾ വിശ്വസിക്കുന്ന, ഇസ്ലാമിന്റെ പരിശുദ്ധവും പ്രഥമപ്രമാണവുമായ വി.ഖുർആൻ അത് അല്ലാഹുവിന്റെ അവസാനത്തെ ശരിഅത്ത് ഗ്രന്ഥമാണെന്നും വിധിനിർണ്ണയ നാൾ വരെ നിലനിൽക്കുമെന്നും ഞങ്ങൾ വിശ്വസിക്കുന്നു. ആ ഖുർആനിൽ സർവ്വശക്തനായ അല്ലാഹു പറയുന്നത്, ലോകത്ത് അസമത്വം വ്യാപിക്കുന്നതിന്റെ മൂലകാരണം എന്ന് പറയുന്നത്, മനുഷ്യരും അവന്റെ സ്രഷ്ടാവും തമ്മിലുള്ള അന്തരമാണെന്നാണ്. ലോകം നാശത്തിന്റെ വക്കിലെത്തുന്ന കാലത്ത് അല്ലാഹു അവന്റെ

അനന്തമായ കാരുണ്യ കടാക്ഷത്താൽ മതങ്ങളി മനുഷ്യത്വം തിരികെ കൊണ്ടുവരുന്നതിനായി അവന്റെ തിരഞ്ഞെടുക്കപ്പെട്ട പ്രതിനിധിയെ ഈ ലോകത്ത് അയക്കുന്നു. കഴിഞ്ഞ കാലഘട്ടങ്ങളിൽ ലോകത്തിന്റെ പല ഭാഗങ്ങളിലും മനുഷ്യരെ നേർമാർഗത്തിൽ നയിക്കാൻ പ്രവാചകന്മാർ അവതരിക്കുകയുണ്ടായി. തുടർന്ന് ഞങ്ങളുടെ വിശ്വാസമനുസരിച്ച്, ആത്യന്തികമായി സർവ്വാധിനാഥനായ അല്ലാഹു മുഴുലോകത്തിനും എന്നെന്നും നിലനിൽക്കുന്ന അധ്യാപനങ്ങളോടെ മനുഷ്യകുലത്തിന്റെ മുഴുവൻ ആത്മീയവും ഭൗതീകവുമായ പരിവർത്തനത്തിനായി പരിശുദ്ധ പ്രവാചകൻ മുഹമ്മദ് (സ)യെ അയക്കുകയുണ്ടായി. ഞാൻ സൂചിപ്പിച്ചത് പ്രകാരം ഞങ്ങൾ അഹ്മദി മുസ്ലിംകൾ വിശ്വസിക്കുന്നത്, ഈ കാലഘട്ടത്തിൽ സർവ്വാധിനാഥനായ അല്ലാഹു അഹ്മദിയ്യാ മുസ്ലിം ജമാഅത്തിന്റെ സ്ഥാപകരെ മനുഷ്യകുലത്തെ നേർമാർഗത്തിൽ നയിക്കുന്ന ഒരു പരിഷ്കർത്താവായിക്കൊണ്ടും, കാലങ്ങളായി ഇവിടുന്ന് തുടച്ചു നീക്കപ്പെട്ട ഇസ്ലാമിന്റെ യഥാർത്ഥ അധ്യാപനങ്ങളുടെ മേൽ വെളിച്ചം വീശുന്നതിനും അയച്ചിരിക്കുന്നു എന്നാണ്. ഇസ്ലാം എന്നത് ശാന്തിയുടേയും സമാധാനത്തിന്റെയും സാഹോദര്യത്തിന്റെയും സൗഹൃദത്തിന്റെയും മതമാണെന്ന് മുസ്ലിംകൾക്കും അമുസ്ലിംകൾക്കും ഒരുപോലെ കാണിക്കുന്നതിനായി അയക്കപ്പെട്ടതാണ് അദ്ദേഹം. മനുഷ്യത്വം നിലനിർത്തുന്നതിനും, സമാധാനത്തിൽ ജീവിക്കുന്നതിനും, എല്ലാവരും സ്രഷ്ടാവിനോടും സമസൃഷ്ടികളോടുമുള്ള കടമകൾ നിർവ്വഹിക്കുന്നതിനും വേണ്ടി ദൈവം ആഗ്രഹിക്കുന്നതും അതാണ്. വാഗ്ദത്തം ചെയ്യപ്പെട്ട ആ പരിഷ്കർത്താവ് ആവർത്തിച്ച് ആവർത്തിച്ച് പറഞ്ഞത്, സമസൃഷ്ടികളോടുള്ള കടമകൾ നിർവ്വഹിക്കാതെ മനുഷ്യർക്കും സ്രഷ്ടാവിനോടുള്ള കടമകൾ പൂർത്തിയാക്കാൻ സാധ്യമല്ല എന്നാണ്. വി.ഖുർആനും ഇതിലേക്ക് വെളിച്ചം വീശിക്കൊണ്ട് പറയുന്നത്, സമസൃഷ്ടികളോടുള്ള കടമകൾ നിർവ്വഹിക്കാത്തവന്റെ പ്രാർത്ഥനകളും ആരാധനകളും വ്യർത്ഥമാണെന്നും അത് അല്ലാഹു തിരസ്കരിക്കും എന്നുമാണ്. വാഗ്ദത്ത പരിഷ്കർത്താവ് (അ) മനുഷ്യകുലത്തെ ക്ഷണിച്ചുകൊണ്ട് പറഞ്ഞത്, യുദ്ധക്കെടുതിയിൽ നിന്നും അപകടങ്ങളിൽ നിന്നും രക്ഷ പ്രാപിക്കുന്നതിനായി സർവ്വാധിനാഥനായ അല്ലാഹുവിൽ അഭയം പ്രാപിക്കുക എന്നാണ്. മാത്രമല്ല സൃഷ്ടികൾ അവരുടെ സ്രഷ്ടാവിനെ തിരിച്ചറിയപ്പെടാതെ പരാജയമടഞ്ഞാൽ അത് വലിയ ആപത്താണെന്നും അദ്ദേഹം മനസ്സിലാക്കിയിരുന്നു. അദ്ദേഹം പറയുകയുണ്ടായി, യുറോപ്പോ, അമേരിക്കയോ അവരുടെ ധനവും സമ്പത്തും അധികാരവും ഒന്നും തന്നെ അവരെ നാശത്തിൽ നിന്ന് സംരക്ഷിക്കുകയില്ല. ഏഷ്യയോ, ആസ്ട്രേലിയയോ, ദ്വീപുകളോ ലോകത്തിന്റെ മറ്റു ഭാഗങ്ങൾ ഒന്നും തന്നെ രക്ഷയിലല്ല. രൈതിന്റെ വെളിച്ചത്തിന്റെ ഇതെന്റെ ഹൃദയത്തിൽ നിന്നുള്ള പ്രാർത്ഥനയാണ്, മനുഷ്യകുലം ഈ ഭൗതിക ലോകത്തിനും അതിന്റെ ആഢംഭരവുമാണ് എല്ലാം എന്ന് തെറ്റിദ്ധരിക്കാതെ, അവരുടെ സ്രഷ്ടാവിനെ തിരിച്ചറിയേണ്ടിയിരിക്കുന്നു, അതിലേക്ക് തിരിയുകയും ചെയ്യേണ്ടിയിരിക്കുന്നു. ലോകജനത അവരുടെ സ്രഷ്ടാവിനോടും സമസൃഷ്ടികളോടുമുള്ള കടമ മനസ്സിലാക്കുന്നതിന് വേണ്ടിയാണ് എന്റെ ശ്രമവും പ്രതീക്ഷയും പ്രാർത്ഥനയുമെല്ലാം. എങ്കിൽ മാത്രമേ ഈ ലോകം നാം എല്ലാവരും ആഗ്രഹിക്കുകയും പ്രതീക്ഷിക്കുകയും ചെയ്യുന്നത് പോലെ സ്വർഗ്ഗതുല്യമാവുകയുള്ളൂ.

ഞങ്ങളെ പിന്തുടർന്ന് വരും തലമുറകൾക്ക് മാതൃകായോഗ്യമായ ഒരു ജീവിത രീതി കാഴ്ചവെച്ചുകൊണ്ട് അവർക്ക് സമാധാനമായി ജീവിക്കുവാനുള്ള ചുറ്റുപാട് നമുക്ക് ഉണ്ടാക്കിക്കൊടുക്കാൻ സാധിക്കണമെന്ന് ഞാൻ പ്രത്യാശിക്കുന്നു. സമ്പൽസമൃദ്ധികൾക്ക് തടസ്സം നിന്നുകൊണ്ട് വെറുപ്പും വിദ്വേഷവും വളർത്തുന്ന നിലയിൽ ആകാതിരിക്കുമാറാകട്ടെ. ഞങ്ങളെയെല്ലാം വലയം ചെയ്തിരിക്കുന്ന ശത്രുതയുടെ ഇരുണ്ട മേഘങ്ങൾ നീക്കം ചെയ്തുകൊണ്ട് ലോകത്തിന്റെ എല്ലാ ഭാഗത്തും ശാന്തിയുടേയും സമൃദ്ധിയുടേയും നീലാകാശം നമ്മുടെ മുന്നിൽ തെളിയുമാറാകട്ടെ. സർവ്വശക്തനായ അല്ലാഹു വലിയ ദുരന്തങ്ങളിൽ നിന്ന് രക്ഷിക്കുന്നതിനും ഈ വൈകിയ വേളയിലെങ്കിലും നാം അവനിലേക്ക് തിരിയേണ്ടിയിരിക്കുന്നു.

ഈ വൈകുന്നേരം ഇവിടെ വന്നതിന് നിങ്ങൾ ഓരോരുത്തരോടും ഞാൻ ഒരിക്കൽ കൂടി നന്ദി അറിയിക്കുന്നു.

ഹഖീഖത്തുൽ വഹ്‌യ് 1

# വെളിപാടിന്റെ തത്ത്വരഹസ്യം

വാഗ്ദത്ത് മഹ്ദി ഹദ്റത്ത് അഹ്മദി(അ) ന്റെ പൊൻ തൂലികയാൽ വിരചിതമായ ഹഖീക്കത്തുൽ വഹ്‌യ്ന്റെ വിവർത്തനം. വിവ: ആരിഫ് മുഹമ്മദ്

ഹദ്റത്ത് അഹ്മദ് (അ)

മറ്റു നൂറു കണക്കിനു ദുരാചാരങ്ങളെയും ദുഷ്കൃത്യങ്ങളെയും പോലെ ഇക്കാലത്ത് ഗൗരവാവഹമായ ഒരു ഫിത്ന സംജാതമായിരിക്കുന്നതു കൊണ്ടാണ് ഈ ഗ്രന്ഥം എഴുതാൻ ഞാൻ പ്രേരിതനായത്. ഒരു സ്വപ്നമോ വെളിപാടോ ഏതവസ്ഥയിൽ, ഏതുഘട്ടത്തിലാണ് വിശ്വസനീയമായിത്തീരുന്നത്, അതു സാത്താനിക വചനങ്ങളോ ദൈവിക വചനങ്ങളോ സ്വാത്മാവിന്റെ ഭാഷണമോ ദൈവികഭാഷണമോ ആണെന്ന ആശങ്ക ഏതു സാഹചര്യത്തിലാണ് ഉടലെടുക്കുന്നത് എന്നതിനെക്കുറിച്ച് അധികമാളുകൾക്കും അറിയില്ല. സാത്താൻ മനുഷ്യന്റെ കഠിന ശത്രുവാണെന്ന കാര്യം ഓർക്കേണ്ടതാണ്. അവൻ പലവിധേന മനുഷ്യനെ നശിപ്പിക്കാൻ ആഗ്രഹിക്കുന്നു. സാത്താനിൽ നിന്നുള്ള സ്വപ്നം സത്യമായി പുലരാനും സാധ്യതയുണ്ട്. സാത്താനിൽ നിന്നുണ്ടാകുന്ന വെളിപാടും സത്യമായി ഭവിക്കാം. എന്തെന്നാൽ, സാത്താൻ പെരും നുണയനാണെങ്കിലും വിശ്വാസത്തെ തട്ടിപ്പറിക്കാൻ ചിലപ്പോൾ സത്യമായ സംഗതി പറഞ്ഞുകൊണ്ട് വഞ്ചിക്കുന്നു. എന്നിരുന്നാലും, ആത്മാർഥതയിലും കൂറിലും ദൈവസ്നേഹത്തിലും ഔന്നത്യം പ്രാപിച്ചവരുടെ മേൽ സാത്താന് ആധിപത്യം നേടാനാവില്ല. അല്ലാഹു പറയുന്നു: ഇന്ന ഇബാദി ലൈസ ലക അലൈഹിം സുൽത്വാനുൻ. അല്ലാഹുവിന്റെ അനുഗ്രഹം അവരുടെ മേൽ വർഷിക്കപ്പെടുകയും ദൈവസന്നിധിയിൽ സ്വീകരിക്കപ്പെട്ടതിന്റെ ആയിരമായിരം അടയാളങ്ങളും മാതൃകകളും അവരിൽ കാണപ്പെടുകയും ചെയ്യുന്നുവെന്നതാണ് അവരെ വ്യതിരിക്തമാക്കുന്ന സവിശേഷത. ഈ ഗ്രന്ഥത്തിൽ ഞാനത് വിശദീകരിക്കുന്നതാണ് ഇൻശാ അല്ലാഹ്. എന്നാൽ ദു:ഖകരമെന്ന് പറയട്ടെ, അധികമാളുകളും സാത്താന്റെ കെണിയിലകപ്പെട്ടിരിക്കെ തങ്ങളുടെ സ്വപ്നങ്ങളിലും വെളിപാടുകളിലും വിശ്വാസമർപ്പിച്ച് തങ്ങളുടെ ദുഷിച്ച വിശ്വാസങ്ങളെയും അവിശുദ്ധ മതങ്ങളെയും ആ സ്വപ്നങ്ങളും വെളിപാടുകളും മുഖേന മഹത്ത്വവത്ക്കരിക്കാൻ ആഗ്രഹിക്കുന്നു. എന്നല്ല അത്തരം സ്വപ്നങ്ങളെയും വെളിപാടുകളെയും സാക്ഷ്യമെന്നോണം അവതരിപ്പിക്കുകയും ചെയ്യുന്നു. അല്ലെങ്കിൽ, ഇങ്ങനെയുള്ള സ്വപ്നങ്ങളും വെളിപാടുകളും അവതരിപ്പിച്ച് സത്യമതത്തെ നിന്ദിക്കാൻ ഉദ്ദേശിക്കുന്നു. അതുമല്ലെങ്കിൽ, ജനങ്ങളുടെ ദൃഷ്ടിയിൽ ദൈവത്തിന്റെ പരിശുദ്ധ പ്രവാചകന്മാരെ സാധാരണ മനുഷ്യരെന്നോണം കാണിക്കുകയോ സ്വപ്നങ്ങളും വെളിപാടുകളും മുഖേന ഏതെങ്കിലും മതത്തിന്റെ സത്യത സ്ഥാപിതമാകാമെങ്കിൽ തങ്ങളുടെ മതമാർഗങ്ങളും സത്യത്തിലധിഷ്ഠിതമാണെന്ന് വിശ്വസിക്കാമെന്ന് ഭാവിക്കുകയോ ചെയ്യുന്നു. തങ്ങളുടെ സ്വപ്നങ്ങളെയും വെളിപാടുകളെയും തന്റെ മതത്തിന്റെ സത്യതയ്ക്കുവേണ്ടി സമർപ്പിക്കാത്ത ചിലരും ഉണ്ട്. അവരെ സംബന്ധിച്ചിടത്തോളം സ്വപ്നവും വെളിപാടും ഏതെങ്കിലും സത്യമതത്തെയോ സത്യസന്ധനായ മനുഷ്യനെയോ തിരിച്ചറിയാനുള്ള മാനദണ്ഡമല്ല. ചിലരാകട്ടെ, വെറും വീമ്പും പൊങ്ങച്ചവും എന്നോണമാണ് തങ്ങളുടെ സ്വപ്നങ്ങൾ കേൾപ്പിക്കുന്നത്. ചിലർ പുലർന്ന ചില സ്വപ്നങ്ങളുടെയും വെളിപാടുകളുടെയും അടിസ്ഥാനത്തിൽ ഇമാമുമാരും നേതാക്കളും റസൂൽമാരുമായി തങ്ങളെ സ്വയം അവരോധിക്കുന്നു. ഇത്തരത്തിലുള്ള ദുഷ്കർമങ്ങളാണ് ഈ രാജ്യത്ത് വളരെ പ്രചരിച്ചിരിക്കുന്നത്. മതബോധവും സന്മാർഗവും അത്തരം ആളുകളിൽ സംജാതമാകുന്നതിനു പകരം പൊങ്ങച്ചവും അഹങ്കാരവും ഉടലെടുത്തിരിക്കുകയാണ്. അതു

കൊണ്ട് സത്യത്തെയും അസത്യത്തെയും വേർതിരിക്കുന്ന തിന് ഈ ഗ്രന്ഥമെഴുതണമെന്ന് ഞാൻ വിചാരിച്ചു. എന്തെന്നാൽ, ഇത്തരം ആളുകൾ കാരണം ചില അറിവില്ലാത്ത ജനങ്ങൾ പരീക്ഷണത്തിൽ അകപ്പെടുന്നതായി ഞാൻ കാണുന്നു. ഒരാൾ തന്റെ സ്വപ്നത്തിലും വെളിപാടിലും വിശ്വാസമർപ്പിച്ച് വെളിപാടു ലഭിക്കുന്ന മറ്റൊരാളെ കാഫിറാക്കുന്നതു കാണുമ്പോൾ വിശേഷിച്ചും. വെളിപാടു ലഭിക്കുന്ന മൂന്നാമത്തെ വ്യക്തിയാകട്ടെ രണ്ടു പേരുടെയും മേൽ കുഫ്റ് ഫത്വ് പുറപ്പെടുവിക്കുന്നു. മൂന്നു പേരും തങ്ങളുടെ സ്വപ്നങ്ങളും വെളിപാടുകളും സത്യമാണെന്ന് വാദിക്കുന്നവരാണ് എന്നതാണ് ഏറെ അദ്ഭുതകരം. അവർ സ്വന്തം പ്രവചനങ്ങളെ സംബന്ധിച്ച് അവ പുലർന്നിരിക്കുന്നുവെന്നതിനുള്ള സാക്ഷ്യങ്ങൾ അവതരിപ്പിക്കുകയും ചെയ്യുന്നു. ഇങ്ങനെയുള്ള വൈരുദ്ധ്യങ്ങളും പരസ്പരമുള്ള ദുരാരോപണങ്ങളും നിഷേധങ്ങളും കാണുമ്പോൾ ജനങ്ങൾക്ക് കഠിനമായ ഇടർച്ച സംഭവിക്കുന്നു. എന്തെന്നാൽ, ദൈവം ഒന്നേയുള്ളുവെങ്കിൽ ഒരാൾക്ക് വെളിപാട് നല്കുകയും വേറൊരാൾക്ക് അതിനു വിപരീതമായി വെളിപാടിറക്കുകയും മൂന്നാമതൊരാൾക്ക് അതിലും വ്യത്യസ്തമായ നിലയിൽ വെളിപാടിറക്കുകയും ചെയ്യുക എന്നത് എങ്ങനെ സാധ്യമാകും? ഈ രീതിയിൽ അജ്ഞരായ ജനങ്ങൾക്ക് ദൈവാസ്തിക്യത്തിൽ തന്നെ സംശയം ജനിക്കുന്നതാണ്. ചുരുക്കത്തിൽ, ഇത്തരം സംഗതികൾ പൊതുജനങ്ങളിൽ പരിഭ്രമം സൃഷ്ടിക്കുകയും അവരുടെ നോട്ടത്തിൽ പ്രവാചകത്വശൃംഖല തന്നെ സംശയഗ്രസ്തമായിത്തീരുകയും ചെയ്യുന്നു. സാധാരണ ജനങ്ങളെ ചിന്താകുഴപ്പത്തിലാഴ്ത്തുന്ന മറ്റൊരു സംഗതി കൂടിയുണ്ട്. ദുസ്സ്വഭാവികളും പാപികളും വ്യഭിചാരികളും പീഡകരും നിർമതരും മോഷ്ടാക്കളും ദൈവകല്പനയ്ക്ക് വിരുദ്ധമായി ചരിക്കുന്നവരുമായ ചിലയാളുകൾക്കും ചിലപ്പോൾ നല്ല സ്വപ്നങ്ങൾ ഉണ്ടാകാറുണ്ട്. മൃതഭോജികളും പാപപങ്കിലമായി ജീവിതം നയിക്കുകയും ചെയ്ത സമൂഹത്തിലെ താഴെക്കിടയിലുള്ള ചില സ്ത്രീകൾ ഏതാനും സ്വപ്നങ്ങൾ എന്നോട് പറയുകയും അതു പുലരുകയും ചെയ്തതായി എനിക്ക് വ്യക്തിപരമായി അനുഭവമുണ്ട്. വ്യഭിചാരിണികൾക്കും അതു തൊഴിലായി കൊണ്ടു നടക്കുന്നവർക്കും ഉണ്ടായ ചില സ്വപ്നങ്ങൾ പുലർന്നതായി അവർ വിവരിക്കുന്നത് കാണപ്പെട്ടിട്ടുള്ളതാണ് ഏറെ അദ്ഭുതകരം. ശിർക്കിൽ മലീമസരും ഇസ്ലാമിന്റെ കഠിന വിരോധികളുമായ ചില ഹിന്ദുക്കളും തങ്ങളുടെ ചില സ്വപ്നങ്ങൾ അങ്ങനെത്തന്നെ പുലർന്നതായി കാണാം. ഞാൻ ഈ ഗ്രന്ഥം എഴുതിക്കൊണ്ടിരിക്കുമ്പോൾ ഖാദിയാനിലെ ഖത്രി ജാതിക്കാരനായ ഒരു ഹിന്ദു എന്റെയടുക്കൽ വരുകയും ഇന്ന സബ് പോസ്റ്റ് മാസ്റ്റർക്ക് സ്ഥലം മാറ്റം സംഭവിക്കുകയും അതു പിന്നീട് നീട്ടിവെയ്ക്കുക്കയും ചെയ്തതായി സ്വപ്നം കണ്ടതായി വിവരിക്കുകയുണ്ടായി. അതങ്ങനെത്തന്നെ സംഭവിക്കുകയും ചെയ്തു. മറ്റു പല സ്വപ്നങ്ങളും പുലർന്നതായി ആ ഹിന്ദു വിവിധ സന്ദർഭങ്ങളിൽ പറഞ്ഞിട്ടുണ്ട്. എന്തുദ്ദേശ്യത്താലാണ് അയാൾ അങ്ങനെ പറഞ്ഞതെന്നോ തന്റെ സ്വപ്നങ്ങൾ പലവുരു എന്നെ കേൾപ്പിച്ചത് എന്തിനാണെന്നോ എനിക്കറിയില്ല. എന്തെന്നാൽ, വേദദർശനമനുസരിച്ച് സ്വപ്നങ്ങളും വെളിപാടുകളും മുദ്രവെയ്ക്കപ്പെട്ടിരിക്കുന്നു. അതുപോലെ, മോഷ്ടാവും വ്യഭിചാരിയും തടവുശിക്ഷയിൽ കഴിയുന്നവനുമായ ദുഷ്ടനായ ഹിന്ദുവിനെ ജയിൽ മോചിതനായ ശേഷം യാദൃച്ഛികമായി ഞാൻ കണ്ടു. ഏതോ മോഷണക്കേസിൽ കുറെ കാലം അയാൾക്ക് തടവുശിക്ഷ ലഭിച്ചതായി ഞാൻ ഓർക്കുന്നു. അയാൾ പറയുന്നു: കോടതിയിൽ ശിക്ഷാവിധി കേൾപ്പിക്കേണ്ടിയിരുന്ന ദിവസം(വിധി എനിക്കനുകൂലമായിരിക്കുമെന്ന് പ്രതീക്ഷയും ഉണ്ടായിരുന്നു) തലേന്ന് രാത്രി ഞാൻ തടവിലാക്കപ്പെടുമെന്ന് വെളിപാടുണ്ടായി. അങ്ങനെത്തന്നെ സംഭവിക്കുകയും ചെയ്തു. ആ ദിവസം തന്നെ ഞാൻ ജയിലിൽ അടയ്ക്കപ്പെട്ടു. അതുപോലെ, ഡൂയി എന്നു പേരായ ഒരാൾ ഈയിടെ അമേരിക്കയിലുണ്ട്. അയാളുടെ ഒരു പത്രവും പ്രസിദ്ധീകരിക്കുന്നുണ്ട്. ഹദ്റത്ത് ഈസാ നബിയെ ദൈവമായിട്ടാണ് വിശ്വസിക്കുന്നത്. താൻ ഇല്യാസ് നബിയുടെ അവതാരമാണെന്ന് അയാൾ കരുതുകയും ചെയ്യുന്നു. തനിക്ക് ഇൽഹാം ലഭിക്കുന്നുവെന്ന് വാദിക്കുകയും തന്റെ സ്വപ്നങ്ങളും ഇൽഹാമുകളും അവ സത്യമായി പുലർന്നിരിക്കുന്നു എന്ന വാദത്തോടെ ജനങ്ങളുടെ മുൻപാകെ സമർപ്പിക്കുകയും ചെയ്യുന്നു.ഞാൻ പറഞ്ഞതു പോലെ, ദുർബലനായ മനുഷ്യനെ സർവലോക പരിപാലകനായിട്ടാണ് അയാൾ വിശ്വസിക്കുന്നത്. ഇവരുടെ വൃത്തം എത്രമേൽ വിശാലമാണെന്നു വെച്ചാൽ, സത്യമതത്തിന്റെയും സന്മാർഗത്തിന്റെയും ഒരു നിബന്ധനയും ഇല്ലാതായിരിക്കുന്നു.അയാളുടെ സ്വഭാവത്തെക്കുറിച്ച് അയാളുടെ മാതാവ് വ്യഭിചാരിണിയായിരുന്നു എന്നു പറഞ്ഞാൽ തന്നെ മതിയല്ലോ. അയാൾ തന്നെയും താൻ വ്യഭിചാരസന്തതിയാണെന്ന് സമ്മതിക്കുന്നു. ചെരുപ്പുകുത്തി വിഭാഗത്തിൽപ്പെട്ട ആളാണ് ഇയാൾ. ഇയാളുടെ ഒരു സഹോദരനും ആസ്ട്രേലിയയിൽ ഈ ജോലി ചെയ്യുന്നുണ്ട്. ഈ സംഗതികളൊന്നും തന്നെ വെറും വാദങ്ങളല്ല; അയാളുടെ കുടുംബ പശ്ചാത്തലം തെളിയിക്കുന്ന പത്രമാസികകളും കത്തുകളും എന്റെ പക്കലുണ്ട്.

ചുരുക്കത്തിൽ, ഇത്തരത്തിലുള്ള സ്വപ്നങ്ങളും വെളിപാടുകളും വിവിധതരത്തിലുള്ള

ശേഷം പേജ് 39 ൽ

# അന്യഗ്രഹങ്ങളിൽ ജീവികളുണ്ടോ? അന്യഗോള ജീവികളുമായി നാം കണ്ടുമുട്ടുമോ?

അന്യഗോള ജീവികളുമായി നാം ഒരിക്കൽ കണ്ടുമുട്ടുമെന്നാണ് വിശുദ്ധ ഖുർആൻ പറയുന്നത്. പ്രശസ്ത ഭൗതിക ശാസ്ത്രജ്ഞൻ സ്റ്റീഫൻ ഹോക്കിൻസ്, അന്യഗ്രഹ ജീവികളെ അന്വേഷിച്ചു പോകുന്നത് അങ്ങേയറ്റം അപകടമാണെന്ന ഭീതിയാണ് പരത്തുന്നത്.
(ജൂലൈ ലക്കത്തിലെ തുടർച്ച)

എ. എം. മുഹമ്മദ് സലീം

**'ആകാശങ്ങളുടെയും ഭൂമിയുടെയും അതു രണ്ടിലും അവൻ വ്യാപിപ്പിച്ച ജീവികളുടെ സൃഷ്ടിപ്പും അവന്റെ അടയാളങ്ങളിൽ പെട്ടതാണ്. അവനുദ്ദേശിക്കുമ്പോൾ അവയെ ഒരുമിച്ചുകൂട്ടാൻ അവൻ കഴിവുള്ളവനത്രെ' (അശ്ശൂറ42:32)**

പ്രപഞ്ചത്തിന്റെ അതിവിശാലമായ വിസ്തൃതിയും പ്രപഞ്ച നിയമങ്ങളിലെ എല്ലായിടത്തുമുള്ള ഏകതാനതയും കണക്കിലെടുക്കുമ്പോൾ ഈ ബൃഹദ് പ്രപഞ്ചത്തിലെവിടെയെങ്കിലും ജീവന്റെ തുടിപ്പുകളോ ബുദ്ധിയുള്ള ജീവികളോ ഉണ്ടാകാനുള്ള സാദ്ധ്യത വളരെയധികമാണെന്നായിരുന്നു 1996 ൽ അന്തരിച്ച വിശ്വപ്രസിദ്ധ വാനശാസ്ത്രജ്ഞനും കോസ്മോളജിസ്റ്റും ശാസ്ത്രനോവലെഴുത്തുകാരനും സമാധാന പ്രേമിയുമൊക്കെയായിരുന്ന കാൾ സാഗന്റെയും പ്രഗല്ഭ ബ്രിട്ടീഷ് ഭൗതിക ശാസ്ത്രജ്ഞനായ സ്റ്റീഫൻ ഹോക്കിൻസുമടക്കം മറ്റു നിരവധി ശാസ്ത്രജ്ഞന്മാരുടെയും അഭിപ്രായം.

### വാഗ്ദത്ത മസീഹി(അ)ന്റെ ശുഭാപ്തി വിശ്വാസവും സ്റ്റീഫൻ ഹോക്കിൻസിന്റെ ഭീതിയും

ആകാശ ഗോളങ്ങളിൽ ജീവികളുണ്ടാകാമെന്ന് നിരവധി വചനങ്ങളിൽ ഖുർആൻ സുചന നൽകുന്നു. ഒരു ഖുർആൻ വചനം ഉദ്ധരിച്ചുകൊണ്ട് വാഗ്ദത്ത മസീഹ് ഹദ്റത്ത് അഹ്മദ് (അ) വിശദീകരിക്കുന്നത് കാണുക. ***'അവൻ ശരീരങ്ങളെ സൃഷ്ടിക്കുന്നവനും ആത്മാക്കളെ ഉദ്പാദിപ്പിക്കുന്നവനും ഗർഭത്തിലുള്ള കരുക്കളെ ഭാഷപ്പെടുത്തുന്നവനും ആയ ദൈവമത്രെ. സകല ഉത്കൃഷ്ട നാമങ്ങളും അവന്നുള്ളതാകുന്നു. ആകാശ മണ്ഡലങ്ങളിലും ഭൂമിയിലുമുള്ളവർ അവന്റെ മഹത്വം പ്രകീർത്തിക്കുകയും അവന്റെ പരിശുദ്ധിയെ വാഴ്ത്തുകയും ചെയ്യുന്നു. അവൻ സർവ്വ വല്ലഭനും സർവ്വജ്ഞനുമത്രെ.'(59:25)*** ഈ വാക്യം ആകാശഗോളങ്ങളിലും പാർപ്പുകാരുണ്ടെന്നും അവർ ദൈവത്തിന്റെ മാർഗ്ഗദർശനത്തിൽ വർത്തിക്കുന്നവരാണെന്നും സൂചിപ്പിക്കുന്നുണ്ട്. ***(ഇസ്ലാംമതതത്വജ്ഞാനം - ഹദ്റത്ത് അഹ്മദ്(അ))***

വാഗ്ദത്ത മസീഹ്(അ) ഖുർആൻ വചനത്തിന് നൽകിയ വ്യാഖ്യാനത്തിൽ അന്യഗോളജീവികളെ പറ്റി പ്രപഞ്ച സ്രഷ്ടാവായ ദൈവത്തെ വാഴ്ത്തുന്നവരും ദൈവിക മാർഗ്ഗദർശനത്തിൽ വർത്തിക്കുന്നവരുമാണെന്നാണ് പറഞ്ഞിരിക്കുന്നത്. അന്യഗോള ജീവികളെ പറ്റി വാഗ്ദത്ത മസീഹ് (അ) പ്രകടിപ്പിച്ച ഈ സദ്ഭാവനയും ശുഭാപ്തി വിശ്വാസവും ശ്രദ്ധേയമാണ്. എന്നാൽ പ്രശസ്തനായ ബ്രിട്ടീഷ് ഭൗതിക ശാസ്ത്ര



ഹദ്റത്ത് അഹ്മദ്(അ)

ജ്ഞൻ സ്റ്റീഫൻ ഹോക്കിൻസ് അന്യഗ്രഹ ജീവികളെ സംബന്ധിച്ച് ഭയവും ആശങ്കയും സ്വയം വെച്ച് പുലർത്തുകയും അത് പ്രചരിപ്പിക്കുകയുമാണ് ചെയ്യുന്നത്. സ്റ്റീഫൻ ഹോക്കിൻസ് ഡിസ്കവറി ചാനലിന് വേണ്ടി 2010ൽ നടത്തിയ ഒരഭിമുഖത്തിൽ പറഞ്ഞ നിരീക്ഷണം ഇപ്രകാരമാണ്. 'ഭൗമേതര ജീവികളെക്കുറിച്ച് മനുഷ്യൻ അന്വേഷിക്കാതിരിക്കുന്നതാണ് നല്ലത്' എന്ന് സ്റ്റീഫൻ ഹോക്കിൻസ് താക്കീതായി പറയുകയുണ്ടായി. ക്രിസ്റ്റഫർ കൊളംബസ് അമേരിക്ക കണ്ടു പിടിച്ചപ്പോൾ തദ്ദേശീയരെ കൊന്നൊടുക്കി അവിടെ കോളനി സ്ഥാപിച്ചത് പോലെയുള്ള ദുരന്തമായിരിക്കും സംഭവിക്കുക എന്നദ്ദേഹം താക്കീത് നൽകുകയുണ്ടായി. (The Telegraph, 25 April 2010) ശാസ്ത്ര സമൂഹത്തെയടക്കം മാനവരാശിയെ ആകെ ഭയവിഹ്വലരാക്കി അവരുടെ ശാസ്ത്രാന്വേഷണത്തെയും അഭിരുചിയേയും ഹോക്കിൻസ് നിരുത്സാഹപെടുത്തുമ്പോൾ വാഗ്ദത്ത മസീഹി(അ)ന്റെ വാക്കുകളിൽ സ്ഫുരിക്കുന്ന ശുഭപ്രതീക്ഷയും സദ്ഭാവനയും കാണുക. ഇതിൽ ഏത് പ്രസ്താവനയാണ് ശാസ്ത്രാന്വേഷണത്തെ പ്രോത്സാഹിപ്പിക്കുന്നത്?

അഹ്മദിയ്യാ ജമാഅത്തിന്റെ നാലാം ഖലീഫ ഹദ്റത്ത് മിർസാ ത്വാഹിർ അഹ്മദ് (റഹ്) തന്റെ *'വെളിപാട് യുക്തി ജ്ഞാനം സത്യം'* എന്ന പുസ്തകത്തിൽ പറഞ്ഞ കാര്യവും ഇവിടെ ശ്രദ്ധേയമാണ്. **'ആകാശങ്ങളുടെയും ഭൂമിയുടെയും അതു രണ്ടിലും അവൻ വ്യാപിപ്പിച്ച ജീവികളുടെയും (ദാബ്ബ) സൃഷ്ടിപ്പും അവന്റെ അടയാളങ്ങളിൽ പെട്ടതാണ്. അവനുദ്ദേശിക്കുമ്പോൾ അവയെ ഒരുമിച്ചുകൂട്ടാൻ അവൻ കഴിവുള്ളവനത്രെ' (അശ്ശൂറ42:32)** എന്ന ഖുർആൻ വചനത്തെ വ്യാഖ്യാനിച്ചു കൊണ്ട് ഖലീഫത്തുൽ മസീഹ് (അ) പറയുന്നു:

ദാബ്ബ എന്നത് ഭൂമിയുടെ ഉപരിതലത്തിൽ ഇഴയുകയും നടക്കുകയും ചെയ്യുന്ന എല്ലാ ജീവികൾക്കുമുള്ള പേരാണ്. നീന്തുകയും പറക്കുകയും ചെയ്യുന്ന എല്ലാ ജീവികളും അതിൽ പെടുന്നില്ല. ഏതെങ്കിലും തരത്തിലുള്ള ആത്മീയ ജീവികളേയും ആ പദം കൊണ്ട് വിശേഷിപ്പിക്കാറില്ല. അറബിയിൽ അരൂപിയായ ഒരു പ്രേതത്തെ ഒരിക്കലും ദാബത്ത് എന്ന് പറയാറില്ല. ആ അർത്ഥത്തിൽ മലക്കുകളും ദാബത്ത് എന്ന പദത്തിന്റെ പരിധിയിൽ വരുന്നില്ല. ഈ വചനത്തിന്റെ അവസാന ഭാഗത്ത് ഭൗമേതര ജീവികളുടെ സാദ്ധ്യത പറയുക മാത്രമല്ല അവ നിലനിൽക്കുന്നുവെന്ന് അസന്ദിഗ്ദമായി പ്രഖ്യാപിക്കുകയും ചെയ്യുന്നു. ആധുനിക ശാസ്ത്രീയ ഗവേഷകന്മാർക്ക് പോലും ഇത് വരെ ഉറപ്പിച്ചു പറയാൻ കഴിഞ്ഞിട്ടില്ലാത്ത ഒരു അവകാശ വാദമാണിത്. ഇക്കാര്യം മാത്രമല്ല ഈ വചനം വ്യക്തമാക്കുന്നത്. അത്ഭുതകരമെന്ന് പറയട്ടെ ഈ വചനത്തിന്റെ അവസാന ഭാഗത്ത് അല്ലാഹു ഉദ്ദേശിക്കുമ്പോൾ ആകാശത്തും ഭൂമിയിലുമുള്ള ജീവികളെ ഒരുമിച്ചു കൂട്ടുമെന്നും നാം വായിക്കുന്നു. **'അവനുദ്ദേശിക്കുമ്പോൾ അവയെ ഒരുമിച്ചുകൂട്ടാൻ അവൻ കഴിവുള്ളവനത്രെ.'**

'ജം ഇഹിം' എന്ന അറബി പദം ഭൂമിയിലെവിയെങ്കിലോ മറ്റെവിടെയെങ്കിലുമോ ഉള്ള ജീവികളെ ഒരുമിച്ചു ചേർക്കുന്നതിനെക്കുറിച്ചുള്ള വ്യക്തമായ പരാമർശമാണ്. ഈ രണ്ടു കൂട്ടരുടെയും സമാഗമം നടക്കുന്ന സന്ദർഭം എപ്പോഴാണെന്നോ അത് ഇവിടെ ഭൂമിയിൽ വെച്ചോ അല്ലെങ്കിൽ മറ്റെവിടെ വെച്ചങ്കിലുമോ എന്ന് വ്യക്തമാക്കിയിട്ടില്ല. ദൈവം ഇച്ഛിക്കുമ്പോഴാണ് ഇത് സംഭവിക്കുക എന്ന കാര്യം ഇവിടെ ഉറപ്പിച്ചു പറഞ്ഞിരിക്കുന്നു. ശാരീരിക കൂടിച്ചേരലിനോ ആശയവിനിമയത്തിലൂടെയുള്ള സമ്പർക്കത്തിനോ 'ജമാ' എന്ന പദം ഉപയോഗിക്കുമെന്ന കാര്യം നാം പ്രത്യേകം ഓർക്കേണ്ടതുണ്ട്. ഭാവികാലത്തിൽ മാത്രമേ ഇത് എപ്പോൾ എങ്ങനെ സംഭവിക്കുമെന്ന് വ്യക്തമായി പറയാൻ സാദ്ധ്യമാകു. പക്ഷേ പതിനാല് നൂറ്റാണ്ടുകൾക്ക് മുമ്പേ അത്തരമൊരു സാദ്ധ്യതയെ പറ്റി പ്രവചിക്കുക എന്നത്പോലും അത്ഭുതകരമാണെന്നതാണ് വസ്തുത. (വെളിപാട് യുക്തി ജ്ഞാനം സത്യം - ഹദ്റത്ത് മിർസാ ത്വാഹിർ അഹ്മദ്)

### ഗോളങ്ങളുടെ അതിദൂരം

ഒരു മനുഷ്യന് അതൊരു കൊച്ചുകാൽവെപ്പാണ് എന്നാൽ മനുഷ്യവംശത്തിന് ഒരു വമ്പിച്ച



സ്റ്റീഫൻ ഹോക്കിൻസ്



**Wormhole പുഴു ദ്വാരം**

കുതിച്ചു ചാട്ടവും. (That's one small step for men but one giant leapfor mankind) ചാന്ദ്ര യാത്രികനായ നീൽ ആംസ്ട്രോങ്ങ് ചന്ദ്രനിൽ കാലുകുത്തി ഭൂവാസികൾക്ക് നൽകിയ ആദ്യസന്ദേശമായിരുന്നു ഇത്. അതിന് ശേഷം പ്രപഞ്ചത്തിലെ കൂടുതൽ വിദൂരതകളിലേക്ക് പ്രയാണം മനുഷ്യൻ തുടരുകയാണ്. ഗോളാന്തര യാത്രക്കുള്ള ഏറ്റവും വലിയ തടസ്സം ഗോളങ്ങൾ തമ്മിലുള്ള തലചുറ്റിക്കുന്ന അകലമാണ്. ഗോളങ്ങൾ തമ്മിലുള്ള അകലം പ്രകാശ വർഷം അകലത്തിലാണ് കണക്കാക്കപ്പെടുന്നത്. പ്രകാശം ഒരു സെക്കന്റിൽ ഏകദേശം മൂന്ന് ലക്ഷം കിലോമീറ്ററാണ് സഞ്ചരിക്കുക. നമ്മുടെ ഏറ്റവും അടുത്ത ഗ്രഹം ഭൂമിയുടെ ഉപഗ്രഹമായ ചന്ദ്രനാണ്. ഭൂമിയിൽ നിന്നും ചന്ദ്രനിലേക്കുള്ള ശരാശരി അകലം 3,84,400 കിലോ മീറ്ററാണ് പ്രകാശ വർഷത്തിൽ ഈ ദൂരം കണക്കാക്കിയാൽ കേവലം 1.3 സെക്കൻറാണ്. നിലവിലുള്ള ഏറ്റവും വേഗമുള്ള റോക്കറ്റ് പ്രൊപ്പൽഷൻ ടെക്നോളജി കൊണ്ടുള്ള സ്പേസ് ക്രാഫ്റ്റ് ഉപയോഗിച്ച് 8 മണിക്കൂർ കൊണ്ട് ചന്ദ്രനിലെത്താം. അതിനർത്ഥം പ്രകാശം ഏറ്റവും ആധുനികമായ റോക്കറ്റിനെക്കാൾ 30,000 ഇരട്ടി വേഗത്തിലാണ് സഞ്ചരിക്കുക എന്നാണ്. നമ്മുടെ സൗരയുഥത്തിലെ മറ്റു ഗോളങ്ങളിലേക്കുള്ള ദൂരം പ്രകാശ സമയക്കണക്കിൽ 3 പ്രകാശ മിനുറ്റ് മുതൽ നാല് പ്രകാശ മണിക്കൂർ വരെ ആണ്. സൗരയുഥത്തിന് പുറത്ത് സൂര്യന്റെ ഏറ്റവും അടുത്ത നക്ഷത്രമാണ് പ്രോക്സിമാ സെന്റർ. ആ നക്ഷത്രം നമ്മിൽ നിന്നും 4.23 പ്രകാശ വർഷം അകലെയാണ്. അതായത് സെക്കന്റിൽ മൂന്നു ലക്ഷം കിലോമീറ്റർ സഞ്ചരിക്കുന്ന പ്രകാശം ഏകദേശം നാലര വർഷം സഞ്ചരിച്ചാൽ മാത്രമേ സൂര്യന്റെ ഏറ്റവും അടുത്ത നക്ഷത്രത്തിലെത്താൻ സാദ്ധ്യമാവുകയുള്ളു. 1977ൽ അമേരിക്കയിലെ കേപ്പ്കാനവറിയിൽ നിന്നും വിക്ഷേപിച്ച വോയേജർ ദൗത്യമാണ് മനുഷ്യൻ നിർമ്മിച്ച ബഹിരാകാശ യാനങ്ങളിൽ വെച്ച് ഏറ്റവും അകലെ പോയിക്കൊണ്ടിരിക്കുന്നത്. പ്രകാശത്തിന്റെ 1/18000 (പതിനെട്ടായിരത്തിലൊന്ന്) വേഗതയിൽ വോയേജർ മുപ്പത് വർഷം പിന്നിട്ടപ്പോൾ ഒരു പ്രകാശ വർഷത്തിന്റെ 1/16000 (പതിനാറായിരത്തിൽ ഒരു ഭാഗം) മാത്രമാണ് വോയേജർ താണ്ടിയത്. ഈ വേഗതയിൽ തന്നെ വോയേജർ സഞ്ചരിക്കുകയാണെങ്കിൽ സൂര്യന് തൊട്ടടുത്ത പ്രോക്സിമാ സെന്റർ നക്ഷത്രത്തിലെത്താൻ 80,000 വർഷം വേണ്ടി വരും. ഇനി പ്രകാശ വേഗത്തിൽ തന്നെ മനുഷ്യൻ സഞ്ചരിക്കാമെന്ന് വെച്ചാൽ മനുഷ്യന് 40 പ്രകാശ വർഷം അകലം മാത്രമുള്ള യാത്രകളേ നടത്താൻ സാധ്യമാവൂ. കാരണം നമ്മുടെ സൗരയൂഥ വ്യവസ്ഥയിൽ നിന്ന് അത്ര അകലത്താണ് നക്ഷത്ര സമൂഹങ്ങളുള്ളത്. 10 മുതൽ 20 വരെ പ്രകാശ വർഷ പരിധിയിൽ വളരെ ചുരുങ്ങിയ നക്ഷത്രങ്ങൾ മാത്രമേയുള്ളൂ. ബാക്കിയെല്ലാം അതിനപ്പുറത്താണ്. 20 വയസ്സുള്ള ഒരാൾ പ്രകാശ വേഗത്തിൽ നക്ഷത്ര യാത്രക്ക് പുറപ്പെട്ടാൽ ഏകദേശം 60 ലധികം വയസ്സായാൽ മാത്രമേ ഉദ്ദിഷ്ട സ്ഥാനത്തെത്തു എന്നതാ ണവസ്ഥ.

## വേം ഹോൾ (Wormhole പുഴു ദ്വാരം)

ഇത്ര വലിയ നക്ഷത്ര ദൂരം സഞ്ചരിച്ച് തീർക്കാൻ നിലവിൽ മനുഷ്യന് സാദ്ധ്യമല്ല. നക്ഷത്രങ്ങൾ തമ്മിലുള്ള പ്രകാശ വർഷത്തോതിലുള്ള ദൂരം മനുഷ്യന്റെ ഗോളാന്തര യാത്രക്ക് മുമ്പിൽ വമ്പിച്ച തടസ്സമായി നിൽക്കുന്നു. ഇത് മറികടക്കാൻ പരമ്പരാഗതമായ റോക്കറ്റ് ടെക്നോളജിയിൽ നിന്നും മൗലികമായി തന്നെ വ്യത്യസ്തമായ മറ്റൊരു മാർഗ്ഗം കണ്ടെത്തേണ്ടിയിരിക്കുന്നു. ഈ പ്രശ്നത്തിന് സൈദ്ധാന്തിക തലത്തിൽ പുതിയ ഒരു പരിഹാരമാർഗ്ഗം ശാസ്ത്ര സമൂഹം മുന്നോട്ട് വെക്കുന്നുണ്ട്. നക്ഷത്ര ദൂരങ്ങൾ ഞൊടിയിട കൊണ്ട് താണ്ടാൻ കഴിയുന്ന 'വേംഹോൾ' (Wormhole) അഥവാ പുഴു ദ്വാരം എന്ന സമയാതീത

തുരങ്കങ്ങളിലൂടെയുള്ള സഞ്ചാരമാണത്. സ്ഥലകാലത്തിലെ വ്യത്യസ്തമായ രണ്ട് വിദൂര ബിന്ദുക്കളെ യോജിപ്പിച്ചുകൊണ്ട് പുഴുദ്വാരം പോലെയുള്ള തുരങ്കങ്ങൾ പ്രപഞ്ചത്തിൽ നിലനിൽക്കുന്നുണ്ടെന്നാണ് ആധുനിക ഭൗതിക ശാസ്ത്രം കരുതുന്നത്. ഐൻസ്റ്റീന്റെ പൊതു ആപേക്ഷികതാ സിദ്ധാന്തപ്രകാരം ഗണിത ശാസ്ത്രപരമായി വേം ഹോളിന്റെ സാദ്ധ്യത സൈദ്ധാന്തിക ശാസ്ത്രം അംഗീകരിക്കുന്നു. ഇതിന്ന് ഐൻസ്റ്റീൻ– റോസൺ ബ്രിഡ്ജ് (Einstein–Rosen bridge)എന്നും പറയുന്നു. അതിഭീമമായ ഗുരുത്വ ബലമുള്ള രണ്ട് ബ്ളാക്ക് ഹോളുകൾ വിപരീത ദിശകളിൽ കറങ്ങുമ്പോൾ അതിനിടയിലുള്ള സ്ഥലകാലത്തിന് വിരൂപണം സംഭവിക്കുകയും തുരങ്കരുപത്തിൽ സ്ഥലകാലത്തിന്നതീതമായ സമയക്കുഴൽ അഥവാ വേംഹോൾ രൂപപ്പെടുകയും ചെയ്യുന്നു. നക്ഷത്രാന്തര പ്രാപഞ്ചിക ദൂരം താണ്ടാൻ വേം ഹോൾ മാർഗ്ഗം ഉപയോഗിക്കാമെന്നാണ് നിരവധി സൈദ്ധാന്തിക ശാസ്ത്രജ്ഞന്മാർ വിശ്വസിക്കുന്നത്. ഒരു കാര്യം നാം പ്രത്യേകം ഓർക്കേണ്ടതുണ്ട്. വേം ഹോൾ എന്ന മഹത്തായ ഈ ഊർജ്ജതന്ത്ര ഭാവന ഇന്നും സൈദ്ധാന്തികമായ ഒരു സാദ്ധ്യത മാത്രമാണ്. വേം ഹോൾ ഉണ്ട് എന്നത് സംബന്ധിച്ച് പ്രകടമായ യാതൊരു തെളിവും ഇന്ന്‌വരെ ലഭിച്ചിട്ടില്ല, എങ്കിലും ശാസ്ത്ര നോവലുകളിലെ വെറുമൊരു ഭാവന എന്ന മാനം വിട്ട് സൈദ്ധാന്തിക ശാസ്ത്രം ഗൗരവപൂർവ്വം ചർച്ചചെയ്യുന്ന ഒരു വിഷയമായി ഇത് തീർന്നിരിക്കുന്നു. ഈ പശ്ചാത്തലത്തിൽ വിശുദ്ധഖുർആനിലെ ഒരു പരാമർശം വളരെ ശ്രദ്ധേയമാണ്. ഖുർആൻ പറയുന്നു: ***'നക്ഷത്ര മാർഗ്ഗങ്ങളുള്ള (ഹുബുക്ക്) ആകാശത്തെക്കൊണ്ടു സത്യം'(51:8) 'ആകാശം തുറക്കപ്പെടുകയും അപ്പോൾ അത് പല കവാടങ്ങളായിത്തീരുകയും ചെയ്യും'(78:20)***

അമേരിക്കയിലെ കാലിഫോർണിയ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജിയിലെ (കാൾ ടെക്) തിയററ്റിക്കൽ ഫിസിസ്റ്റായ കിപ് സ്റ്റീഫൻ തോണും (Kip Stephen Thorne) അദ്ദേഹത്തിന്റെ ഗ്രാജുവേറ്റ് സ്റ്റുഡന്റ് ആയ മൈക്ക് മോറിസുമാണ് 1988ൽ കുറുകെ കടക്കാൻ പറ്റിയ വേം ഹോളിനെ (Traversable Wormhole) പറ്റി ശാസ്ത്രീയമായ പഠനങ്ങൾ മുന്നോട്ട് വെച്ചത്. അതിഭീമമായ ഗുരുത്വബലമുള്ള രണ്ട് ബ്ലാക്ക് ഹോളുകൾ സൃഷ്ടിക്കുന്ന സ്ഥലകാലത്തിലുള്ള വിരൂപണമാണല്ലോ വേം ഹോൾ രൂപികരണത്തിന് കാരണം. അത്തരം രണ്ടു ബ്ളാക്ക് ഹോളുകൾക്കിടയിലെ വേംഹോളിന് രണ്ട് ചോർപ്പുകളുടെ നാളീദ്വാരങ്ങൾ പരസ്പരം യോജിപ്പിച്ചുവെച്ചാലുണ്ടാകുന്ന ആകൃതിയാണ് ഉണ്ടാകുക എന്നാണ് സങ്കൽപ്പിക്കപ്പെടുന്നത്. വേം ഹോളുകൾക്കകത്ത് മറ്റൊരു സ്ഥലകാലമായതിനാൽ അൽപ്പസമയം കൊണ്ട് പ്രകാശദൂരം മറികടക്കാനാകുമെന്നാണ് ശാസ്ത്രത്തിന്റെ ഊഹം. സമയവൈചിത്ര്യത്തെക്കുറിച്ചും ആപേക്ഷിക സമയത്തെക്കുറിച്ചും ഖുർആനിൽ നിരവധി പ്രതിപാദനങ്ങളുണ്ട്. ശ്രദ്ധേയമായ ഒരു പരാമർശം ഇങ്ങനെയാണ്:

**'ആകാശങ്ങളിലേയും ഭൂമിയിലേയും അദൃശ്യകാര്യങ്ങ:ൾ അല്ലാഹുവിന് മാത്രമുള്ളതാണ്. ആ പ്രത്യേക സമയത്തെ കുറിച്ചുള്ള (അംറുസ്സാഅ:) കാര്യം കണ്ണിമക്കുന്നത് പോലെ മാത്രമാകുന്നു. അല്ലെങ്കിൽ അതിനേക്കാൾ വേഗത്തിൽ സമീപസ്ഥമാവുന്നതാണ് (അഖ്റബ്). അല്ലാഹു എല്ലാ കാര്യത്തിനും പൂർണ്ണമായും കഴിവുള്ളവനാകുന്നു'(16:78)** വസ്തുതകളുടെ യാഥാർത്ഥ്യം അല്ലാഹുവിന് മാത്രമേ അറിയൂ.

അസ്തിത്വത്തിൽ വന്നപാടെ തകർന്നു പോകുന്നതിനാൽ സാധാരണ വേം ഹോളിന് അൽപ്പായുസ്സേ ഉണ്ടാവൂ. എന്നാൽ നെഗറ്റീവ് ഗുരുത്വബലമുള്ള പ്രതിദ്രവ്യം അഥവാ എക് സോട്ടിക്ക് മെറ്റീരിയൽസ് (Exotic Materials) കൊണ്ടുണ്ടാക്കിയ കവചവും വാഹനവുമുണ്ടാക്കിയാൽ വേം ഹോളിന്റെ കഴുത്ത് ശക്തമാക്കി സഞ്ചാരയോഗ്യമായ വേം ഹോൾ (Traversable Wormholes) ആക്കി തീർക്കാൻ സാധിക്കും. അത്തരം ഒരു വേം ഹോളിലൂടെ അതിവേഗ സമയ യാത്ര സാധിക്കുമെന്നാണ് സൈദ്ധാന്തികമായി കിപ് തോൺ പറയുന്നത്. അത്യധികം സങ്കീർണ്ണമായ ഒരു സൈദ്ധാന്തിക ഗണിത മാതൃകയാണിത്. വൻഗുരുത്വാകർഷണ ബലത്താൽ സൃഷ്ടിക്കപ്പെടുന്ന വേം ഹോളിന്റെ സാന്നിദ്ധ്യം കണ്ടെത്താൻ ഭൂമിയിലെത്തുന്ന അസാധാരണമായ ഗുരുത്വ തരംഗങ്ങളെ നിരീക്ഷിക്കാൻ ഒരു വൻ ഗവേഷണ പദ്ധതി കിപ്തോണിന്റെ നേതൃത്വത്തിൽ രൂപം നൽകിയിട്ടുണ്ട്. ലിഗോ LIGO (Laser Interferometer Gravitational Wave Observatory) എന്നാണ് അതിന്റെ പേര്.

മനുഷ്യന്റെ തലക്ക് മുകളിൽ അനന്ത വിസ്തൃതമായി നിൽക്കുന്ന ആകാശം എന്നും മനുഷ്യനെ മാടി വിളിക്കുന്ന ഒരു അത്ഭുത ലോകമാണ്. വിജ്ഞാനവും ശാസ്ത്രജ്ഞാനവും ആർജ്ജിച്ച് കൊണ്ട് ആകാശ ലോകത്തേക്ക് കുതിക്കാൻ അല്ലാഹു മനുഷ്യനെ പ്രോത്സാഹിപ്പിക്കുന്നു. വിശുദ്ധഖുർആനിലെ ഒരു വചനം ഉദ്ധരിച്ച് കൊണ്ട് ഈ ലേഖനം അവസാനിപ്പിക്കാം.

***'ജിന്നിന്റെയും ഇൻസിന്റെയും സമൂഹമേ ആകാശങ്ങളുടെയും ഭൂമിയുടെയും മേഖലകളെ അതിലംഘിച്ച് കടന്നു പോകാൻ നിങ്ങൾക്ക് കഴിയുമെങ്കിൽ നിങ്ങൾ കടന്നു പോയ്ക്കൊള്ളുക സുൽത്വാനോടു(ശക്തി, ജ്ഞാനം, ബലം) കൂടിയല്ലാതെ നിങ്ങൾക്ക് പ്രക്ഷേപിച്ച് മുന്നോട്ട് പോകാൻ സാദ്ധ്യമല്ല.' (55:34)***

(അവസാനിച്ചു)

# യുക്തമയ ദൈവജ്ഞാനവും യുക്തി രഹിതമായ യുക്തി വാദവും

എഫ് എ നെല്ലികുന്ന്

**'അല്ലാഹു അവനല്ലാതെ മറ്റൊരാരാധ്യനില്ല. (അവൻ) എന്നെന്നും ജീവിച്ചിരിക്കുന്നവനും, സ്വയം നില നിൽക്കുന്നവനും (എല്ലാറ്റിനേയും നില നിർത്തുന്നവനുമാകുന്നു. മയക്കമോ ഉറക്കമോ അവനെ ബാധിക്കില്ല. ആകാശ ങ്ങളിലും ഭൂമിയിലുമുള്ളത് (എല്ലാം) അവന്റേതാകുന്നു. അവന്റെ അനുമതി കൂടാതെ അവന്റെ അടുക്കൽ ശുപാർശ ചെയ്യുന്നവൻ ആരുണ്ട്. അവരുടെ മുമ്പിലുള്ളതും പിന്നിലുള്ളതും അവൻ അറിയുന്നു. അവന്റെ അറിവിൽ നിന്ന് അവൻ ഉദ്ദേശിച്ചതല്ലാതെ യാതൊന്നും അവർ പ്രാപിക്കുന്നില്ല. അവന്റെ സിംഹാസനം ആകാശങ്ങളിലും ഭൂമിയിലും വ്യാപിച്ചുനിൽക്കുന്നു. അവയുടെ സംരക്ഷണം അവനെ ക്ഷീണിപ്പിക്കുന്നില്ല. അവൻ അത്യുന്നതനും മഹാനുഭാവനുമാകുന്നു.' (വിശുദ്ധ ഖുർആൻ 2:256)**

വിശുദ്ധ ഖുർആനിലൂടെ അല്ലാഹുവിന്റെ ഈ പ്രഖ്യാപനം ഒരേ സമയം മനുഷ്യന് ഭക്തി ജനിപ്പിക്കുന്നതും ദൈവത്തിന്റെ പ്രതാപത്തെപ്പറ്റി ബോധം ജനിപ്പിക്കുന്നതും ആശ്വാസം നൽകുന്നതുമാണ്. ഇവിടെ സൂചിപ്പിക്കുന്ന ഭയം ഭീതിയുളവാക്കുന്ന ഭയമല്ല മറിച്ച് ആ ഭയം നിർവൃതിയും ആത്മീയാനുഭൂതിയും ഉളവാക്കുന്നതാണ്. ആരാധനക്കർഹനായി അല്ലാഹുവിനെ കണ്ടെത്തുന്ന ദാസൻ അവനു മാത്രം അവകാശപ്പെട്ട സവിശേഷഗുണങ്ങളെ അവലോകനം ചെയ്യുമ്പോൾ അതിന്റെ വിശാലതയിൽ അത്ഭുതപ്പെട്ട് സ്തബ്ധനായിപ്പോവുന്നു. മയക്കമോ ഉറക്കമോ ബാധിക്കാത്ത തന്റെ നാഥന്റെ അസ്തിത്വം സമയാസമയങ്ങളിൽ പ്രാർത്ഥിക്കാവുന്നതും ആവശ്യങ്ങളുന്നയിക്കാവുന്നതും ശരണം പ്രാപിക്കുന്നതുമായ ഒരു സന്നിധിയാണ്. ഭക്ഷണ പാനീയങ്ങൾ ആവശ്യമില്ലാത്തവനും എല്ലാ നിർവ്വചനങ്ങൾക്കും അതീതനുമാണ്. ആദ്യവും അന്ത്യവുമില്ലാത്തവൻ. സദാ ജീവിച്ചിരിക്കുന്നവനും പ്രപഞ്ചസത്യങ്ങളായ സൂര്യനും ചന്ദ്രനുമുൾപ്പെടെയുള്ള ഗ്രഹ കുടുംബങ്ങളേയും തമോ ഗർത്തങ്ങളെയും ചുരുക്കത്തിൽ ദൃഷ്ടി ഗോചരമായതും അല്ലാത്തതുമായ സർവ്വതിനേയും സൃഷ്ടിച്ച് നില നിർത്തുന്നവനായ അല്ലാഹു (ദൈവം) എന്ന ശക്തിയെ തിരിച്ചറിയാത്തവൻ എത്ര വലിയ ദൗർഭാഗ്യവാനും എത്രമാത്രം നന്ദികെട്ടവനുമാണ്.

ആകാശങ്ങളിലും ഭൂമിയിലുമുള്ളതെല്ലാം അവന്റേതാണ് എന്ന് പറഞ്ഞിരിക്കുന്നു. എല്ലാറ്റിന്റേയും അവകാശിയും അധികാരസ്ഥനും അവൻ തന്നെ. ദുർബലനായി സൃഷ്ടിക്കപ്പെട്ട മനുഷ്യൻ തന്റെ കൈവശമുള്ള സ്ഥാവര ജംഗമ സ്വത്തുക്കളെക്കുറിച്ച് കാണുന്ന സ്വപ്നം വൃഥാവിലാണ്. മനുഷ്യൻ ഇവയുടെ താൽക്കാലിക കൈകാര്യകർത്താവാണ് എന്ന സത്യം നിത്യ ജീവിതത്തിലെ സംഭവവികാസങ്ങൾ നമ്മെ ഓർമിപ്പിക്കുന്നു. ലോകത്ത് നിരവധി മഹാരാജാക്കന്മാരും കുബേരന്മാരും ജ്ഞാനികളും ശാസ്ത്രജ്ഞന്മാരും കടന്ന് പോയിരിക്കുന്നു. ആർക്കും പക്ഷേ തങ്ങളുടെ പക്കലുണ്ടായിരുന്ന വിഭവങ്ങൾ തങ്ങളുടെ തലമുറയിൽ സ്ഥായിയായി നിലനിർത്താൻ കഴിഞ്ഞിട്ടില്ല. നിലനിർത്തുന്നുണ്ടെങ്കിൽ തന്നെ അത് ദൈവകാരുണ്യത്താലും ദൈവേച്ഛയാലുമാണ് എന്ന് സൂക്ഷ്മമായി നിരീക്ഷിച്ചാൽ കാണാം. സർവ്വ വിഭവങ്ങളുടേയും ഉടമസ്ഥനാണ് ദൈവം. ഒരാളുടെ പക്കലുള്ള വിഭവങ്ങൾ ചിലപ്പോൾ തന്റെ ജീവിതകാലത്ത് തന്നെ തന്നിൽ നിന്ന് തെന്നി മാറ്റി

മറ്റൊരുത്തന്റെ കൈയ്യിൽ വന്നു ചേരുന്ന സംഭവം നിസ്സഹായനായി നോക്കി നിൽക്കാൻ വിധിക്കപ്പെട്ട വനാണ് മനുഷ്യൻ. ഇത്തരം സംഭവവികാസങ്ങളുടെ കാര്യകാര ണബന്ധങ്ങളിലേക്ക് കടന്നാൽ തന്നെയും സമൃദ്ധിയിൽ നിന്ന് ശോഷണത്തിലേക്കുള്ള വേഗം ആശ്ചര്യമുളവാക്കുന്നതാണ്. പ്രസിദ്ധനായ മലയാള കവി പൂന്താനം നമ്പൂതിരിയുടെ വരികൾ കടമെടുത്താൽ

**രണ്ടു നാലു ദിനം കൊണ്ടൊരുത്തനെ**

**തണ്ടിലേറ്റിനടത്തുന്നതും ഭവാൻ**

**മാളിക മുകളിലേറിയ മന്നന്റെ**

**തോളിൽ മാറാപ്പേറ്റുന്നതും ഭവാൻ**

ഒരാൾക്കും ശുപാർശകനായി കടന്നുചെല്ലാൻ കഴിയാത്ത സന്നിധിയുടെ ഉടമസ്ഥനാണവൻ ശുപാർശക്ക് അവന്റെ അനുമതി ലഭിച്ചവരൊഴികെ. സത്യവിശ്വാസിയെ സംബന്ധിച്ചിടത്തോളം മുഴു ലോകത്തിനും കാരുണ്യമായവതരിച്ച പ്രവാചക പ്രഭു മുഹമ്മദ് മുസ്തഫാ തിരുമേനി(സ) യാണ് ഏറ്റവും വലിയ ശുപാർശകൻ. അല്ലാഹുവിലുള്ള വിശ്വാസവും, മുഹമ്മദ് നബി (സ) തിരുമേനിയിലുള്ള വിശ്വാസവും ദൈവസന്നിധിയിൽ മോക്ഷത്തിനുള്ള നിബന്ധനയാണ്.

മനുഷ്യനുൾപ്പെടെയുള്ള മുഴുവൻ സൃഷ്ടിജാലങ്ങളുടെയും വിവരങ്ങൾ അവന്റെ പക്കലുണ്ട്. അവനിൽ നിന്ന് ഗോപ്യമായിട്ട് ഒന്നും തന്നെയില്ല. മൺ മറഞ്ഞതിന്റേയും വരാനിരിക്കുന്നതിന്റേയും നിലവിലുള്ളതിന്റേയും പരമമായ ജ്ഞാനത്തിന്റെ ഭണ്ഡാരങ്ങളും അവയുടെ തക്കോൽ കൂട്ടങ്ങളും അവന്റെ പക്കലാണുള്ളത്. അവന്റെ ദൃഷ്ടിയിൽ നിന്നോ ശ്രദ്ധയിൽ നിന്നോ യാതൊന്നും തന്നെ വിട്ടു പോകുന്നില്ല. എല്ലാറ്റിനേയും യഥോചിതം പരിപാലിച്ച് നിലനിർത്തുവനായ ആ സത്യദൈവം എല്ലാ സൃഷ്ടിജാലത്തിനും അനുയോജ്യമായ പ്രകൃതി നൽകിയിരിക്കുന്നു.

അവന്റെ സിംഹാസനം സർവ പ്രതാപത്തോടും പ്രൗഢിയോടും കൂടി നിലകൊള്ളുന്നു. ആ സിംഹാസനാരൂഢൻ സർവ്വകഴിവുകളുമുള്ളവനാണ്. ഈ സിംഹാസനത്തെ നില നിർത്തുന്ന മഹാചക്രവർത്തി നിസ്സാരനായ മനുഷ്യനെ തന്നോട് പ്രാർത്ഥിക്കുകയും തേടുകയും ചെയ്യുന്നത് കൊണ്ട് മാത്രമാണ് വിലമതിക്കുന്നത്. എത്രമാത്രം പ്രാർത്ഥിക്കുകയും വണങ്ങുകയും ചെയ്യുന്നുവോ അത്രമാത്രം ആ ദാസൻ ദൈവത്തിന്റെ പക്കൽ പദവികൾ കരസ്ഥമാക്കുന്നു. ഈ ഉത്തുംഗ പദവികൾ കരസ്ഥമാക്കുന്തോറും അവന്റെ നിറവും ബന്ധങ്ങളും ആകാശീയ തലത്തിലെത്തുകയും ലൗകികമായ ആശാഭിലാഷങ്ങൾ തണുക്കുകയും ചെയ്യുന്നു. ഹൃദയത്തെ നുറുക്കുന്ന വിധമുള്ള ദാസന്റെ പ്രാർത്ഥനകൾ മഹാചക്ര വർത്തിയായ ദൈവത്തിന്റെ സിംഹാസനത്തെ പിടിച്ചു കുലുക്കുകയും തുടർന്ന് മഹാചക്രവർത്തിയിൽ നിന്ന് ദാസനെ സമാശ്വസിപ്പിക്കാനുള്ള പ്രകാശവും ആത്മീയ ഔഷധവും പ്രവഹിക്കുകയായി. ഒടുവിൽ ദാസന് മുമ്പെങ്ങും അനുഭവിച്ചിട്ടില്ലാത്ത ഒരു അനുഭൂതി അനുഭവപ്പെടുന്നു. ഈ സിംഹാസനത്തെ നില നിർത്തിപ്പോരാൻ അവന് യാതൊരു കഷ്ടതയും അനുഭവിക്കേണ്ടി വന്നിരുന്നില്ല. അവന്റെ പരമാധികാരത്തിനും സിംഹാസനത്തിനും ഇളക്കം തട്ടിക്കുവാൻ മറ്റൊരു ചക്രവർത്തിയും ഇല്ല തന്നെ. അവനിൽ നിന്നുള്ള അനുഗ്രഹങ്ങൾ അവനിച്ഛിക്കുന്നവർക്ക് നൽകുമ്പോൾ അവന്റെ ഖജനാവിൽ നിന്ന് യാതൊന്നും കുറയുന്നില്ല. കാരണം അവൻ എല്ലാറ്റിന്റെയും സ്രോതസ്സാണ്. അവൻ അത്യുന്നതങ്ങളിൽ വിരാജിക്കുന്ന സത്യ സമ്പൂർണ്ണനാണ്. എല്ലാ മഹത്വവും അവനുള്ളതാണ്. സർവ്വ ഔന്നത്യത്തിന്റേയും അറ്റം അവനിൽ ചെന്നവസാനിക്കുന്നു. സർവ്വ ന്യൂനതകളിൽ നിന്നും അവൻ പരിശുദ്ധനാകുന്നു. മുഴുലോക സൗന്ദര്യവും വൈഭവവും അവനിൽ ലയിക്കുന്നു.

ആധുനിക ലോകത്ത് നിരീശ്വര യുക്തി വാദം ആലങ്കാരമായി കൊണ്ടു നടക്കുമ്പോൾ ഒരു സത്യവിശ്വാസിയെ അത് നൊമ്പരപ്പെടുത്തുന്നു. ദൈവത്തിന്റെ അസ്തിത്വത്തെ വെളിപ്പെടുത്തുന്ന പ്രതിഭാസങ്ങൾ ചിലത് കൺമുന്നിലൂടെ കടന്ന് പോകുകയും മറ്റു ചിലത് നിഗൂഢമായിരിക്കുകയും ചെയ്യുമ്പോൾ അതിനെ തിരിച്ചറിയാൻ സാധിക്കുന്നത് സൗഭാഗ്യവും അത് ഉൾക്കൊള്ളാനാകുന്നത് പ്രത്യേക അനുഭൂതിദായകവുമാണ്. ദൈവജ്ഞാനത്തിലേക്കും ദൈവസാമീപ്യത്തിലേക്കും മനുഷ്യനെ പൊതുവായും പ്രത്യേകിച്ച് യുവാക്കളെ ആകർഷിക്കേണ്ട ദൗത്യം സത്യവിശ്വാസി ഏറ്റെടുക്കേണ്ടിയിരിക്കുന്നു.

അഹ്മദിയ്യാ പ്രസ്ഥാന സ്ഥാപകരായ ഹദ്റത്ത് മീർസാ ഗുലാം അഹ്മദ് ഖാദിയാനി (അ) പറയുന്നു:

മനുഷ്യ പ്രകൃതിയിൽ ലീനമായിക്കിടക്കുന്ന ഒന്നാകുന്നു സർവ്വ സമർത്ഥമായ ഒരു സത്തയെക്കുറിച്ചുള്ള അന്വേഷണ ബുദ്ധി. ആ പരമാർത്ഥസത്തയിലേക്ക് മനുഷ്യനെ പ്രേരിപ്പിക്കുന്ന ഒരു ആകർഷണ ശക്തി ഹൃദയാന്തരത്തിൽ നിക്ഷിപ്തമായിരിക്കുന്നുണ്ട്. ഈ ആകർഷണത്തിന്റെ അഥവാ അന്വേഷണ ബുദ്ധിയുടെ ചിഹ്നം ശിശുവിൽ അതിന്റെ ജനനത്തോടു കൂടിതന്നെ പ്രകാശിച്ചു തുടങ്ങുന്നു. ജനിച്ചു വീണ ഉടനെ തന്നെ ശിശു അതിന്റെ ജന്മസിദ്ധമായ ആത്മബോധത്താൽ പ്രേരിതമായി, മാതാവിന്റെ നേർക്ക് ചായുന്നു. പ്രകൃത്യാതന്നെ അതിന് മാതാവിനോട് പ്രത്യേകം സ്നേഹമുള്ള

തായി കാണാം. അതിന്റെ അന്തർബോധങ്ങളും ശക്തികളും വികസിച്ചു വരുന്തോറും ഈ പ്രകൃതി ഗുണവും പൂർവാധികം പ്രകാശിച്ചു കൊണ്ടിരിക്കും. ഒടുവിൽ അന്തർനിക്ഷിപ്തമായ സ്നേഹ ശക്തി സ്പഷ്ടമായ നിലയിൽ വെളിപ്പെടുന്നു. അപ്പോൾ സ്വമാതാവിന്റെ മടിയിൽ അല്ലാതെ മറ്റെങ്ങും ശിശു സ്വാസ്ഥ്യം കണ്ടെത്തുന്നില്ല. മാതാവിന്റെ സ്നേഹ മസൃണമായ ലാളനകളിലാണ് അത് പൂർണ്ണമായ സമാധാനവും സ്വസ്ഥതയും അനുഭവിക്കുക. ഇപ്രകാരം ശിശുവിനെ മാതൃ നികടത്തിലേക്ക് വലിച്ചു കൊണ്ടു പോകുന്ന ആകർഷണ ശക്തി എന്തായിരിക്കും? അത് യഥാർത്ഥ ഭക്ത്യാദരങ്ങൾക്കർഹനായ സ്രഷ്ടാവിലേക്ക് മനുഷ്യനെ തിരിച്ചു വിടുന്ന ശിശു പ്രകൃതിയിൽ നിക്ഷിപ്തമായിരിക്കുന്ന സ്നേഹ ശക്തിയല്ലാതെ മറ്റൊന്നുമല്ല. (ഇസ്ലാംമത തത്വജ്ഞാനം, പേ, 85) വാസ്തവത്തിൽ മനുഷ്യന്റെ ശൈശവ ദശയിൽ തന്നെ വെളിപ്പെടുന്ന സമാധാനത്തിനും സംരക്ഷണത്തിനുമുള്ള അന്വേഷണ ത്വര സൃഷ്ടി കർത്താവ് മനുഷ്യനിൽ നിക്ഷേപിച്ചിരിക്കുന്നുവെന്ന് ഹദ്റത്ത് അഹ്മദ്(അ) മനോഹരമായി വിവരിച്ചിരിക്കുന്നു. വിശുദ്ധ ഖുർആനിലെ പ്രതിപാദ്യം മനുഷ്യനെ സൃഷ്ടിച്ചിരിക്കുന്നത് ദൈവത്തെ ആരാധിക്കാനാണ്. എന്നാൽ ഈ ആരാധന ഇസ്ലാം മതത്തിലെത്തുമ്പോൾ അഞ്ച്നേര നമസ്ക്കാരത്തിന്റെ രൂപത്തിൽ കാണാം. മറ്റു മതങ്ങളെ പരിശോധിക്കുകയാണെങ്കിൽ അവർക്കും അവരുടേതായ ആരാധനാ രീതികൾ കാണാം. ഇങ്ങനെ സനിഷ്ക്കർശമായ ആരാധനകൾക്ക് പുറമെ ആനന്ദം നൽകുന്ന ആരാധനയുമുണ്ട്. പല ദൈവിക ദൃഷ്ടാന്തങ്ങൾ കാണുമ്പോഴും അവരുടെ ബോധേന്ദ്രിയങ്ങളിൽ നിന്ന് അറിയാതെ ദൈവസ്തുതി ഉയരുന്നു. ദൈവത്തിന്റെ സമുജ്ജ്വല ശക്തി പ്രകടനങ്ങൾ കാണുമ്പോൾ മനുഷ്യഹൃദയങ്ങളിൽ ദൈവ സ്തുതി ഉയരുന്നു. ഏതായാലും ഈ ദിവ്യാനുഭൂതി ലഭിച്ചവർ ഭാഗ്യവാന്മാരാണ്. അവരെ സംബന്ധിച്ചിടത്തോളം ദൈവം അവരുടേതും അവർ ദൈവത്തിന്റേതുമാണ്.

എന്നാൽ സർവ വസ്തുക്കളിലും ഊഷ്മാവെന്നപോലെ പരോക്ഷമായി സ്ഥിതിചെയ്യുന്ന അത്യന്തം സൂക്ഷ്മവും നിഗൂഢവുമായ ആ സർവാത്മക ശക്തിയെ മനുഷ്യന്റെ ബാഹ്യദൃഷ്ടിക്ക് കാണാനോ അപൂർണമായ ബുദ്ധിശക്തിക്ക് പ്രാപിക്കാനോ സാദ്ധ്യമല്ല. അതിനാൽ ആ അവ്യക്ത ശക്തിയെ തിരിച്ചറിയുന്ന വിഷയത്തിൽ മനുഷ്യന് വലിയ അബദ്ധങ്ങൾ വന്നുപോയിട്ടുണ്ട്. ഈ അബദ്ധങ്ങൾ മൂലമാണ് സൃഷ്ടി കർത്താവിനു മാത്രം അവകാശപ്പെട്ട ഭക്തി ഭാവങ്ങൾ സൃഷ്ടവസ്തുവിന് അർപ്പിക്കപ്പെടുന്നത്. ഈ പ്രമാദത്തെ വിശുദ്ധ ഖുർആൻ ദൃഷ്ടാന്തരൂപേണ ഭംഗിയായി എടുത്ത് കാണിച്ചിരിക്കയാണ്. അത് ഈ ദൃശ്യപ്രപഞ്ചത്തെ അടിത്തട്ടിൽ തെളിവാർന്ന കണ്ണാടി പകുത്തിട്ടുള്ളതും അതിനടിയിൽ കൂടെ ശക്തമായ ജലം പ്രവഹിക്കുമാറാക്കിയതുമായ സ്ഫടിക സൗധത്തോട് ഉപമിച്ചിരിക്കുന്നു. പളുങ്കു തട്ടിന്റെ ഉപരി ഭാഗം ദർശിക്കുന്ന എത് ഉദാസീന ദൃഷ്ടാവും കണ്ണാടിയെ വെള്ളമെന്നു തെറ്റിദ്ധരിക്കുന്നു. വെള്ളത്തിൽ കൂടെ നടന്നു പോകുന്നതിനെന്ന പോലെ അതിന്മേൽ നടക്കുവാൻ ശങ്കിക്കുകയും ചെയ്യുന്നു. അതാകട്ടെ അടിയിലുള്ള ജലത്തെ പ്രതിബിംബിച്ചു കാണിക്കുന്ന സ്വച്ഛ സ്ഫടികം മാത്രമാണ്. ഇതേ പ്രകാരം ആകാശത്തിൽ ചരിക്കുന്നതായി കാണപ്പെടുന്ന സൂര്യചന്ദ്ര ഗ്രഹങ്ങൾ അവയുടെ പിന്നിൽ പ്രവർത്തിച്ചു കൊണ്ടിരിക്കുന്ന സൽവ്വോൽകൃഷ്ട സത്തയെയാണ് വെളിപ്പെടുത്തുന്നത്. എന്നാൽ പ്രസന്നമായ കണ്ണാടിയുടെ പ്രതല ദർശനത്തെ തെറ്റിദ്ധരിച്ചത് പോലെ ഒരു വ്യാമോഹത്താൽ മനുഷ്യന്റെ ദോഷാന്വിതമായ വിവേചന ശക്തി നഭശ്ചരങ്ങളായ ഗോളങ്ങളുടെ മുമ്പിൽ ഭക്തിപൂർവം വണങ്ങുന്നു. ഈ സ്ഫടിക സങ്കാശങ്ങളായ ജ്യോതിർഗോളങ്ങളിലൂടെ സ്വയം പ്രത്യക്ഷപ്പെടുന്ന ആ സർവ്വാത്മക ശക്തി അവയിൽ നിന്നെല്ലാം വ്യതിരിക്തമായ ഒന്നാണ്. എന്നാൽ സൃഷ്ടിപൂജകരായ ബഹുദൈവ വിശ്വാസികൾ ഈ പ്രാപഞ്ചിക വസ്തുക്കളിലൂടെ പ്രകാശിതമാവുന്ന ആ സത്യേക ശക്തിയുടെ ഗുണകർമ്മങ്ങളെ ഈ ജഡവസ്തുക്കളിൽ തന്നെ ആരോപിച്ച് ദൈവത്വം കൽപ്പിക്കുന്നത് കേവലം അവരുടെ ദൃഷ്ടി വികൽപ്പം കൊണ്ടാണ്. (ഇസ്ലാം മതതത്വ ജ്ഞാനം. 86-87)

അനിതരസാധാരണമായ നിലയിൽ യുക്തി വാദം തലപൊക്കുന്ന ഈ കാലഘട്ടത്തിൽ, പ്രത്യേകിച്ച് യുവതലമുറയെ തന്റെ വരുതിയിൽ നിർത്താൻ പിശാച് മുന്നിട്ടിറങ്ങുന്ന സ്ഥിതിവിശേഷമാണുള്ളത്. ലോകാവസാനം വരെ ഞാൻ മനുഷ്യനെ വഴിതെറ്റിക്കുമെന്ന പ്രതിജ്ഞ പിശാച് എടുത്തിട്ടുണ്ട്. മനുഷ്യന്റെ ദൗർബല്യത്തെ ചൂഷണം ചെയ്യുന്ന പിശാചിന്റെ വൈദഗ്ദ്യം ആശ്ചര്യ ജനകമാണ്. പൈശാചിക പ്രവണതകളുടെ സന്തതിയായി യുക്തി വാദത്തെ കണ്ടാൽ കാര്യങ്ങൾ വ്യക്തം. പതിയെ പതിയെ ആക്രമിക്കുന്ന രീതികളാണ് യുക്തിവാദത്തിനുള്ളത്. കാരണം സൃഷ്ടിക്കപ്പെട്ടവന് സൃഷ്ടാവിനോട് ചില ബാദ്ധ്യതകളുണ്ട്. ആ ബാദ്ധ്യത സൃഷ്ടികളിൽ നിന്ന് ലഭിച്ചില്ലെങ്കിൽ അത് നന്ദികേടാണ്. ധിക്കാരമാണ്. നേടിയെന്നവകാശപ്പെടുന്ന ജ്ഞാനത്തിന്റെ ദൗർബല്യമാണ്. ഇനി അതിനെ അഹങ്കാരമെന്നും വിശേഷിപ്പിക്കാം. അത് അനുസരണക്കേടുമാണ്. കാരണം ബുദ്ധി രാക്ഷസന്മാർ പൊതു വേ സമ്മതിച്ചിരിക്കുന്നതെന്തെന്നാൽ അനന്തവും അജ്ഞാതവുമായിരിക്കുന്ന ഈ പ്രപഞ്ചത്തി

ന്റെ ഘടനയിൽ അനാവശ്യം എന്ന ഒന്ന് കാണാനാവുകയുയില്ല. ആകാശഗോളങ്ങളെ നോക്കൂ അവ നിശ്ചിതങ്ങളായ സഞ്ചാരപഥങ്ങളിൽ സഞ്ചരിക്കുന്നു. അവയുടെ ധർമ്മങ്ങൾ നിർവ്വഹിക്കുന്നു. മനുഷ്യനിർമിതിയിലാണ് കൂട്ടിയടികളും വൈകല്യങ്ങളും കാണുന്നത്.

ചുരുക്കിപറയുന്നതായാൽ ദൈവം സ്വയം പ്രകാശകനാണെങ്കിലും അത്യന്തം നിഗൂഢനും അവ്യക്തനുമായിട്ടാണ് ഇരിക്കുന്നത്. തന്മൂലം ആ സർവ്വാധികർത്താവിനെ സംബന്ധിച്ച നിശ്ചയജ്ഞാനത്തിലേക്ക് നമ്മെ നയിക്കുന്നതിന് ഈ സ്ഥൂല പ്രപഞ്ചത്തിൽ കാണപ്പെടുന്ന വ്യവസ്ഥിതിമാത്രം പര്യാപ്തമാവുകയില്ല. അതുകൊണ്ടാണ് ഈ ദൃശ്യപ്രപഞ്ചത്തിലെ സംവിധാനത്തെ അവലംബിച്ചു വിചിന്തനം ചെയ്തിട്ടുള്ളവർക്ക് എങ്ങും നിറഞ്ഞുകാണാവുന്ന പരിപൂർണ്ണ വ്യവസ്ഥിതിയും ക്രമപദ്ധതിയും പ്രകൃതിയുടെ നിരവധി അത്ഭുതങ്ങളും കണ്ടാനന്ദിക്കുവാനും ആകാശത്തിലും ഭൂമിയിലും സൂക്ഷ്മാവലോകനം ചെയ്ത് പ്രകൃതിശാസ്ത്രം, ജ്യോതിശാസ്ത്രം, തത്വശാസ്ത്രം എന്നിവയിൽ നൈപുണ്യം നേടുവാനും സാധിക്കാതെ, ചരാചരാത്മകമായ ഈ വിശ്വകടാഹത്തിന് സ്രഷ്ടാവും രക്ഷിതാവുമായ ഒരു ദൈവമുണ്ടെന്ന് ദൃഢബോധം വരുത്തുന്നതിന് സാധിക്കാതിരുന്നത്. അവർക്ക് ദൈവത്തിന്റെ സത്തയെകുറിച്ച് സന്ദേഹങ്ങളാകുന്ന അന്ധകാരപടലത്തിൽനിന്ന് മുക്തരാകാൻ കഴിഞ്ഞില്ല. അവരിൽ അധികം പേരും പല അബദ്ധ ധാരണകൾക്കും വശഗരാവുകയും നിരർത്ഥകങ്ങളായ ഊഹാപോഹങ്ങളിൽ കുടുങ്ങിപ്പോവുകയുമാണുണ്ടായത്. എന്നാൽ പ്രപഞ്ചകർത്താവിനെ സംബന്ധിച്ചുള്ള അന്വേഷണത്തിൽ അവരുടെ വിജ്ഞാനം അവർക്ക് വല്ല വിധത്തിലും സഹായകമായിട്ടുണ്ടെങ്കിൽ, അത് ഈ പരിപൂർണ്ണവും അന്യൂനവുമായ പ്രകൃതിസംവിധാനം സംവീക്ഷിച്ചപ്പോൾ ഈ സുവ്യവസ്ഥിതമായ പ്രപഞ്ചക്രമത്തിന് തീർച്ചയായും ഒരു കർത്താവും നിയമകനുമുണ്ടായിരിക്കണമെന്ന അനുമാനത്തിൽ അവർ എത്തിച്ചേർന്നു എന്നതുമാത്രമാണ്. വാസ്തവത്തിൽ ഈ ബോധം ഈശ്വരസത്തയെ സംബന്ധിച്ചിടത്തോളം അപൂർവവും അപക്വവുമായ അറിവത്രെ. എന്തുകൊണ്ടെന്നൽ, വിസ്മയാവഹമായ വ്യവസ്ഥിതിയോടുകൂടിയ ഈ പ്രപഞ്ചത്തിനു ഒരു കർത്താവുണ്ടായിരിക്കണമെന്ന അനുമാനത്തിനും യഥാർത്ഥത്തിൽ അവൻ ഉണ്ടെന്ന നിശ്ചയ ജ്ഞാനത്തിനും തമ്മിൽ വളരെ അന്തരമുണ്ട്. സങ്കൽപ്പജ്ഞാനമാകട്ടെ മനസ്സിന് ശരിയായ സമാധാനവും സംതൃപ്തിയും നല്കുകയോ സന്ദേഹങ്ങളെ നിശ്ശേഷം ദൂരീകരിക്കുകയോ ചെയ്യുന്നതിനു പര്യാപ്തമല്ല. ദൈവത്തെ സംബന്ധിച്ചു പരിപൂർണ്ണവും പരമാർത്ഥവുമായ ജ്ഞാനലബ്ദിക്കായി മനുഷ്യനു സ്വഭാവേനയുള്ള ആർത്തിയെ ശമിപ്പിക്കുന്നതിനോ തൽവിഷയകമായി അവനുണ്ടാകുന്ന സംശയങ്ങളെ അകറ്റുന്നതിനോ പര്യാപ്തമായ രസായനപാനീയവുല്ല അത്. പ്രകൃതി പഠനം കൊണ്ടുണ്ടാകുന്ന ആ അപക്വജ്ഞാനം ന്യൂനതാപൂർണവും അപകടകരവുമാണ്. എന്തെന്നാൽ അതിൽ സാരസംയുക്തമായ യാഥാർത്ഥ്യത്തെക്കാൾ ശബ്ദകോലാഹലമാണ് അധികം. (ഇസ്‌ലാം മത തത്വജ്ഞാനം പേ. 88)

മറ്റൊന്ന് അനേകം സൃഷ്ടിജാലങ്ങളിൽ ഒന്നാണല്ലോ മനുഷ്യൻ. ഈ മനുഷ്യൻ എങ്ങനെ എതിരാളികളില്ലാത്ത ജീവൽ പ്രതിഭാസമായി എന്നതാണ്. അവൻ എല്ലാറ്റിനേയും അതിജയിക്കുന്നതായി കാണുന്നു. ദൃഷ്ടിഗോചരനായ ഉറുമ്പു മുതൽ അതികായനായ നീല തിമിംഗലം വരെ മനുഷ്യന്റെ വരുതിയിലാണ്. ഇവയൊക്കെ ശാരീരികമായി ദുർബലനായ മനുഷ്യന്റെ മുന്നിൽ മുട്ടു മടക്കിയിരിക്കുന്നു. കാരണം അവന്റെ നഗ്ന ശരീരം ഉപയോഗിച്ചുകൊണ്ട് ഒരു പൂച്ചയെപ്പോലും നേരിടാൻ കഴിവില്ലാത്തയത്ര ദുർബലനാണവൻ. അവന് വിശേഷബുദ്ധി ലഭിച്ചിരിക്കുന്നു. ചിന്തിക്കാനുള്ള കഴിവ് നൽകപ്പെട്ടിരിക്കുന്നു. ചിന്തയിൽ നിന്ന് അവൻ വിശേഷാൽ സാമ്രാജ്യം കെട്ടി പടുത്തിരിക്കുന്നു. ഇത് തന്നെ അവൻ സവിശേഷ സൃഷ്ടിയാണെന്നതിലേക്ക് അടിവരയിടുന്നു. മാനുഷിക ഗുണങ്ങളും നിരവധിയാണ്. മനുഷ്യനോട് മാത്രമാണ് ദൈവിക ഗുണങ്ങൾ സ്വായത്തമാക്കാൻ ആവശ്യപ്പെട്ടിരിക്കുന്നത്. പക്ഷിമൃഗാദികളോട് അത് ആവശ്യപ്പെടുന്നില്ല. അപ്പോൾ ഉത്തമ സൃഷ്ടിയായിരിക്കെ മനുഷ്യന്റെ ബാദ്ധ്യതകളും വലുതാണ്. കരുണ, ദയ, സഹാനുഭൂതി, സഹവർത്തിത്വം, സഹകരണം, വിനയാർദ്രത, സൗമ്യത, ഇതൊക്കെ മനുഷ്യൻ സ്വായത്തമാക്കേണ്ട ഗുണഗണങ്ങളാണ്. ഇത് മനുഷ്യേതര ജീവജാലങ്ങളിൽ നിന്നും പ്രതീക്ഷിക്കേണ്ടതില്ല. ചില ദൗർഭാഗ്യവാന്മാർ ക്രൂരതയിൽ മൃഗങ്ങളേക്കാൾ അധഃപതിക്കുന്നു. ഇത്തരക്കാർ പാഴ്ജന്മങ്ങളായി മാറുകയും സൃഷ്ടിപ്പിന്റെ മഹത്തായ ഉദ്ദേശ്യത്തിൽ നിന്ന് വിദൂരപ്പെടുകയുമാണ്.

ഒരു യുക്തിവാദിക്ക് എങ്ങനെയാണ് മാനസികമായ അനുഭൂതി നേടാൻ കഴിയുന്നത്? അവൻ എങ്ങനെ ആത്മനിർവൃതി അടയും? മനുഷ്യജീവിതം നശ്വരമാണ്. അതിനിടക്ക് അവന്റെ സ്രഷ്ടാവിന്റെ സൃഷ്ടിവൈഭവങ്ങളെ കൂറിച്ച് ആലോചിച്ചും അവനെ ആരാധിച്ചും അവന് സ്തുതികളർപ്പിച്ചും ഈ നശ്വര ജീവിതം സാർത്ഥകമാക്കുകയാണ് മനുഷ്യന് ഭൂമിയിലെ ജീവിത ദൗത്യം.

www.alislam.org

# പച്ചവൃക്ഷത്തിൽ നിന്നുള്ള തീ

പച്ചവൃക്ഷത്തിൽ നിന്ന് നിങ്ങൾക്ക് തീ ഉൽപ്പാദിപ്പിച്ചു തന്നവനാണവൻ. അപ്പോൾ അതാ നിങ്ങൾ അതിൽ നിന്ന് കത്തിച്ചെടുക്കുന്നു. (വി.ഖു. 36:81)

എം. മുബാറക്ക് അഹ്മദ് കരുനാഗപ്പള്ളി

ഇത് എങ്ങനെയാണ് സംഭവിക്കുന്നതെന്ന് പരിശോധിക്കാം. 40 കോടി വർഷങ്ങൾക്ക് മുമ്പ് തുടങ്ങി 650 ലക്ഷം വർഷങ്ങൾ നീണ്ടു നിന്ന കാർബോണീസ് കാലഘട്ടത്തിലാണ് കൽക്കരി അടരുകൾ വൻ തോതിൽ രൂപം കൊണ്ടത്. ഇന്നും ലോകത്ത് വൻ തോതിൽ ഉപയോഗിക്കുന്നതും വില കുറഞ്ഞതുമായ ഊർജ്ജ സ്റോതസ്സ് കൽക്കരി തന്നെയാണ്. അതിനാലാണ് ഇതിനെ കറുത്ത വജ്രം എന്ന് വിളിക്കുന്നത്.

കോടിക്കണക്കായ വർഷങ്ങൾക്ക് മുമ്പ് ഭൂമുഖത്തുണ്ടായിരുന്ന വൻ വൃക്ഷങ്ങളും സസ്യങ്ങളും സംഭരിച്ചു വെച്ച സൗരോർജ്ജമാണ് കൽക്കരിയിൽ ഉള്ളടങ്ങിയിരിക്കുന്നത്. ഊർജ്ജം എന്നത്കൊണ്ട് ഇതിനെ കുഴിച്ചുമൂടപ്പെട്ട സസ്യവെയിൽ എന്നും വിളിക്കുന്നുണ്ട്.

ഈ അടുത്തകാലം വരെ വലിയ കപ്പലുകളും തീവണ്ടികളും കൽക്കരി കത്തിച്ച് വെള്ളത്തിൽ നിന്നും ആവിയുണ്ടാക്കിയാണ് യന്ത്രങ്ങൾ പ്രവർത്തിച്ചിരുന്നത്. ഇപ്പോഴും താപ വൈദ്യുതനിലയങ്ങളിലും ഉരുക്കുനിർമ്മാണ ഫാക്ടറികളിലും ചെറുതും വലുതുമായ മറ്റു പല വ്യവസായ ശാലകളിലും ഉപയോഗിക്കുന്ന മുഖ്യമായ ഊർജ്ജം കൽക്കരി തന്നെയാണ്. ബ്രിട്ടനിലേയും യൂറോപ്പിലേയും ഊർജ്ജാവശ്യത്തിന്റെ പകുതിയിലധികം കൽക്കരി തന്നെയാണ് നിറവേറ്റുന്നത്.

കൽക്കരിയുടെ ഒരു കഷണം സൂക്ഷ്മ ദർശിനിയിലൂടെ പരിശോധിച്ചാൽ സസ്യങ്ങളിൽ കാണുന്ന സൈലം ഫ്ളോയം വെസലുകളും മറ്റു കലകളും സസ്യനാരുകളും കാണാൻ കഴിയും. കൽക്കരി പടലങ്ങൾക്കുള്ളിൽ സസ്യബിജാണുക്കളും പരാഗരേണുക്കളും വിത്തുകളും തടിയുടെ കാതൽ തുടങ്ങിയവയും കാണപ്പെടുന്നു. ഇതിനെ തുടർന്നു നടത്തിയ പഠനങ്ങളിൽ നിന്നും കോടാനു കോടി വർഷങ്ങൾക്ക് മുമ്പ് ഭൂമുഖത്തുണ്ടായിരുന്ന ഭീമാകാരമായ വൻ വൃക്ഷങ്ങൾക്ക് സംഭവിച്ച രൂപ പരിണാമമാണ് ഇന്ന് കാണുന്ന കൽക്കരി എന്ന ഇന്ധനം എന്ന് ബോദ്ധ്യമായി.

നാലപ്പത് കോടി വർഷങ്ങൾക്ക് മുമ്പ് ഭൂമുഖത്ത് വലിയൊരു ഭാഗവും ചതുപ്പ് നിലങ്ങളായിരുന്നു. അവിടെ അതിഭീമാകാരങ്ങളായ വൃക്ഷങ്ങളും മറ്റു സസ്യങ്ങളും സമൃദ്ധമായി വളർന്നിരുന്നു. കാലപ്പഴക്കം കൊണ്ടും പ്രകൃതി ക്ഷോഭം കൊണ്ടും തകർന്നടിഞ്ഞ വൃക്ഷാവശിഷ്ടങ്ങൾ രൂപം കൊടുത്ത വരമണ്ണിൽ നിന്നും ക്രമേണ പല ജൈവ പ്രവർത്തനങ്ങളിലൂടെ കടന്ന് കൽക്കരി പാളികൾ രൂപമെടുത്തു. ഭൂകമ്പങ്ങളുടെയും മറ്റു പ്രകൃതി ക്ഷോഭങ്ങളുടെയും ഫലമായി ഇവ മണ്ണിനടിയിൽ സംരക്ഷിക്കപ്പെട്ടു പോന്നു. ഇന്ന് കാണുന്ന കൽക്കരി പാടങ്ങളധികവും ഭൂമിയുടെ ഉപരിതലത്തിൽ തന്നെയായിരുന്നു കാണപ്പെട്ടത്. നാം അതെടുത്ത് ഉപയോഗിച്ചാണ് ഭൂമിക്കടിയിലെ നിക്ഷേപത്തിൽ എത്തിപ്പെട്ടത്. ഇന്നും ഭൂമുഖത്ത് ചില ചതുപ്പു സ്ഥലങ്ങളിൽ വരമണ്ണിന്റെ രൂപീകരണം നടക്കുന്നുണ്ട്. അതിൽ നിന്നും കൽക്കരി രൂപമെടുക്കാൻ നീണ്ട കാലയളവ് വേണ്ടി വരും. ഇപ്പോൾ ലോകത്തുള്ള മൊത്തം കൽക്കരി നിക്ഷേപം 872,825,00,00,000 ടൺ ആണ്. ഇത് വരുന്ന 3000 വർഷങ്ങൾ മനുഷ്യന് ഉപയോഗിക്കാൻ മതിയായതാണ്. ഇതിലും അധികമാണ് ഭൂമിയുടെ ആഴങ്ങളിലുള്ള നിക്ഷേപം. ഇതിനൊക്കെ പുറമേയാണ് പുതിയ കൽക്കരിപ്പാടങ്ങളുടെ കണ്ടെത്തൽ. എണ്ണ, പ്രകൃതി വാതകങ്ങളിൽ നിന്ന് ലഭിക്കുന്ന ഊർജ്ജ മൂല്യത്തിന്റെ മുപ്പത് മടങ്ങിലധികം ഊർജ്ജമാണ് അതിനേക്കാൾ കുറഞ്ഞ അളവിൽ കൽക്കരിയിൽ നിന്ന് ലഭിക്കുന്നത്. എണ്ണയടക്കമുള്ള പ്രകൃതിയിലെ കാർബൺ ഊർജ്ജ സ്റോതസ്സുകളുടെ രൂപീകരണത്തിനും കോടാനു കോടി വർഷങ്ങൾക്ക് മുമ്പ് ഭൂമിക്കടിയിൽ കുഴിച്ചുമൂടപ്പെട്ട

ശേഷം പേജ് 31 ൽ

# ഇസ്‌ലാമും മനുഷ്യാവകാശങ്ങളും

മാനവവംശം ഇതപര്യന്തം ആർജ്ജിച്ച മൂല്യങ്ങൾ ക്രോഡീകരിച്ചുള്ള ഒരു ബോധന പ്രഖ്യാപനമാണ് ഐക്യരാഷ്ട്ര സഭയുടെ മനുഷ്യാവകാശ പ്രഖ്യാപനങ്ങൾ. അതൊരു നിയമ പ്രമാണമല്ല. രാജ്യങ്ങളുടെ ഭരണകൂടങ്ങൾ യഥോചിതം അത് നിയമങ്ങളായി പരിവർത്തിക്കേണ്ടതുണ്ട്. ഇസ്‌ലാമിലെ ഏറ്റവും പ്രാമാണിക ഗ്രന്ഥമായ വിശുദ്ധ ഖുർആനും അത്തരത്തിൽ ശുഷ്ക്കമായ ഒരു നിയമചട്ടുകമല്ല. അത് വളരെ ഉദാരമായ ഒരു മൂല്യനിർദ്ദാരണ പദ്ധതിയാണ് ഉദ്ബോധനം ചെയ്യുന്നത്.

സർ സഫറുല്ലാഹ് ഖാൻ

ജീവിതം സ്ഫോടനാത്മകമാണ്. മനുഷ്യനും മനുഷ്യസമുദായവും അപ്രകാരം തന്നെ. ഘർഷണമാണ് സ്ഫോടനാത്മകതയുടെ ഒരു മുഖ്യലക്ഷണം. സാമൂഹ്യമൂല്യങ്ങളുടെ അടിസ്ഥാനത്തിൽ പറയുമ്പോൾ വിയോജിപ്പ് എന്നും പലപ്പോഴും തർക്കം എന്നും ഇതിന് അർത്ഥം നൽകപ്പെടുന്നു. വിയോജിപ്പ് -അല്ലെങ്കിൽ വിയോജിക്കാനുള്ള അവകാശം- ആണ് എല്ലാ അറിവിന്റേയും അന്വേഷണത്തിന്റെയും പരിശോധനയുടെയും പര്യവേഷണത്തിന്റേയും ഗവേഷണത്തിന്റെയും സർവ്വോപരി പുരോഗതിയുടെയും അടിത്തറ. അതിനാൽ ഭിന്നാഭിപ്രായം പ്രകടിപ്പിക്കാനും ചോദ്യം ചെയ്യാനും വിയോജിക്കാനും ആവശ്യമെങ്കിൽ പ്രതിഷേധിക്കാൻ പോലുമുള്ള ഈ അവകാശത്തെ പരിരക്ഷിക്കാൻ പരിശ്രമിച്ചുകൊണ്ടിരിക്കെ തന്നെ നമ്മുടെ അഭിപ്രായം അത് മതപരമോ തത്വചിന്താപരമോ ശാസ്ത്രീയമോ സാമൂഹികമോ സാമ്പത്തികമോ രാഷ്ട്രീയമോ ഏതായിരുന്നാലും ശരി ഗുണപ്രദമായ രീതിയിലാണ് നശീകരണ പരമായിട്ടല്ല സ്വാധീനം ചെലുത്തുന്നത് എന്ന് ഉറപ്പ് വരുത്താനും നാം യത്നിക്കേണ്ടതുണ്ട്. അഭിപ്രായ ഭിന്നത മൂർച്ഛിക്കുന്നു എന്ന് വരുമ്പോൾ അതിനെ ഒതുക്കുകയും അംഗീകൃത മാർഗ്ഗങ്ങളിലൂടെ തീരുമാനം കണ്ടെത്തുകയോ നീക്ക്പോക്കുകകളുണ്ടാക്കുകയോ ചെയ്യുകയും വേണം. എന്നുവെച്ചാൽ നാമെല്ലാം പൂർണ്ണ മനസ്സാലെ ആവശ്യമെങ്കിൽ ഇഷ്ടമില്ലാതെ തന്നെയും എന്നല്ല നിർബന്ധമായിട്ടു പോലും നിയമ വാഴ്ചക്ക് കീഴ്പ്പെടാൻ തയ്യാറാവുകയും വേണം.

നിയമം എന്ന പദത്തിന്റെ നിയമശാസ്ത്ര പരമായ അർത്ഥത്തിൽ മനുഷ്യാവകാശ പ്രഖ്യാപനം (Declaration of Human Rights) ഒരു നിയമം ആയി കഴിഞ്ഞിട്ടില്ല. എങ്കിലും നൂറ്റാണ്ടുകാലത്തെ യാതനകൾക്കും വേദനകൾക്കുമിടയിൽ സ്വാതന്ത്ര്യത്തിന്റെയും നീതിയുടെയും സമത്വത്തിന്റെയും ലക്ഷ്യത്തിലേക്ക്, ചരിത്രത്തിന്റെ ഇടനാഴിയിലൂടെ മനുഷ്യൻ വെട്ടിത്തെളിയിച്ച ദീർഘവും ദുർഘടവും ക്ലേശകരവുമായ പാതയിൽ മിന്നിത്തിളങ്ങുന്ന ഒരു നാഴികയെന്നോണം അത് വിരാജിക്കുകയാണ്. എല്ലാ കാലഘട്ടങ്ങളിലും വിവിധ രംഗങ്ങളിലായി ഫലങ്ങൾ വ്യത്യസ്തങ്ങളാണെന്നിരിക്കിലും മനുഷ്യൻ സ്വാതന്ത്ര്യത്തിനും നീതിക്കുംവേണ്ടി പൊരുതിക്കൊണ്ടിരുന്നിട്ടുണ്ട്. ഈ സമരങ്ങളോരോന്നും ഒരോന്നിലും സമാർജ്ജിച്ച നേട്ടങ്ങളും കാലാന്തരത്തിൽ മനുഷ്യ താൽപര്യങ്ങളെ കൂടുതൽ കൂടുതൽ മുന്നോട്ടു നയിക്കുകയും മനുഷ്യാവകാശ പ്രഖ്യാപനത്തിന്റെ രൂപവത്ക്കരണത്തിനാവശ്യമായ സംഭാവനകൾ നൽകുകയും ചെയ്തിട്ടുണ്ട്. പ്രഖ്യാപനമാവട്ടെ ഇതേ ലക്ഷ്യത്തിലൂന്നിക്കൊണ്ടുള്ള മഹത്തായ മറ്റു ചരിത്രരേഖകളുടെയും തിട്ടൂരങ്ങളുടെയും കൂട്ട

ത്തിൽ നിൽക്കാൻ അർഹത നേടുകയും ചെയ്തിരിക്കുന്നു.

എഴുതപ്പെട്ട ഭരണഘടനകളിൽ ചിലത് വിശിഷ്യാ പുതുതായി സ്വാതന്ത്ര്യമാർജ്ജിച്ച രാജ്യങ്ങളിൽ ഭരണഘടനകളിൽ ചിലത് മനുഷ്യാവകാശ പ്രഖ്യാപനത്തിലെ ഖണ്ഡികകളിൽ പലതിന്റെയും സാരാംശങ്ങൾ സ്ഥിരം വകുപ്പുകളായി ഉൾക്കൊള്ളിച്ചിട്ടുണ്ട്. മറ്റു ചില ഭരണഘടനകൾ അവയിൽ ചിലതിനെ ഭരണനയങ്ങളുടെ നിർദ്ദേശക തത്വങ്ങളായി ചുണ്ടിക്കാണിച്ചിട്ടുണ്ട്. ആദ്യത്തേതിൽ ബന്ധപ്പെട്ട വകുപ്പുകൾ വിചാരണക്ക് വിധേയമാക്കാവുന്നതും തന്മൂലം കോടതി നടപടികൾ മുഖേന ബലത്തിൽ വരുത്താവുന്നതും ആയിത്തീർന്നിരിക്കയാണ്. അത്രത്തോളം നല്ലത്. എന്നാലിതും ഒരു തുടക്കം മാത്രമേ ആവുന്നുള്ളൂ. ഇക്കാര്യത്തിലെന്നല്ല മറ്റു പല കാര്യങ്ങളിലും തന്നെ നമുക്ക് ഇനിയും പലതും സാധിക്കേണ്ടതുണ്ട്.

ഈ മനുഷ്യാവകാശങ്ങൾ കോടതി നടപടികളിലൂടെ ബലത്തിൽ വരുത്താൻ കഴിയുന്ന തരത്തിലുള്ള നിയമപരമായ അംഗീകാരത്തോടുകൂടിയതായിരിക്കുമെന്ന് ഉറപ്പ് വരുത്തേണ്ടതിന്റെ ആവശ്യകതകൂടി വിപുലമായി അംഗീകരിക്കപ്പെടുന്നതിന് വേണ്ടി തന്നെയായിരിക്കണം ഈ ഘട്ടത്തിൽ നമ്മുടെ സുപ്രധാന യത്നം. ഇക്കാര്യത്തിൽ ഉപയോഗപ്പെടുത്തേണ്ട മുഖ്യ ഉപാധി ഒരോ സ്റ്റേറ്റിന്റെയും ദേശീയ നിയമ നിർമ്മാണ സഭകൾ തന്നെയാണ്. ഭരണഘടനാപരവും നിയമപരവുമായ മാർഗ്ഗത്തിൽ ദേശീയ നീതിന്യായ സംവിധാനങ്ങൾവഴി ബലത്തിൽ വരുത്താവുന്ന തരത്തിൽ മനുഷ്യാവകാശങ്ങൾക്ക് ഒരോ ഗവൺമെന്റും നിയമസാധുകത്വം നൽകേണ്ടിയിരിക്കുന്നു. എന്തെങ്കിലും കോടതി നടപടികൾ അനാശാസ്യകരമായ തരത്തിൽ വിഘ്നപ്പെടാതിരിക്കുകയും യാതൊരു അലട്ടും തടസ്സവും കൂടാതെ ഒടുക്കം വരെ അത് നടത്തിക്കൊണ്ട് പോകാമെന്ന് ഉറപ്പ് നൽകുകയും ചെയ്യുന്ന സ്റ്റേറ്റുകളിൽ മാത്രമേ ഈ നടപടികൾ ഫലപ്രദമായിതീരുകയുള്ളു. മനുഷ്യാകാശങ്ങൾ പരിരക്ഷിക്കപ്പെടുന്നതിനും സ്വാതന്ത്ര്യവും നീതിയും സമത്വവും ഉറപ്പ്വരുത്തുന്നതിനും സ്വതന്ത്ര ജുഡീഷ്യറി അനുപേക്ഷണീയമാണെന്ന് സാരം.

ഈ ഉദ്ദേശ്യ ലക്ഷ്യങ്ങൾ സാധിക്കുന്നതിന് വേണ്ടി സ്വതന്ത്രവും അനധീനവുമായ ജുഡീഷ്യറിയുടെ പിന്തുണയോടുകൂടിയ ദേശീയാടിസ്ഥാനത്തിലുള്ള നിയമ നിർമ്മാണ പ്രവർത്തനം വളരെയേറേ മുന്നോട്ടു പേകേണ്ടതുണ്ട്. റീജനൽ ട്രിബ്യൂണലുകളിലും ഒടുക്കം അന്താരാഷ്ട്ര ട്രിബ്യൂണലുകളിലും അപ്പീലുകൾ ബോധിപ്പിക്കാനുള്ള നടപടികൾ, ദേശീയ തലത്തിൽ പരിഹാരം കാണാനുള്ള യാതൊരു ഉപാധിയും ഇല്ലാത്ത പരിതസ്ഥിതികളിൽ മാത്രമായിരിക്കണം. ദേശീയ തലത്തിൽ യാതൊരു പരിഹാരവും കാണാൻ സാദ്ധ്യമാവാതെ വരുമ്പോൾ മാത്രമല്ലാതെ റീജ്യനൽ ട്രിബ്യൂണലുകളിലോ അന്തർദേശീയ ട്രിബ്യൂണലുകളിലോ പ്രശ്നം കൊണ്ടു പോകാൻ പാടുള്ളതല്ലെന്ന ഉപാധി നിശ്ചയിക്കാത്ത പക്ഷം ദേശീയവും പ്രാന്തീയവും അന്തർദേശീയവുമായ ട്രിബ്യൂണലുകളുടെ രമ്യമായ പ്രവർത്തനം വിഷമപൂർണ്ണവും ബുദ്ധിമുട്ടു പിടിച്ചതുമായിതീർന്നേക്കും.

മനുഷ്യാവകാശങ്ങൾ ഉൾക്കൊള്ളുന്ന നിയമ നിർമ്മാണ പരമായ ഉപാധികളെ സംബന്ധിച്ചിടത്തോളം, ഈ അവകാശ പ്രഖ്യാപനം ഒരു കരട് ബിൽ (Draft Bill) അല്ലെന്നും ആ നിലയിൽ അതിനെ ഉപയോഗപ്പെടുത്താനാവില്ലെന്നും ഓർക്കേണ്ടതുണ്ട്. പ്രഖ്യാപനത്തിലെ ചില ഖണ്ഡികകൾ വ്യക്തവും വസ്തു നിഷ്ഠവുമായ നിയമങ്ങൾ ഉൾക്കൊള്ളുന്നതും ചില പദപ്രയോഗങ്ങളിൽ അൽപ്പസ്വൽപ്പം വ്യത്യാസം വരുത്തി ക്കൊണ്ടുതന്നെ ഒരു ഡ്രാഫ്റ്റ് ബില്ലിൽ ഉൾപ്പെടുത്താൻ സാധിക്കുന്നതുമാണെങ്കിലും, മറ്റുള്ളവ ഭരണപരമായ നടപടികളിലൂടെ നേടിയെടുക്കേണ്ട ചില ലക്ഷ്യങ്ങളെ അഥവാ ആദർശങ്ങളെ ചൂണ്ടിക്കാണിക്കുന്നവ മാത്രമാണ്. അതാകട്ടെ നിയമപരമായ അധികാരങ്ങളുടെ പിന്തുണയോടുകൂടി ഭരണപരമായ നടപടികളിലൂടെ ഘട്ടം ഘട്ടമായി മാത്രം നടപ്പിൽ വരുത്തേണ്ടതുമത്രേ. ഓരോ പ്രദേശത്തും രാജ്യത്തും ഇക്കാര്യത്തിലുള്ള തിടുക്കവും ഉത്സാഹവും അവിടങ്ങളിലെ സാമൂഹ്യ സാമ്പത്തിക വസ്തുതകളെ ആശ്രയിച്ചിരിക്കുന്നതാണ്. ഇക്കാര്യത്തിൽ ഏകീകരണം വേണമെന്ന് നിർബ്ബന്ധിക്കുന്നത് യുക്തമല്ല. പ്രഖ്യാപനത്തിലെ ഒരോ ഖണ്ഡികയും അക്ഷരാർത്ഥത്തിൽ തന്നെ വഴങ്ങിക്കൊള്ളണമെന്ന് ആവശ്യപ്പെടുന്നതും ബുദ്ധിപൂർവ്വകമല്ല. ഇവയിൽ സാമൂഹ്യ സാംസ്ക്കാരിക മണ്ഡലങ്ങളെ സംബന്ധിക്കുന്ന ചില ഖണ്ഡികകൾ, ചില പ്രദേശങ്ങളിലെ ഭരണരീതികൾക്കും പ്രത്യേക സമ്പ്രദായങ്ങൾക്കും തത്വത്തിൽ മാത്രം സ്വീകാര്യമായവയെന്നും വരാം. നിയമനിർമാണത്തിന്റെ മൂശയിൽ വെക്കുന്നതിന് മുമ്പായി, അവയുടെ പ്രവർത്തന ക്രമത്തെയും അർത്ഥവ്യാപ്തിയേയും പ്രയോഗ രീതികളേയും സംബന്ധിച്ചിടത്തോളം ചില ഭേദഗതികളും ചില പരിധി നിർണ്ണയങ്ങളും വിശദീകരണങ്ങളും ആവശ്യമെന്ന് വരും. എന്നാൽ അടിസ്ഥാനപരമായ ഉദ്ദേശ്യങ്ങൾ നടപ്പിൽ വരുത്തുമെന്ന് കാണുന്ന പക്ഷം സാമൂഹ്യ സാംസ്കാരിക സ്ഥിത്യന്തരങ്ങൾക്കനുരോധമായി ചില നീക്കു പോക്കുകൾ നടത്തുന്നത് ദോഷകരമായിരിക്കില്ല. മറിച്ച് ഗുണകരമായിരിക്കുകയേഉള്ളു.

ഇത് മനുഷ്യന്റെ യുഗമാണ്. പ്രപഞ്ചത്തിൽ തനിക്കുള്ള സ്ഥാനത്തെക്കുറിച്ച് മനുഷ്യൻ ഇന്ന്

ബോധവാനാണ്. തന്റെ വ്യക്തിത്വവും അന്തസ്സും അംഗീകരിക്കപ്പെടണമെന്ന് അവന് നിർബന്ധമുണ്ട്. സഹജീവികളും സമുദായവും ഭരണകൂടങ്ങളും തന്നോടെത്ര മാത്രം കടപ്പെട്ടിട്ടുണ്ടെന്നും പകരം അങ്ങോട്ട് തനിക്കുള്ള കടപ്പാടെന്താണെന്നും അവൻ മനസ്സിലാക്കി തുടങ്ങിയിരിക്കുന്നു. ഈ പ്രക്രിയക്ക് ഉത്തേജനം നൽകുകയും അതിനെ ത്വരിതപ്പെടുത്തുകയും ചെയ്യേണ്ടതാവശ്യമാണ്. പ്രസ്തുത ബോധം അതില്ലാത്തിടത്ത് ഉണർത്തി വിടുകയും ഉള്ളേടങ്ങളിൽ ഉയർത്തുകയും വേണം. അവകാശങ്ങളും സ്വാതന്ത്ര്യങ്ങളും വിശേഷാധികാരങ്ങളും നേടിയെടുക്കുന്നതിനുള്ള മുഖ്യഉപാധിയെന്ന നിലയിൽ അവന്റെ കടമകളെയും കടപ്പാടുകളെയും ഊന്നിപ്പറയേണ്ടതാവശ്യമായിരിക്കുന്നു. എന്തെന്നാൽ അവ ഒരേ നാണയത്തിന്റെ രണ്ടു വശങ്ങൾ മാത്രമാണ്. നമ്മിൽ ഒരോരുത്തരും മറ്റുള്ള വരോട് പുലർത്തുന്ന കടമകളുടെയും കടപ്പാടുകളുടെയും അളവനുസരിച്ചായിരിക്കും നമ്മുടെ അന്തസ്സും സ്വാതന്ത്ര്യവും സമത്വവും പുലരുന്നൊരു അന്തരീക്ഷം സൃഷ്ടിക്കപ്പെടുക.

സമാധാനത്തിനുള്ള സകല പരിശ്രമങ്ങളും നടത്തിക്കൊണ്ടിരുന്നിട്ടും ഇരുപതാം നൂറ്റാണ്ടിന്റെ ഉത്തരാർദ്ധത്തിൽ രണ്ട് മഹായുദ്ധങ്ങളുടെ അതിഭയാനകമായ അനുഭവങ്ങളിലൂടെ കടന്ന് ഒരു അണുയുദ്ധത്തിന്റെ ഭീകരമായ കരിനിഴലിൽ കഴിയേണ്ടി വന്നിട്ടുള്ള മനുഷ്യൻ സ്വന്തം സഹോദരനിൽ നിന്നു തന്നെയുള്ള വിവേചനങ്ങൾക്കും അസഹിഷ്ണുതക്കും കൊടുംക്രൂരതകൾക്കും ഇരയായി തീർന്നുകൊണ്ടിരിക്കാൻ എന്താണ് കാരണം? പ്രകൃതി നിയമമനുസരിച്ച് മനുഷ്യന് അനുദിനമെന്നോണം അധികരിച്ചു വരുന്ന അറിവും പ്രകൃതി ശക്തികളുടെ മേൽ അവന് കൈവന്നിട്ടുള്ള വർദ്ധമാനമായ നേട്ടങ്ങളും നമ്മിൽ ഒരോരുത്തർക്കും പൂർവ്വോപരി സമ്പന്നവും സുഖസമൃദ്ധവുമായ ജീവിതത്തിലേക്കുള്ള വഴി തുറന്നിട്ടിരിക്കുന്നതിനെതുടർന്ന് ദുർമോഹം, സ്വാർത്ഥത, ചൂഷണം, പരാക്രമം തുടങ്ങിയവ - ഇതൊക്കെയാണ് തങ്ങളുടെ പ്രഭാവത്തിനും പുരോഗതിക്കുമുള്ള അടിസ്ഥാനങ്ങളെന്നാണല്ലോ ഈ ആയുധങ്ങളെടുത്ത് ഉപയോഗിക്കുന്നവർ തെറ്റായിട്ടാണെങ്കിലും കരുതി വന്നിട്ടുള്ളത്!. - ദുസാധീനങ്ങൾക്കൊന്നും സ്ഥാനമില്ലാത്ത ഒരു പുതിയ യുഗം സൃഷ്ടിക്കപ്പെടുമെന്ന് പലരും കരുതിയിരുന്നതാണ്. . സാർവ്വത്രികമായ ക്ഷേമാഭിവൃദ്ധി ചിലർ മറ്റു ചിലരുടെ മേൽ നടത്തുന്ന ചൂഷണവും മേധാവിത്വവും കൊണ്ടല്ല. മറിച്ച് കൂട്ടായ പ്രവർത്തനവും പരസ്പര സഹകരണവും കൊണ്ടാണ് കൈവരിക്കുകയെന്ന സത്യം നിത്യേന തെളിഞ്ഞുവരികയും എല്ലാ രംഗങ്ങളിലുമുള്ള അനുഭവങ്ങളിലൂടെ വീണ്ടും സ്ഥിരീകരിക്കപ്പെട്ടുകൊണ്ടിരിക്കുകയുമാണെന്നത് നിർവ്വിവാദമാണ്. ലോകത്തിലുള്ള എല്ലാ കോണുകളിലുമുള്ള ആളുകളെ ഇക്കാര്യം ബോദ്ധ്യപ്പെടുത്തുന്നതിനായിരിക്കണം നമ്മുടെ നിരന്തര ശ്രമം.

ഔദ്യോഗികവും ഭരണപരവും നിയമനിർമ്മാണപരവും നീതിന്യായനിർവ്വഹണപരവുമായ എല്ലാ മാർഗ്ഗങ്ങളിലൂടെയും, പരസ്പര ബാദ്ധ്യതയെക്കുറിച്ചുള്ള നമ്മുടെ ബാദ്ധ്യതകളെക്കുറിച്ചുള്ള ധാർമ്മികവും ആത്മീയവുമായ നിലവാരത്തിൽ തന്നെ ആഴത്തിലുറപ്പിക്കാൻ ഒറ്റക്കും കൂട്ടായും നാം അനവരതം പരിശ്രമിച്ച് കൊണ്ടിരിക്കേണ്ടതുണ്ട്.

ഇസ്‌ലാം ഈ ധാരണയെ മുസ്‌ലിംകളിലും മനുഷ്യ സമുദായത്തിലൊട്ടാകെ ഉത്തേജിപ്പിക്കാനും ഊന്നിയുറപ്പിക്കാനുമാണ് ശ്രമിക്കുന്നത്. നാം ഓരോരുത്തരും നമ്മുടെ കടമകളും ബാദ്ധ്യതകളും വേണ്ടവിധം നിറവേറ്റികൊണ്ട് എല്ലാവർക്കും വേണ്ടി സ്വാതന്ത്ര്യവും നീതിയും സമത്വവും പരിരക്ഷിക്കുന്നതിന് സഹായിക്കുകയും മനുഷ്യ ക്ഷേമവും സാമൂഹികവും സാമ്പത്തികവും ധാർമികവും ആദ്ധ്യാത്മികവുമായ എല്ലാ രംഗങ്ങളിലും പുരോഗതിയും വളർത്തുന്നതിന് വേണ്ടി കടമകളെയും കടപ്പാടുകളെയും കുറിച്ച് ഊന്നിപ്പറയുകയും ചെയ്യുന്നു. വിസ്ഫോടകമായ ഈ ലോകത്തിലെ പരിവർത്തനാത്മകവും വികസ്വരവുമായ എല്ലാപരിതസ്ഥിതികളിലും വ്യക്തിപരവും കുടുംബപരവും ദേശീയവും അന്തർദേശീയവുമായ ജീവിത മണ്ഡലങ്ങളിലെല്ലാം നന്മ വിളയാടുന്ന ഒരു സാമൂഹ്യ ജീവിത ക്രമം കെട്ടിപ്പടുക്കാൻ ഇസ്‌ലാം ശ്രമിക്കുന്നു. ഈ ഉദ്ദേശ്യാർത്ഥം അത് ചില വിശ്വാസങ്ങളുടെയും കർത്തവ്യങ്ങളുടെയും കടമകളുടെയും ബാദ്ധ്യതകളുടെയും ഉദ്ബോധനങ്ങളുടെയും അനുവാദങ്ങളുടെയും ഒരു ചട്ടക്കൂട് ഒരുക്കിത്തന്നിരിക്കയാണ്. എല്ലാ രംഗങ്ങളിലും എല്ലാ നിലവാരത്തിലുമുള്ള മാർഗ്ഗദർശനങ്ങളും അത് നമുക്ക് പ്രദാനം ചെയ്തിട്ടുമുണ്ട്.

ദിവ്യമായ അടയാളങ്ങളിലേക്ക് ശ്രദ്ധയാകർഷിച്ചുകൊണ്ട് സത്യവിശ്വാസത്തെ ഉൽപാദിപ്പിക്കുകയും ഉറപ്പിക്കുകയും ചെയ്യുക, ജനങ്ങളുടെ ധാർമ്മികവും ഭൗതികവുമായ ഉന്നമനത്തിന് വേണ്ടി പ്രവർത്തിക്കുക, അവർക്ക് മതനിയമങ്ങൾ പഠിപ്പിക്കുകയും മാർഗ്ഗദർശനം നൽകുകയും ചെയ്യുക, മതനിയമങ്ങളിലടങ്ങിയ തത്ത്വരഹസ്യങ്ങൾ ജനങ്ങൾക്ക് വിശദീകരിച്ചുകൊടുക്കുക തുടങ്ങിയവയാണ് ഒരു പ്രവാചകന്റെ കർത്തവ്യങ്ങളായി വിശുദ്ധ ഖുർആൻ വിവരിച്ചിട്ടുള്ളത്.

അത്യാവശ്യമായ ചില കാര്യങ്ങളിൽ മാത്രമേ ഖുർആനിൽ വിശദീകരണമുള്ളൂ. (63:3) ഇത് മുഖേന ഇസ്‌ലാം ബുദ്ധി വികാസ

ശേഷം പേജ് 31 ൽ

ഇസ്‌ലാമിക രാജ്യങ്ങളിലെ ന്യൂനപക്ഷങ്ങൾ - 5

# ഥിമ്മികളുടെ മൗലികാവകാശങ്ങൾ ഭരണകൂടത്തിന്റെ ഉത്തരവാദിത്തം

മുസ്‌ലിം രാജ്യങ്ങളിൽ കഴിയുന്ന അമുസ്‌ലിംകളായ പൗരന്മാരോട് മുസ്‌ലിം ഭരണകൂടം അനുവർത്തിക്കേണ്ട പ്രാമാണിക സമീപനങ്ങളെക്കുറിച്ചും റസൂൽ തിരുമേനി (സ) യുടെയും ഖുലഫാ ഉർറാശിദായുടെയും മാതൃകയെ സംബന്ധിച്ചുമുള്ള വിവരണം. Minorities in an Islamic State എന്ന ലഘു കൃതിയുടെ വിവർത്തനം. വിവ: കെ. വി. ഹസ്സൻ കോയ കോഴിക്കോട്.

മാലിക്ക് സൈഫുർറഹ്മാൻ

ഥിമ്മികൾക്കെതിരിൽ നിയമങ്ങൾ ഉണ്ടാക്കിയ നിയമജ്ഞന്മാർ ഈ നിയമങ്ങൾക്ക് കണ്ട ന്യായീകരണങ്ങൾ കുറിക്കുന്നത് താൽപര്യജനകമാണ്. അവ നമ്മെ വിസ്മയിപ്പിക്കുന്നു.

ഉദാഹരണമായി നിയമജ്ഞമാരുടെ അഭിപ്രായമനുസരിച്ച് അങ്ങനെയുള്ള നിയമ പരിമിതികൾ ഥിമ്മികൾക്ക് അപമാനമുണ്ടാക്കാനും അവരുടെ ശക്തിഹീനത ഉറപ്പിക്കാനുമാണ്. ഇത് ദുർബലരായ മുസ്‌ലിംകളെ ശക്തിപ്പെടുത്താൻ കൂടിയുള്ളതാണ് എന്നവർ അഭിപ്രായപ്പെടുന്നു. കൂടാതെ അവരുടെ അഭിപ്രായത്തിൽ എത്രത്തോളം മുസ്‌ലിംകൾ ബഹുമാനിക്കപ്പെടുന്നുവോ അത്രത്തോളം ഥിമ്മികൾ അപമാനിക്കപ്പെടണം എന്നാണ്. മുസ്‌ലിംകൾക്കും അമുസ്‌ലിംകൾക്കുമിടയിൽ വിവേചനത്തിന്റെ അടയാളമില്ലെങ്കിൽ അവരെപോലെ ഥിമ്മികളും ബഹുമാനിക്കപ്പെടും. അത് നിയമ വിരുദ്ധവുമാണ്. അതുകൊണ്ടാണ് അത്തരം വിവേചനവും ഈ നിയന്ത്രണങ്ങളും അടയാളങ്ങളും അവശ്യമായി വരുന്നത്. ഥിമ്മിയുടെ ആത്മാഭിമാനം വർദ്ധിപ്പിക്കേണ്ടതിനു പകരം കുറക്കുകയാണ് ഇവർ ചെയ്യുന്നത്. എന്തെന്നാൽ രാഷ്ട്രീയമായ കാര്യലാഭത്തിന് ഇത് ആവശ്യമാണ്. ഈ ജനങ്ങൾ ദുർബലരും അടിച്ചമർത്തപ്പെട്ടവരുമായി വെക്കപ്പെടേണ്ടത് ചില മുസ്‌ലിം ഭരണാധികാരികളുടെ സ്വാർത്ഥ താൽപര്യമായിരുന്നു.

ചില മുസ്ലിം പക്ഷപാതികൾ ഇത്തരം നിയന്ത്രണം ചുമത്തുന്നതിനെ ന്യായീകരിക്കാൻ ശ്രമിച്ചിട്ടുള്ളത് ഥിമ്മികളുടെ താല്പര്യങ്ങൾ വർദ്ധിപ്പിക്കാനാണെന്ന വിധത്തിലാണ്. അവർ പറയുന്നത്, യഥാർഥത്തിൽ അവരുടെ സംസ്കാരത്തേയും നാഗരികതയെയും സംരക്ഷിക്കാനായിരുന്നു ഇതെന്നാണ്. അങ്ങനെയുള്ള വ്യത്യസ്ഥ അടയാളങ്ങൾ മുസ്‌ലിംകൾക്ക് ഥിമ്മികളെ കൂടുതൽ എളുപ്പത്തിൽ തിരിച്ചറിയാൻ സഹായകമാകുന്നു. അവരുടെ അഭിപ്രായത്തിൽ, ഈ വേർതിരിവ് ഥിമ്മികൾക്കെതിരിലുള്ള സംഘർഷത്തിന്റെ അവസരത്തിൽ അവരെ തിരിച്ചറിഞ്ഞുകൊണ്ട് സാധാരണ മുസ്‌ലിംകളുടെ അക്രമം തടയാൻ വേണ്ടിയുള്ളതാണെന്ന് അവർ പറയുന്നു. ഈ വിധത്തിലുള്ള ന്യായീ കരണങ്ങൾ ആധുനിക സാമ്രാജ്യ വാദികളുടേതുപോലെയുള്ളതാണ്. കിഴക്കുപടിഞ്ഞാറുമുള്ള അവർ ഏഷ്യയിലും ആഫ്രിക്കയിലും തങ്ങളുടെ കോളോണിയൻ അടിമത്തത്തെ ന്യായീകരിക്കാൻ പറയുന്നത് ഈ രാജ്യങ്ങളിലെ ജനങ്ങളുടെ സേവനത്തിനും അവർക്ക് വിദ്യാഭ്യാസവും വിജ്ഞാനവും നല്കാനും അവരെ നാഗരികതയുള്ളവരാക്കാനും അന്തിമമായി അവരെ ശാക്തീകരിക്കാൻ വേണ്ടി യുള്ളതുമാണ്.

ചില ആളുകൾ തങ്ങളുടെ മുഖം രക്ഷിക്കാൻ പറയുന്നത് അത്തരം അക്രമണാസക്തമായ രീതികൾ നിർദേശിക്കപ്പെടുന്നത് നിരുത്തരവാദപരമായും അനധികൃതമായും കാര്യങ്ങൾ നിർവഹിക്കുന്നവരാണെന്നാണ്. വിശ്വാസയോഗ്യമായ കേന്ദ്രങ്ങളിൽ നിന്നല്ല അത്തരം അഭിപ്രായങ്ങൾ വരുന്നത്. ഞങ്ങളുടെ പക്കൽ ഈ മറുപടി വിലപ്പോവില്ല. മേൽ വിവരിച്ച

വിശദീകരണങ്ങൾ എടുത്തിട്ടുള്ളത് പ്രമാണികമായ ഇസ്‌ലാമിക കർമ്മശാസ്ത്രത്തിൽ നിന്നാണ്.

ഉദാഹരണമായി ഹിദായ ഫിഖ്ഹിന്റെ ഏറ്റവും പ്രസിദ്ധമായ അടിസ്ഥാന ഗ്രന്ഥങ്ങളിലൊന്നാണ്. ഫിഖ്ഹിന്മേലുള്ള അംഗീകൃത സിലബസിന്റെ ഭാഗമാണ്. ഇസ്‌ലാമിക ലോകത്തെ എല്ലാ ഇസ് ലാമിക കേന്ദ്രങ്ങളിലും സ്വീകരിക്കപ്പെട്ടതാണ്. അതിന്റെ വ്യാഖ്യാനം ഫത്ത്ഹുൽ ഖദീർ എഴുതിയത് ഇസ്‌ലാമിക നിയമത്തിൽ അഗ്രഗണ്യനായ അബൂ ഹമ്മാം ആണ്. അതേ പ്രകാരം ബഹ്റു ദഖാഇബ്, കൻസുൽ ദഖാഇഖ് ഒരു പ്രമാണികമായ രചനയാണ്. ബദാഉദ്ദാഅ ഹനഫി ചിന്താസരണിയുടെ ആധികാരികമായ രചനയാണ്. ഇമാം നവവിയുടെ സഹീഹ് മുസ്‌ലിമിന്റെ വ്യാഖ്യാനത്തിന്റെ ആധികാരികതയിൽ ആർക്കാണ് സംശയിക്കാൻ സാധിക്കുക. അതേ പ്രകാരം രചനകളും പ്രമാണങ്ങളും ആധികാരികവുമാണ്. അവരു ടെ കാലത്ത് ഈ ഗ്രന്ഥങ്ങളെല്ലാം സർക്കാർ നയത്തിന്റെ പ്രധാന ഉറവിടങ്ങളായിരുന്നു. എന്നിരിക്കിലും, ഈ ഗ്രന്ഥകർത്താക്കളുടെ വീക്ഷണങ്ങൾക്ക് അവയുടെ പിന്നിൽ ഇസ്‌ലാമികമായ അനുമതിയുണ്ടായിരുന്നുവെന്നു തെറ്റിദ്ധരിക്കരുത്. ഈ വിശദീകരണങ്ങൾ ഇസ്‌ലാമിക കർമ ശാസ്ത്രത്തിന്റെ ഗ്രന്ഥങ്ങളിൽ ഈ വസ്തുത ഉണ്ട് എന്ന കാര്യം ചൂണ്ടികാണിക്കാൻ മാത്രമാണ് ഞങ്ങൾ ആഗ്രഹിക്കുന്നത്. വീണ്ടും ഒരു കാര്യം വ്യക്തമായി ഗ്രഹിക്കേണ്ടത് ഈ നിയമങ്ങൾ മുസ്‌ലിം ഗവൺമെന്റുകൾ സദാ പിന്തുടർന്നില്ല എന്നതാണ്. യാഥാർഥ്യമെന്തെന്നാൽ പരിഹാസ്യമായ ഈ അനുമതികൾ ഉണ്ടായിട്ടും മുസ്‌ലിംകളും അവരുടെ ഭരണകൂടങ്ങളും പൊതുവിൽ ഥിമ്മികളായ പൗരന്മാരോട് വളരെ ഔദാര്യം കാണിച്ചിരുന്നു. ഇത് ഇസ്‌ലാമിന്റെ സത്യമായ അധ്യാപനമനുസരിച്ചായിരുന്നു. ഇക്കാര്യം അമുസ്‌ലിംകൾ തന്നെ സ്വയം സമ്മതിച്ചിട്ടുള്ളതാണ്. മുസ്‌ലിംകളോടു ശത്രുതയുള്ള പ്രസിദ്ധനായ ക്രിസ്തീയ ചരിത്രകാരൻ ജുർജി സൈദാൻ എഴുതുന്നു.

“മുസ്‌ലിംകളുടെ ദ്രുതഗതിയിലുള്ള ശാസ്ത്രമുന്നേറ്റത്തിൽ വളരെ പ്രധാനപ്പെട്ട കാരണങ്ങളിൽ ഒന്ന് മുസ്‌ലിം ഖലീഫമാർ പണ്ഡിതന്മാരെയും ശാസ്ത്രജ്ഞന്മാരെയും അവരുടെ രാഷ്ട്രമോ മതമോ നോക്കാതെ പ്രോത്സാഹിപ്പിച്ചിരുന്നുവെന്നതാണ്. ഭീമമായ പ്രതിഫലവും ബഹുമതികളും നല്കുന്നതിൽ അവർ പ്രസിദ്ധരായിരുന്നു. ക്രിസ്ത്യാനികൾ, ജൂതന്മാർ സാബിഈങ്ങൾ, സുമേറിയന്മാർ, മജൂസികൾ എന്നിവരെയെല്ലാം മത രാഷ്ട്ര, വർഗവ്യത്യാസമെന്യേ തുല്യ നിലയിൽ ഖലീഫമാർ അനുകൂലിക്കുകയും ബഹുമാനിക്കുകയും ചെയ്തിരുന്നു. മുസ്‌ലിംകളിലെ കുലീനരും ഉന്നതമായ ഉദ്യോഗസ്ഥരെപോലെത്തന്നെ അമുസ്‌ലിംകളും സ്വാതന്ത്ര്യത്തിനും പദവിക്കും ഒരേ വിധത്തിലുള്ള അവകാശങ്ങൾ ആസ്വദിച്ചിരുന്നു.”

റോമൻ കൈസറിന്റെ പട്ടാളം ശക്തമായി അതിർത്തി ലംഘിക്കുകയും കരാർ ലംഘനം നടത്തുകയും ചെയ്തപ്പോൾ ഖലീഫ ഹാറൂന്റെ ക്ഷമ പരിധി വിടുകയും അദ്ദേഹം ക്ഷുഭിതനായി ഇമാം അബൂയൂസുഫിനോട് ഇത്രയും ലംഘനങ്ങൾ ഉണ്ടായിട്ടും എന്തുകൊണ്ടാണ് ക്രിസ്ത്യാനികൾ മുസ്‌ലിംകൾക്ക് കീഴിൽ സുരക്ഷിതരായി ഇരിക്കുന്നത് എന്ന് ആരാഞ്ഞു. അപ്പോൾ ഇമാം അബൂയൂസുഫ് സധൈര്യം ശാന്തനായി പറഞ്ഞു, നബി (സ) തിരുമേനിയുടെ രണ്ടാം ഖലീഫയായിരുന്ന ഹദ്റത്ത് ഉമറി (റ)ന്റെ കാലത്ത് ഈ രാജ്യങ്ങൾ കീഴടക്കപ്പെട്ടപ്പോൾ ക്രിസ്ത്യാനികൾക്ക് ഗ്യാരണ്ടി നല്കപ്പെട്ടത് അവരുടെ ചർച്ചുകൾ സുരക്ഷിതമായിരിക്കുമെന്നും അവരുടെ മതപരമായ അനുഷ്ഠാനങ്ങൾക്ക് സ്വാതന്ത്ര്യമുണ്ടായിരിക്കുമെന്നും അവർക്ക് കുരിശുകളോടെ പരസ്യമായി ഘോഷയാത്ര നടത്താമെന്നുമായിരുന്നു. അതുകൊണ്ട് അടിസ്ഥാനപരമായ മനുഷ്യാവകാശങ്ങളുമായി ബന്ധപ്പെട്ടതായതിനാൽ ഈ ഉത്തരവ് റദ്ദാക്കാൻ ആർക്കും അവകാശമില്ല.52

അതേപോലെ സ്പെയിനിലെ മുസ്‌ലിം ഭരണത്തെക്കുറിച്ച് ‘സ്പെയിനിന്റെ ചരിത്രം’ എന്ന ഗ്രന്ഥത്തിന്റെ കർത്താവ് ലൂയി ബർട്രന്റ് പറയുന്നു. ക്രിസ്ത്യാനികൾ അതിന്റെ യജമാനന്മാരായി വിടപ്പെട്ടു. അവർക്ക് അവരുടെ മതങ്ങളോടൊപ്പം എസ്റ്റേറ്റുകളും താമസസ്ഥലങ്ങളും എല്ലാ ജംഗമ സ്വത്തുക്കളും നിലനിർത്തി. വില്ക്കാനുള്ള അവകാശങ്ങളും അവർ നിലനിർത്തി.53

യാഥാർത്ഥ്യങ്ങൾ തെളിയിക്കുന്നത് ഭക്തരായ ഖലീഫമാരുടെ കാലശേഷവും മുസ്‌ലിം ഭരണാധികാരികളുടെ അമുസ്‌ലിംകളോടുള്ള മനോഭാവം ചുരുക്കിപ്പറഞ്ഞാൽ സ്നേഹത്തിന്റെയും നീതിയുടേയും തത്വത്തിലധിഷ്ഠിതമായിരുന്നു. യഥാർത്ഥത്തിൽ നിയമജ്ഞന്മാരുടെ നിയമനിഷ്ഠിതമായ ന്യൂനതകളോട് അല്പം മാത്രം ബഹുമാനമേ അവർ കാണിച്ചുള്ളൂ. എന്നിരിക്കിലും ഒരു ദുഷിച്ച ഭരണകർത്താവ് ഥിമ്മികളുടെ അവകാശങ്ങൾക്കെതിരിൽ അതിരുകവിഞ്ഞെങ്കിൽ കുറ്റക്കാരനായിരുന്നു എന്ന കാര്യം നിഷേധിക്കുന്നില്ല. അത് അയാളുടെ താണതരം പദ്ധതികൾ നിവൃത്തിക്കാനായിരുന്നു. തന്റെ അതിക്രമങ്ങൾ അയാൾ ന്യായീകരിക്കാൻ ശ്രമിച്ചിരുന്നത് അത്തരം നീതി പരിപാലനപരമായ പൈശാചികത്വത്തിന്റെ അടിസ്ഥാനത്തിലായിരുന്നു. അതുവഴി അയാൾ അമുസ്‌ലിം വിമർശകർക്ക് ഇസ്‌ലാമിനെതിരിൽ വിമർശനത്തിനുള്ള അവസരം നല്കി.

### ഈ നിബന്ധനകൾ വ്യക്തമായ ഇസ്‌ലാമിക നിയമങ്ങളുടെ അടിസ്ഥാനത്തിലായിരുന്നുവോ?

എന്തു തന്നെയായാലും ഈ

ഘട്ടത്തിൽ ഈ പരിമിതികളെ ന്യായീകരിക്കാൻ കഴിയുന്ന അന്തിമമായ ഇസ്‌ലാമികാനുമതി ഉണ്ടായിരുന്നോ എന്നു കണ്ടെത്താൻ നമുക്കു പരിശ്രമിക്കാം. വിശുദ്ധ ഖുർആനിൽ ഈ പരിമിതികളെപ്പറ്റി പ്രതിപാദനമുണ്ടോ? അല്ലെങ്കിൽ അവയുടെ അനുമതി നബി തിരുമേനി (സ) യുടെ ചര്യകളിൽ കണ്ടെത്താൻ കഴിയുമോ? ഈ ചോദ്യങ്ങൾക്കുള്ള മറുപടി ഈ നിയമജ്ഞന്മാരുടെ സ്വന്തം വാക്കുകളിൽ നല്കുന്നതായിരിക്കും ഉത്തമം.

നബി (സ)യുടെ കാലത്ത് നിബന്ധനകൾ വ്യക്തമായും ഇല്ലായിരുന്നു എന്നതിന്റെ പേരിൽ ഥിമ്മികൾക്കെതിരിലുള്ള ഈ പരിമിതികളെ വെല്ലുവിളിക്കുകയോ അവ ശരീഅത്തു പ്രകാരം അനുവദിക്കപ്പെട്ടിരുന്നില്ലെന്ന് പറയുകയോ ആണെങ്കിൽ അതിന് അവർക്കുള്ള മറുപടി നബിതിരുമേനി (സ) യുടെ കാലത്ത് ഥിമ്മികൾ എണ്ണത്തിൽ വളരെ കുറവായിരുന്നു അവർ അറിയപ്പെട്ടിരുന്നില്ല എന്നുമാണ്. അവരെ തിരിച്ചറിയുന്നതിൽ തെറ്റുപറ്റി എന്ന പ്രശ്നം ഉൽഭവിക്കുന്നില്ല. എന്നാൽ ഹദ്റത്ത് ഉമറി(റ)ന്റെ കാലത്ത് അത്തരം പരിമിതികളുടെ ആവശ്യമുയർന്നു. നബിതിരുമേനി (സ)യുടെ നിരവധി സ്വഹാബാക്കൾക്ക് മുമ്പിൽ വെച്ച് നിബന്ധനകൾ ചുമത്തിക്കൊണ്ട് ഉത്തരവിട്ടു. സ്വഹാബാക്കളാ(റ)രും തന്നെ അതിനെ എതിർത്തില്ല. 54

നബി തിരുമേനി(സ)യുടെ പ്രതാപകാലത്ത് ഥിമ്മികൾക്കെതിരിൽ അത്തരത്തിലുള്ള പരിമിതികൾ ഉണ്ടായിരുന്നില്ലെന്ന് മേൽപറഞ്ഞ ഖണ്ഡികയിൽ നിയമജ്ഞന്മാർ സ്വയം തന്നെ സമ്മതിച്ചിട്ടുള്ളതാണ്. ഹദ്റത്ത് അബൂബക്കറി(റ)ന്റെ കാലത്തും ഇത്തരം നിബന്ധനകൾ ഇല്ലാതിരുന്നുവെന്നും അവർ സമ്മതിക്കുന്നു. ഹദ്റത്ത് ഉമറി(റ)ന്റെ ഖിലാഫത്തിനെ സംബന്ധിച്ചിടത്തോളം ചരിത്രപരമായ തെളിവ് അത്തരം നിബന്ധനകളുടെ കളങ്കത്തിൽ നിന്ന് വിമുക്തമായിരുന്നു. നിയജ്ഞന്മാരുടെ അവകാശവാദങ്ങളെ ഇത് കളവാക്കുകയും ചെയ്യുന്നു. ആന്തരികവും ബാഹ്യവുമായ തെളിവുകളുടെ ആനുകൂല്യമുണ്ടായിരുന്നില്ല. നിയമജ്ഞന്മാർ ആശ്രയിക്കുന്ന ഇബ്നു മന്തഅ: റിപ്പോർട്ട് ചെയ്തത് താഴെ പറയുന്ന പ്രകാരമാണ്.

സിറിയയിലെ ക്രിസ്ത്യാനികളും ഈ പട്ടണവും അല്ലാഹുവിന്റെ ദാസനും വിശ്വാസികളുടെ കമാന്ററുമായ ഉമറുമായി ഒപ്പുവെക്കുന്ന കീഴടങ്ങലിന്റെ കരാർ. താങ്കളുടെ പട്ടാളക്കാർ യുദ്ധരംഗത്ത് ഞങ്ങളെ അതിജീവിച്ചിരിക്കുന്നു. അതുകൊണ്ട് ഞങ്ങൾ താങ്കളുടെ കീഴിൽ സംരക്ഷണം തേടുന്നു. ഞങ്ങൾക്കും കുടുംബങ്ങൾക്കും ഞങ്ങളുടെ സ്വത്തുക്കൾക്കും ഞങ്ങളുടെ രാഷ്ട്രത്തിനും വേണ്ടി. അതിനു പകരമായി ഞങ്ങൾ താഴെ കാണുന്ന നിബന്ധനകൾ അനുസരിക്കാൻ തയ്യാറാണ്. ഇത് ഞങ്ങൾ സ്വമേധയാ സ്വതന്ത്രമായ ഇച്ഛയോടെ സമർപിക്കുന്നതാണ്.

ഞങ്ങളുടെ നഗരങ്ങളിലും പ്രാന്തപ്രദേശങ്ങളിലും പുതിയ ചർച്ചുകളോ മതമോ നിർമിക്കുകയില്ല. പഴയ ചർച്ചുകൾ പുതുക്കി പണിയുകയുമില്ല. അതേ പ്രകാരം പുറത്തുനിന്നു വരുന്ന മുസ്‌ലിംകളെ ഞങ്ങളുടെ ചർച്ചുകളിൽ താമസിക്കുന്നതിൽ നിന്ന് തടയുകയില്ല. രാപകൽ അവയുടെ വാതിലുകൾ അവർക്കുവേണ്ടി തുറന്നിരിക്കും. അവർക്ക് മൂന്നു ദിവസം ഞങ്ങൾ ആതിഥ്യം നല്കും. മുസ്‌ലിംകൾക്കെതിരായി ചാരന്മാരെ ഞങ്ങൾ ചർച്ചുകളിൽ അഭയം തേടാൻ അനുവദിക്കുകയില്ല. ഞങ്ങളുടെ സന്താനങ്ങളെ വിശുദ്ധ ഖുർആൻ പഠിക്കാൻ ഞങ്ങൾ അനുവദിക്കുകയില്ല. ഞങ്ങൾ ശിർക്കും ബിദ്അത്തും പ്രബോധിക്കുകയില്ല. ജനങ്ങൾ ഇസ്‌ലാം സ്വീകരിക്കുന്നതിനെ ഞങ്ങൾ തടയുകയില്ല. ഞങ്ങൾ മുസ്‌ലിംകളെ കണക്കിലെടുക്കുകയും അവർക്ക് വേണ്ടി ഞങ്ങൾ നില്ക്കുകയും ഞങ്ങൾക്കിടയിൽ അവരെ സ്വീകരിക്കുകയും ചെയ്യും.

ഞങ്ങൾ മുസ്‌ലിംകളുടെ വസ്ത്രധാരണത്തെ അനുകരിക്കുകയോ അവരുടെ കേശാലങ്കാരം പിന്തുടരുകയുമില്ല. ഞങ്ങൾ അറബി ഭാഷ സംസാരിക്കുകയില്ല. മുസ്‌ലിംകളെ പോലെ കുടുംബ നാമങ്ങൾ ഉപയോഗിക്കാൻ ഞങ്ങൾ അനുവദിക്കുകയില്ല. ഞങ്ങളുടെ കീർത്തനങ്ങളിൽ അറബി അക്ഷരങ്ങൾ മനസ്സിൽ പതിക്കില്ല. മുസ്‌ലിം താമസ സ്ഥലങ്ങളിൽ മദ്യകച്ചവടം നടത്തുകയില്ല. വ്യത്യാസത്തിന്റെ അടയാളമായി ഞങ്ങൾ തലയുടെ മുൻഭാഗത്തെ മുടി വടിക്കും. ഞങ്ങൾ ഞങ്ങളുടെ തലക്ക് ചുറ്റും സുന്നാർ ധരിക്കും. ഞങ്ങൾ മുസ്‌ലിം ദേശങ്ങളിൽ കുരിശു ഘോഷയാത്രകളും വിശുദ്ധ ഗ്രന്ഥയാത്രകളും നടത്തുകയില്ല. ഞങ്ങൾ മുസ് ലിംകൾക്ക് മുമ്പാകെ കുരിശോ പ്രതിരൂപങ്ങളോ പ്രദർശിപ്പിക്കുകയോ പള്ളിമണി മുഴക്കുകയോ ചെയ്യില്ല.

നിവേദക ശൃഖലയുടെ വീക്ഷണത്തിൽ ഈ കരാർ സംശയാസ്പദമാണ്. 'ഘറാഇബുശുഅ്ബാഹ്' എന്നത് ഹദീസിന്റെ ഒരു ആധികാരിക ഗ്രന്ഥമല്ല. അതിന് ചരിത്രപരമായ പ്രാധാന്യവുമില്ല. അതിലുപരി ഇബ്നു മന്തഅ: റിപോർട്ട് ചെയ്ത കരാർ നബി (സ) തിരുമേനി സെന്റ് കാതറൈൻ മഠത്തിലെ മഠാധിപർമാർക്ക് എഴുതിക്കൊടുത്ത സംരക്ഷണ കരാറിന് കടകവിരുദ്ധവുമാണ്. അതുമേൽ ഉദ്ധരിച്ചിട്ടുണ്ട്. ഹദ്റത്ത് ഉമർ (റ) നബി (സ) തിരുമേനിക്ക് എഴുതിക്കൊടുത്ത കരാറിന് കടകവിരുദ്ധമാണെന്നു പറയുന്നതും അതേ സംബന്ധിച്ച് അദ്ദേഹം തീരെ അജ്ഞനാണെന്ന് പറയുന്നതും ചരിത്രപരമായ വ്യാജമാണ്. കൂടുതലായി ആശയകുഴപ്പമുണ്ടാക്കുന്ന ശൈലിയും മോശപ്പെട്ട

ആന്തരിക ഘടനയും തന്നെ മേൽ പറഞ്ഞ കരാർ വെറും ഊഹവും കറ്റുകെട്ടുമാണ്. മുസ്‌ലിം ചരിത്രത്തിൽ ഒരിക്കലും തന്നെ അമുസ്‌ലിംകളുടെ ഖുർആൻ പഠനത്തിന് വിലക്കേർ പ്പെടുത്തിയിട്ടില്ല. പകരം വിശുദ്ധ ഖുർആൻ ആവർത്തിച്ചു ക്ഷണിക്കുന്നത് അതിന്റെ സന്ദേശം കണക്കിലെടുക്കാനും അതേ കുറിച്ച് ചിന്തിക്കാനുമാണ്.

**'അവർ വിശുദ്ധ ഖുർആനെ കുറിച്ചു ചിന്തിക്കുന്നില്ലേ?** (വിശുദ്ധ ഖുർആൻ 47:25)

മറ്റൊരിടത്തു ആ ഗ്രന്ഥം പറയുന്നു.

**യഥാർത്ഥത്തിൽ നാം ഖുർആനെ മനസ്സിലാക്കാനും ഓർമിക്കാനും എളുപ്പമാക്കിയിരിക്കുന്നു. എന്നാൽ ഗുണദോഷിക്കുന്നത് സ്വീകരിക്കുന്ന ആരെങ്കിലുമുണ്ടോ? (വിശുദ്ധ ഖുർആൻ 54:18)**

ഈ സന്ദേശമടങ്ങുന്ന ഒരു ഗ്രന്ഥത്തിന് അതു പഠിക്കുന്നതിലെങ്ങനെ വിലക്ക് ഏർപ്പെടുത്തുവാൻ പറ്റും? അറബി ഭാഷ പഠിക്കുന്നതിനും ഒരിക്കലും ഒരു നിരോധനവും ഉണ്ടായിട്ടില്ല. അറബി ഭാഷാ പണ്ഡിതന്മാരായ അമുസ്‌ലിംകളുടെ സംഘം തന്നെയുണ്ടായിരുന്നു. ഹദ്റത്ത് ഉമർ (റ) സിറിയയിലെ ജാബിയ സന്ദർശിച്ചപ്പോൾ അദ്ദേഹത്തിന്റെ പ്രസംഗം പരിഭാഷപ്പെടുത്തിയത് ഒരു ക്രിസ്തീയ പുരോഹിതനായിരുന്നു എന്നതു ചരിത്ര വസ്തുതയാണ്. അദ്ദേഹം ബിഷപ്പിന്റെ അസിസ്റ്റന്റും ചർച്ചിൽ ഉന്നതസ്ഥാനീയനുമായിരുന്നു.

ഉമ്മയാദ് ഖലീഫമാരുടെ രാജധാനിയിൽ പ്രസിദ്ധനായ ക്രിസ്തീയ കവി അഖ്താലിന്റെ സാഹിത്യ മികവ് ആർക്കാണ് നിഷേധിക്കാൻ സാധിക്കുക? അതേപോലെ അദ്ദേഹത്തിന്റെ വ്യക്തിഗത ഭിഷഗ്വരനും ഔദ്യോഗിക ദ്വിഭാഷിയുമായിരുന്ന ഇബ്നു അസ്സൻ ഒരു ക്രിസ്ത്യാനിയായിരുന്നു.

കൂടുതൽ ശ്രദ്ധിക്കേണ്ട കാര്യമെന്തെന്നാൽ മുസ്‌ലിംകൾ എല്ലായ്പ്പോഴും അമുസ്‌ലിം ആരാധനാലയങ്ങളെ ബഹുമാനിക്കുകയും അതിന്റെ പരിശുദ്ധി സംരക്ഷിക്കുകയും ചെയ്തിട്ടുണ്ടായിരുന്നുവെന്നതാണ്. അതിന്റെ പവിത്രത കളങ്കപ്പെടുത്താൻ അവർ മുസ്‌ലിംകളെ അനുവദിച്ചിരുന്നില്ല. ജറൂസലേമിലെ ക്രിസ്ത്യാനികളുമായുണ്ടാക്കിയ കരാറിൽ ഈ നിബന്ധന വളരെ വ്യക്തമായിരുന്നു. പ്രധാനപ്പെട്ട കാര്യം ഈ കരാറിൽ ഒപ്പു വെച്ചത് ഹദ്റത്ത് ഉമർ (റ) സ്വയം തന്നെയായിരുന്നു. ഞങ്ങളുടെ ഈ പ്രബന്ധത്തെ തുണയ്ക്കുന്ന സന്ധിയിലെ ഭാഗങ്ങൾ താഴെ ചേർക്കുന്നു. ''അല്ലാഹുവിന്റെ ദാസനും വിശ്വാസികളുടെ കമാൻഡറുമായ ഉമർ **ലിയായിലെ ജനങ്ങൾക്ക് അനുവദിച്ച സംരക്ഷണ പ്രതിജ്ഞ യാണിത്. ഈ സംരക്ഷണത്തിൽ ജീവനും സ്വത്തുക്കളും രോഗി കളും ആരോഗ്യമുള്ളവരും എല്ലാ മതങ്ങളിലുള്ള എല്ലാ ആളുകളും ഉൾപ്പെടും. അവരുടെ ചർച്ചുകളിൽ ആരും താമസിക്കുകയില്ല. അവരുടെ ചർച്ചുകൾ നശിപ്പിക്കുകയോ കെട്ടിടങ്ങളോ കോമ്പൗണ്ടുകളോ നശിപ്പിക്കുകയോ ഇല്ല. മറ്റൊരു വിധത്തിലും കേടുവരുത്തുകയുമില്ല. അവരുടെ സ്വത്തുക്കൾ കൈയ്യടക്കുകയില്ല. അവരുടെ മതപരമായ കാര്യങ്ങളിൽ കൈകടത്തുകയില്ല. ഈ പ്രമാണത്തിൽ സൂചിപ്പിച്ച കാര്യങ്ങൾക്കെല്ലാം അല്ലാഹുവും അവന്റെ പ്രവാചകനും (റ) അവന്റെ ഖലീഫമാരും മുസ്‌ലിംകളും ഗ്യാരണ്ടിയാണ്. ഏക നിബന്ധനയെന്തെന്നാൽ ഒരു നിശ്ചിത തുക പതിവായി ജിസ്യ നല്കണം എന്നതാണ്.57

പേജ് 27 ൽ നിന്ന് തുടർച്ച

ത്തിനുള്ള വഴികൾ തുറന്നിടുകയും നീക്കുപോക്കില്ലാത്ത നിയന്ത്രണങ്ങൾക്കെതിരിൽ പരിരക്ഷകൾ നൽകുകയുമാണ് ചെയ്തിട്ടുള്ളത്. ഓരോ കാര്യത്തിനും, വ്യക്തമായ ദൈവ വിധികൾ തേടുന്നതിനെതിരായി ഖുർആൻ യഥാർത്ഥത്തിൽ താക്കീത് ചെയ്തിരിക്കയാണ്. അങ്ങനെ ചെയ്തിരുന്നില്ലെങ്കിൽ ആ ചട്ടക്കൂട് അകുഞ്ചുകവും അനായാമകവും (Inelastic) തന്മൂലം ദുർഭരവും ആയിത്തീരും

ഖുർആൻ പറയുന്നു: **അല്ലയോ വിശ്വാസികളെ, വെളിപ്പെടുത്തിതന്നാൽ നിങ്ങൾക്ക് പ്രയാസമുണ്ടാക്കുന്ന പ്രശ്നങ്ങളെക്കുറിച്ച് ചോദിക്കായ്‌വീൻ .... അല്ലാഹു തന്നെ അവയെ വിട്ടുകളഞ്ഞിരിക്കുകയാണ്. അല്ലാഹു ഏറ്റവും പൊറുക്കുന്നവനും സഹനമുള്ളവനും അത്രെ. നിങ്ങൾക്ക് മുമ്പേയുള്ള ഒരു ജനം നിശ്ചയമായും അപ്രകാരം ചോദിച്ചു കൊണ്ടിരുന്നിട്ടുണ്ട്. അവർക്ക് നിർദേശങ്ങൾ ലഭിച്ചപ്പോഴോ അവർ അവയെ തിരസ്ക്കരിച്ചു കളയുകയുമാണ് ചെയ്തത്. (5:102–103)**

അല്ലാഹു വിട്ടുകളഞ്ഞതായി പറയപ്പെടുന്നതിന് നിർദിഷ്ടമായ നിലവാരങ്ങളും മൂല്യങ്ങളും അനുസരിച്ചും ചട്ടക്കൂട്ടിലൊതുങ്ങിയ നിലയിലും പരസ്പര കൂടിയാലോചനകൾ വഴി പരിഹാരം കാണേണ്ടുന്ന പ്രശ്നങ്ങൾ എന്നാണർത്ഥമാക്കേണ്ടിയിരിക്കുന്നത്. നന്മയെ (മഅ്റൂഫ്) വളർത്തുകയും തിന്മയെ(മുൻകർ) ഉപേക്ഷിക്കുകയും ചെയ്യുകയെന്നതാകണം ഇക്കാര്യത്തിൽ മനസ്സിരുത്തേണ്ട ഒരേയൊരു മാനദണ്ഡം.

പേജ് 24 ൽ നിന്ന് തുടർച്ച

വൃക്ഷങ്ങളുടെ പങ്കും ആധുനിക പഠനങ്ങളിൽ പറയുന്നു.

ഈ ആധുനിക വ്യവസായവത്കൃത ലോകത്ത് മനുഷ്യന് ഊർജ്ജ സ്റോതസ്സ് എന്ന നിലക്ക് പച്ചവൃക്ഷങ്ങൾക്കുള്ള പങ്കാണ് ഖുർആൻ ഇവിടെ സൂചിപ്പിക്കുന്നത്.

# ഉമ്മത്തീ നബി

## ഹദ്റത്ത് അഹ്മദി(അ)ന്റെ നുബൂവ്വത്ത് വാദത്തിന്റെ വിവിധ വശങ്ങളെ പറ്റി.

എൻ. അബ്ദുർറഹീം

1901 നവംബർ 5ന് ഹദ്റത്ത് അഹ്മദ് (അ) ഇക് ഗലത്ത് കാ ഇസാല (ഒരു തെറ്റിദ്ധാരണ നീക്കൽ) എന്ന പേരിൽ ഒരു ലഘു കൃതി പുറത്തിറക്കി. ഇത് തന്റെ യഥാർത്ഥമായ ദിവ്യപദവിയെയും വാദങ്ങളെയും വ്യക്തമാക്കുന്ന നിർണായകവും അതിപ്രധാനവുമായ ഒരു പ്രഖ്യാപനമായിരുന്നു. ഹദ്റത്ത് അഹ്മദുൽ ഖാദിയാനി (അ) നബിയാണോ എന്ന് അമൃത്സറിൽ വെച്ച് ഒരു എതിരാളി ചോദിച്ചതിന്ന് ആ ശിഷ്യൻ നിഷേധ രൂപത്തിൽ മറുപടി നൽകിയതായി അറിഞ്ഞപ്പോൾ ആണ് ഈ വിശദീകരണം ആവശ്യമായി വന്നത്. നിഷേധപരമായ പ്രസ്തുത മറുപടി ശരിയല്ലെന്നും അല്ലാഹു ഒരു പ്രവാചകനെന്ന നിലയിൽ തന്നെ ക്കുറിച്ച് നബി എന്ന പദവി ഉപയോഗിച്ചിട്ടുണ്ടെന്നും ചൂണ്ടിക്കാണിച്ചുകൊണ്ട് തന്റെ നബി വാദം അസന്ദിഗ്ദമായി തന്റെ വിശദീകരണക്കുറിപ്പിൽ അസന്ദിഗ്ദമായി അവിടുന്ന് പ്രഖ്യാപിക്കുകയുണ്ടായി.

മുഹമ്മദ് നബി (സ) തിരുമേനിക്ക് ശേഷം പുതിയ ശരീഅത്തോടു കൂടിയ ഒരു നബിയും വരികയില്ലെന്നും നബി തിരുമേനി(സ)യുടെ പിന്തുടർച്ചയില്ലാതെ ആർക്കും തന്നെ സ്വതന്ത്രമായ നിലയിൽ ഈ മഹോന്നത പദവി പ്രാപ്യമല്ലെന്നും ഉള്ളത് ഖണ്ഡിതമായ ഒരു സത്യമാണെങ്കിലും ആ മഹാത്മാവിനെ പരിപൂർണ്ണമായി പിന്തുടരുന്ന ഒരു ഉമ്മത്തീ നബിയ്ക്ക് ദൈവാനുഗ്രഹത്താൽ നബിയുടെ പ്രതിബിംബമായി തീരാനും സത്യവാനാകുന്ന നബിയുടെ പദവിയാകുന്ന അനുഗ്രഹത്തിന്ന് പാത്രീഭൂതനാവാനും കഴിയും.

വിശുദ്ധ ഖുർആനിലെ ഉദ്ഘാടനാദ്ധ്യായമായ ഫാത്തിഹായിലെ ഇഹ്ദിനസ്സിറാത്തൽ മുസ്തഖീമ സിറാത്തല്ലദീന അൻഅംത്ത അലൈഹിം (നീ ഞങ്ങളെ ചൊവ്വായ വഴിയിൽ വഴി നടത്തേണമേ, നീ ഏവരിൽ അനുഗ്രഹം ചൊരിഞ്ഞുവോ അവരുടെ മാർഗ്ഗത്തിൽ) എന്ന പ്രാർത്ഥനയിൽ വിശുദ്ധ ഖുർആൻ 4 ാം അദ്ധ്യായം 70 ാം സൂക്തത്തിൽ പറഞ്ഞ നബിത്വം അടക്കമുള്ള എല്ലാ അനുഗ്രഹങ്ങളും പ്രാപ്യമാണെന്ന് വ്യക്തമാക്കുന്നുണ്ട്. ***'അല്ലാഹുവിനെയും അവന്റെ ശ്രേഷ്ഠ റസൂലിനെയും അനുസരിച്ചവരാരോ അവർ അല്ലാഹു അനുഗ്രഹിച്ച നബിമാർ, സിദ്ദീഖുമാർ, ശുഹദാക്കന്മാർ, സാലിഹീങ്ങൾ എന്നിവരുടെ കൂടെയായിരിക്കും ഇവരത്രെ ഉത്തമരായ കൂട്ടുകാർ'*** എന്ന് ഖുർആൻ പറയുന്നു. (4:70)

ഖുർആൻ ഇപ്രകാരം പ്രസ്താവിച്ചിട്ടുള്ളതിനാൽതന്നെ നബിയാണെന്ന് അല്ലാഹു അഭിസംബോധന ചെയ്തിട്ടുള്ള നിലക്ക് താൻ തിരുനബി(സ)യോട് അതുല്യമായ തരത്തിൽ അനുസരണ ബദ്ധതയുള്ള ഒരു ഉമ്മത്തീ നബി തന്നെയാണെന്നും എന്നാൽ പുതിയ ഒരു ശരീഅത്തോടുകൂടിയയോ സ്വതന്ത്രനായോ വന്ന ഒരു നബി അല്ലെന്നും അവിടുന്ന് വ്യക്തമാക്കി. ഇപ്രകാരം വ്യക്തമാക്കുന്നത്വരെ താൻ തിരുനബി(സ)യുടെ ഉമ്മത്തി എന്ന നിലയിൽ ഒരു മുഹദ്ദിസാണെന്നാണ് തന്നെക്കുറിച്ച് കരുതിപോന്നിരുന്നത്.

1901 നവംബർ 5ന് പ്രസിദ്ധീകരിച്ച ഇക് ഗലത്തികാ കാ ഇസാല എന്ന ലഘു കൃതിയിൽ ഹദ്റത്ത് അഹ്മദ് (അ) പറഞ്ഞു:

ഞാൻ പ്രവാചകനും (നബി) ദൈവദൂതനും (റസൂൽ) അല്ലെന്ന് എവിടെയെല്ലാം നിഷേധിച്ചു പറഞ്ഞിട്ടുണ്ടോ അവിടെയെല്ലാം ഞാൻ ഒരു പുതിയ ശരീഅത്തുള്ള പ്രവാചകനോ സ്വതന്ത്ര പ്രവാചകനോ അല്ലെന്ന അർത്ഥത്തിൽ മാത്രമാകുന്നു അപ്രകാരം പറഞ്ഞിട്ടുള്ളത്. എന്നാൽ മഹാനായ, ധന്യാത്മാവായ എന്റെ യജമാനൻ മുഖേന ആത്മീയമായി അനുഗൃഹീതമായ നിലയിലും അവിടത്തെ നാമം ആർജ്ജിക്കയാലും ധാരാളം പരോക്ഷ ജ്ഞാനങ്ങൾ എനിക്ക് അനുഗ്രഹിച്ചരുളപ്പെട്ടിട്ടിരിക്കുന്നു എന്ന അർത്ഥത്തിൽ ഞാൻ നിശ്ചയമായും ഒരു നബിയാകുന്നു. എന്നാൽ ഞാൻ വീണ്ടും ആവർത്തിച്ചു പറയട്ടെ ഞാൻ ഒരു

പുതിയ ശരീഅത്ത് കൊണ്ടു വന്നിട്ടില്ല, പരിചയപ്പെടുത്തിയിട്ടു മില്ല. പുതിയ ശരീഅത്തോടു കൂടിയല്ലാത്ത പ്രവാചകനാണെന്നു ള്ളത് ഞാൻ ഒരിക്കലും നിഷേധിച്ചി ട്ടുമില്ല. മറിച്ച് ഇതേ അർത്ഥത്തിൽ 'ദൈവം എന്നെ നബി (പ്രവാചക ൻ) എന്നും റസൂൽ (ദൈവദൂതൻ) എന്നും വിളിച്ചിരിക്കുന്നതാകയാൽ ഈ നിർവ്വചന പ്രകാരം നബിയെ ന്നും റസൂലെന്നും വിളിച്ചു കൊള്ളാ വുന്നതിനെ ഞാൻ ഇപ്പോഴും നിഷേധിക്കുന്നില്ല.'(പു.23)

താൻ തിരുനബി(സ)യുടെ യഥാർത്ഥവും പരിപൂർണ്ണവുമായ പ്രതിബിംബമായിരിക്കുന്നതിനാൽ നുബുവ്വത്തിന്റെ സീൽ പൊട്ടുന്ന പ്രശ്നം ഉദിക്കുന്നില്ല എന്ന് അദ്ദേഹം അവകാശപ്പെട്ടു

പ്രവാചകത്വത്തെ സംബന്ധി ച്ച് ഹദ്റത്ത് അഹ്മദുൽ ഖാദിയാനി (അ)യുടെ അവബോധത്തിൽ ഉണ്ടായിട്ടുള്ള ക്രമോൽഗത മാറ്റത്തെയാണ് ഇക് ഗലത്തീ കാ ഇസാല എന്ന ലഘു പത്രിക വെളിപ്പെടുത്തിയത്. അത്കൊണ്ട് തന്നെ ഈ വ്യതിയാനത്തിന്റെ പ്രാധാന്യം ഇവിടെ വിശദീകരിക്ക പ്പെടേണ്ടതുണ്ട്. കഴിഞ്ഞ പത്ത് കൊല്ലക്കാലം നബിയാണെന്ന വാദം തനിക്കില്ലെന്ന് ഹദ്റത്ത് അഹ്മദുൽ ഖാദിയാനി(അ) തറപ്പിച്ചു പറയുക യുകയായിരുന്നു. എന്നാൽ നബി തന്നെയാണെന്നാണ് ഇക് ഗലത്തീ കാ ഇസാല എന്ന കൃതിയിൽ വെട്ടിത്തുറന്ന് പറഞ്ഞിരിക്കുന്നത്. നബിത്വം സംബന്ധിച്ചുള്ള അവിടു ത്തെ ധാരണതന്നെ തനിക്കുണ്ടായ പുതിയ ആത്മീയ ജ്ഞാനത്തിന്റെ യും വെളിപാടിന്റെയും അടിസ്ഥാന ത്തിൽ മാറ്റി പറയേണ്ടി വന്നു എന്ന ലളിത സത്യമാണിതിന് കാരണ മെന്ന് ചൂണ്ടിക്കാണിച്ചുകൊള്ളട്ടെ. നബിയു ടെ നിർവ്വചനപരമായ ഈ മാറ്റം ശരിക്കും മനസ്സിലാക്കാത്ത പക്ഷം ഒരു പുതിയ വാദവുമായി തെറ്റിദ്ധരിക്കാൻ ഇടയുണ്ട്. ഹദ്റത്ത് അഹ്മദി(അ)ന്റെ ശിഷ്യ ഗണത്തിൽ ഒരു വിഭാഗം തെറ്റിദ്ധാരണയിൽ പെട്ട് വഴി പിരിയാൻ കാരണം ഇത് തന്നെയാണ്.

1899 ലെ അൽഹക്കിൽ (പു 3, ലക്കം 23) പ്രസിദ്ധപ്പെടുത്തിയ ഹദ്റത്ത് അഹ്മദി(അ)ന്റെ ഒരു കത്ത് (നവാബ് മുഹമ്മദലി ഖാന് അയച്ച കത്ത് 7-8-1899) പ്രസ്താവി ച്ചത്, ഇസ്ലാമിക സാങ്കേതിക ശബ്ദ പ്രകാരം നബിയെന്നും റസൂലെന്നും പറഞ്ഞാൽ പുതിയ ശരീഅത്ത് കൊണ്ടു വരുന്ന ആളോ, പൂർവ്വ പ്രവാചകന്റെ അനുസരണത്തിന് വിധേയനല്ലാത്ത സ്വതന്ത്രനെന്ന നിലയിൽ ദൈവവുമായി ബന്ധ പ്പെട്ടിരിക്കുന്ന ആളോ ആണ് എന്നായിരുന്നു. എന്നാൽ ഇക് ഗലത്തീ കാ ഇസാലയിൽ അവിടു ന്ന് ഖണ്ഡിതമായി പ്രസ്താവിച്ചത് പ്രവാചകൻ ശരീഅത്ത് കൊണ്ട് വന്നിരിക്കണമെന്നില്ലെന്നും അടിക്കടിയായി ധാരാളം അത്യുജ്ജ്വ ലമായ പ്രവചനങ്ങൾ വെളിപ്പെടു ത്തുന്ന ആൾ ദിവ്യമായ സാങ്കേതിക ഭാഷയിൽ നബി യെന്ന് പറയപ്പെടു മെന്നുമത്രെ (ചശ്മെ മഅരിഫ, പു. 325, അൽ വസിയത്ത് പുറം12, ലക്ചർ സിയാൽകോട്ട് പു. 17,18) തുടങ്ങിയ ഗ്രന്ഥങ്ങൾ നോക്കുക.)

തന്റെ ധാരണയിൽ ഉണ്ടായ ഈ മാറ്റം ദൈവീക ബോധനമനു സരിച്ചുള്ളതാണെന്ന് ഹദ്റത്ത് അഹ്മദ്(അ) പറയുന്നു,: ആദ്യകാല ങ്ങളിൽ ഇസബ്നു മറിയമുമായി യാതൊരു താരതമ്യവുമില്ലെന്നാണ് ഞാൻ വിശ്വസിച്ചു പോന്നത് അദ്ദേഹം നബിയായിരുന്നു, ദൈവ ത്തിന്റെ വരിഷ്ഠദാസരിൽ ഒരാളും. എനിക്ക് ഔന്നത്യം സൂചിപ്പിക്കുന്ന തായി എന്തെങ്കിലും വെളിപ്പെട്ടിട്ടു ണ്ടെങ്കിൽ അത് ഭാഗികം (ജുസ്യീ) ആയ ഔന്നത്യം മാത്രമാണെന്നാണ് ഞാൻ കരുതിയത്. എന്നാൽ പിന്നീട് ദൈവത്തിൽ നിന്നുള്ള വെളിപാടു കൾ മഴപോലെ എന്നിൽ ഇറങ്ങിയ പ്പോൾ ആ വിശ്വാസത്തിൽ അവൻ എന്നെനിലയുറക്കാൻ വിട്ടില്ല. എനിക്ക് വ്യക്തമായ തരത്തിൽ നബി എന്ന പദവി നൽകുകയും ചെയ്തു. എന്നാൽ അത് ഒരു വശത്തിലൂടെ നബിയും മറു വശത്തിലൂടെ ഉമ്മത്തിയും ആയിരു ന്നു. (ഹഖീക്കത്തുൽ വഹീ. പു. 149).

ഒരു നബി അഥവാ ഒരു പ്രവാചകൻ ഒരു പുതിയ ശരീഅ ത്ത് കൊണ്ടുവരികയോ, നേരിട്ടോ സ്വതന്ത്ര നിലയിലോ പ്രവാചക പദവി പ്രാപിച്ച ആളായിരിക്കു കയോ വേണമെന്നായിരുന്നു ഹദ്റത്ത് അഹ്മദ്(അ) ഇതിന് മുമ്പ്

തന്റെ ധാരണയിൽ ഉണ്ടായ ഈ മാറ്റം ദൈവീക ബോധനമനുസരിച്ചുള്ളതാണെന്ന് ഹദ്റത്ത് അഹ്മദ്(അ) പറയുന്നു: ആദ്യകാലങ്ങളിൽ ഇസബ്നുമറിയമുമായി യാതൊരു താരതമ്യവുമില്ലെന്നാണ് ഞാൻ വിശ്വസിച്ചു പോന്നത് അദ്ദേഹം നബിയായിരുന്നു, ദൈവത്തിന്റെ വരിഷ്ഠദാസരിൽ ഒരാളും. എനിക്ക് ഔന്നത്യം സൂചിപ്പിക്കുന്ന തായി എന്തെങ്കിലും വെളിപ്പെട്ടിട്ടുണ്ടെങ്കിൽ അത് ഭാഗികം (ജുസ്യീ) ആയ ഔന്നത്യം മാത്രമാണെന്നാണ് ഞാൻ കരുതിയത്. എന്നാൽ പിന്നീട് ദൈവത്തിൽ നിന്നുള്ള വെളിപാടുകൾ മഴപോലെ എന്നിൽ ഇറങ്ങിയപ്പോൾ ആ വിശ്വാസത്തിൽ അവൻ എന്നെ നിലയുറക്കാൻ വിട്ടില്ല. എനിക്ക് വ്യക്തമായ തരത്തിൽ നബി എന്ന പദവി നൽകുകയും ചെയ്തു.

കരുതിപ്പോന്നിരുന്നത്.

***വമാ അർസൽനാ മിൻ റസൂലിൻ, ഇല്ലാ ലിയുതാഅ ബിഇദ്നില്ലാഹ്!***

അല്ലാഹുവിന്റെ അനുമതിയോടെ അനുസരിക്കപ്പെടുന്നതിന് വേണ്ടിയല്ലാതെ ഒരു ദൂതനെയും ഞാൻ അയച്ചിട്ടില്ല.(4:64) എന്ന ഖുർആൻ വാക്യം ഇക്കാര്യത്തിൽ ഹദ്റത്ത് അഹ്മദി(അ)നെ സ്വാധീനിച്ചിരുന്നു. താനാണെങ്കിൽ തിരുനബി(സ)യെ പരിപൂർണ്ണമായി അനുസരിക്കുന്നതിൽ നിർവൃതി കൊള്ളുന്ന തിരുമേനി(സ)യുടെ ഒരു ഭക്തദാസൻ! അത്കൊണ്ട് തന്നെ താൻ നബിയാണെന്നതിനെ അവിടുന്ന് നിഷേധിച്ചു.

ദൈവത്തിന്റെ ഒരു പ്രവാചകനായ ഈസബ്നു മറിയമിന് (യേശുവിന്) മേലെ തനിക്ക് യാതൊരു ഔന്നത്യവുമില്ലെന്ന് ആത്മാർത്ഥമായി വിശ്വസിക്കുകയും ചെയ്തു. എന്നാൽ ദൈവത്തിൽ നിന്ന് എണ്ണമറ്റ വെളിപാടുകൾ ഉണ്ടായപ്പോൾ അവിടുന്ന് തന്റെ ധാരണ തിരുത്തുകയും താനൊരു പ്രവാചകൻ അഥവാ നബിയാണെന്ന് കരുതി തുടങ്ങുകയും അതിൽ വിശ്വാസം ഉറപ്പിക്കുകയും യേശുവിനുമേൽ തനിക്കുള്ള ഔന്നത്യത്തെ പ്രഖ്യാപിക്കുവാൻ മടികാണിക്കാതിരിക്കുകയും ചെയ്തു. ഇത് അവിടുത്തെ പ്രവർത്തന ശൈലിയിലോ ദൗത്യ നിർവ്വഹണത്തിലോ യാതൊരു മാറ്റവും വരുത്തിയതുമില്ല. തനിക്ക് ദൈവത്തിൽ നിന്ന് ലഭിച്ച സ്ഥാനത്തെ കുറിച്ചുള്ള അറിവിലുണ്ടായിട്ടുള്ള പുതുമ എന്തായാലും തുടക്കത്തിൽതന്നെ ഏൽപ്പിച്ച ദൗത്യം ആ മഹാത്മാവിന് നല്ല നിശ്ചയമുണ്ടായിരുന്നു. ദൈവം എന്ത് കൽപ്പിച്ചുവോ അത് അപ്പടി അവിടുന്ന് നടപ്പാക്കിപ്പോന്നു. അവിടുന്ന് ഒരു പ്രവാചകൻ അഥവാ ഒരു നബിയായിരുന്നതിനാൽ തുടക്കം മുതൽക്കേ ഒരു നബിയുടെ ചുമതല തന്നെ നിർവ്വഹിച്ചു പോരുകയായിരുന്നു. നുബുവ്വത്തിന് സ്വന്തമായ ഒരു നിർവ്വചനം നൽകുകയോ സ്വന്തമായ ഒരു വിശ്വാസം മെനഞ്ഞെടുക്കുകയോ ചെയ്യാതെ പൊതുവായ ധാരണയിൽ തന്നെ ഉറച്ചു നിന്നു. ബറാഹീനെ അഹ്മദിയ്യ രചിക്കുന്ന കാലത്ത് ഈസാ നബി(അ) ജീവിച്ചിരിക്കുന്നു എന്ന ധാരണയെ തന്നെ അവിടുന്ന് പുലർത്തിപ്പോന്നിരുന്നുവല്ലോ. അടിക്കടിയായ വെളിപാടുകളിലൂടെ ദൈവം ആ ധാരണ പിശക് തിരുത്തിയപ്പേൾ മാത്രമേ അവിടുന്ന് ആ വിഷയത്തിൽ ചിന്തിച്ചു തുടങ്ങുകയും തന്റെ വിശ്വാസാഭിപ്രായം മാറ്റുകയും ചെയ്തുള്ളൂ.

ഹദ്റത്ത് അഹ്മദ് (അ) വീണ്ടും പറയുന്നു:

എന്റെ വാദങ്ങളിൽ നബിയെന്ന വാക്കുണ്ടെന്ന് കേട്ട അനേകർ തെറ്റിദ്ധരിക്കുകയും മുൻ കാലങ്ങളിലെന്ന പോലെ നബി മാർക്ക് നേരിട്ട് ലഭിച്ചു പോന്ന നുബൂവ്വത്താണ് താൻ വദിച്ചിട്ടുള്ളതെന്ന് കരുതുകയും ചെയ്യുന്നു. എന്നാൽ അവർ തെറ്റിദ്ധരിച്ചിരിക്കുകയത്രേ. എനിക്ക് അങ്ങനെയുള്ള വാദമല്ല ഉള്ളത്. അല്ലാഹുവിന്റെ പ്രത്യേക നിശ്ചയ പ്രകാരവും യുക്തിജ്ഞാനവുമനുസരിച്ച് തിരുമേനി(സ)യുടെ ആത്മീയ പദവിയുടെ പരിപൂർത്തി സ്ഥാപിക്കുന്നതിനായി അവിടുത്തെ ബർക്കത്ത് കൊണ്ട് നുബൂവ്വത്തിന്റെ സ്ഥാനത്തോളം എന്നെ എത്തിച്ചിരിക്കയാണ്. ആകയാൽ ഞാൻ ഒരു നബി മാത്രമാണെന്ന് പറയാവതല്ല. ഒരു വശത്ത് നബിയും മറ്റൊരു വശത്ത് ഉമ്മത്തിയും, അതെ എനിക്കുള്ള എല്ലാ ഓരോ പരിപൂർണ്ണതയും നബി (സ) പിന്തുടർച്ചമൂലവും അവിടുന്ന് മുഖേനയും സിദ്ധിച്ചതാകുന്നു. (ഹഖീക്കത്തുൽ വഹ്യ്- 1907 പു . 149-150)

നുബുവ്വത്തിനെ സംബന്ധിച്ച് തന്റെ പൂർവ്വ ധാരണയിൽ വാഗ്ദത്ത മസീഹ് മാറ്റം വരുത്തിയിട്ടുണ്ടെന്നത് അനിഷേധ്യമാണ്. 'തിരിയാഖുൽ ഖുലൂബ്' എന്ന ഗ്രന്ഥം എഴുതിക്കഴിഞ്ഞതിന്നും (1900) റിവ്യൂ ഒന്നാം വാല്യം പ്രസിദ്ധം ചെയ്യുന്നതിനും (1902) ഇടയിലാണ് ഇത് സംഭവിച്ചത്. മസീഹ് നബി യായിരുന്നുവെന്നും എന്നാൽ താൻ നബിയല്ലാത്ത മസീഹ് ആയതിനാൽ ഈസാ മസീഹിനോളം ഔന്നത്യമുള്ളയാളെല്ലെന്നും ആണ് അത്വരെ കരുതിയിരുന്നത്. ഈസാ നബിക്ക് (അ) മേൽ തനിക്കുള്ള മഹത്വം സൂചിപ്പിക്കുന്ന വെളി പാടുകൾക്ക് ആ മഹത്വം 'ജുസ്യി' യായ അതായത് ഭാഗികമായ മഹത്വം മാത്രമായി വ്യാഖ്യാനിക്കുകയും ചെയ്തിരുന്നു. എന്നാൽ അല്ലാഹുവിൽ നിന്നുള്ള വഹ്യിൽ അവിടുന്ന് നബിയെന്ന നിലയിൽ തന്നെ സംബോധന ചെയ്യപ്പെടുകയും തെറ്റായ ധാരണ അകറ്റുന്ന ദിവ്യബോധനങ്ങൾ ലഭിക്കുകയും ചെയ്തപ്പോൾ തന്നെ അത്വരെയുള്ള വിശ്വാസം മാറ്റി താൻ നബി തന്നെയെന്ന് മാത്രമല്ല ഈസാ നബിയെക്കാളും ഉയർന്ന സ്ഥാനമുള്ള ആളുമാണെന്ന് വെട്ടി തുറന്ന് പ്രഖ്യാപിക്കാൻ മടിച്ചില്ല. ഈസബ്നു മറിയം കാ ദിക്റ് കോ ഛോഡോ ഉസ്സെ ബഹ്തർ ഗുലാമെ അഹമദ് ഹയ് (ഇബ്നു മറിയമിന്റെ കാര്യം വിട്ടുകളയുക. അദ്ദേഹത്തേക്കാൾ ശ്രേഷ്ഠനത്രെ അഹ്മദിന്റെ ദാസൻ) ദുർറെ സമീൻ.

ഈ സാഹചര്യത്തിലാണ് അമൃത്സറിൽ വെച്ച് ഒരു എതിരാളിയുടെ ചോദ്യത്തിന് തന്റെ ഉറച്ച ശിഷ്യനായിരുന്ന ശേഖ് ഗുലാം അഹ്മദ് സാഹിബ് നൽകിയ മറുപടിയിൽ ഹദ്റത്ത് അഹ്മദ് (അ) നബി അല്ലെന്ന് നിഷേധിച്ചു പറഞ്ഞപ്പോൾ ആ തെറ്റിദ്ധാരണ നീക്കുന്നതിന് ഒരു പ്രഖ്യാപനമടങ്ങിയ ഇക്ഗലത്ത് കാ ഇസാലാ എന്ന ചെറു കൃതി പ്രസിദ്ധപ്പെടുത്തിയത് . അതിൽ ഹദ്റത്ത് അഹ്മദ് (അ) ഇപ്രകാരം എഴുതി:

എന്റെ വാദങ്ങളെയും അതിന് പിൻബലമായുള്ള ന്യായ യുക്തികളെയും കുറിച്ച് അപൂർണ്ണ

വും ഉപരിപ്ലവുമായ അറിവ് മാത്രമുള്ളവരും എന്റെ ലിഖിതങ്ങൾ ശ്രദ്ധാപൂർവ്വം വായിക്കാൻ സമയമില്ലാത്തവരും തങ്ങളുടെ അറിവുകൾ പൂർണ്ണമാകുവോളം എന്റെ സാമീപ്യസമ്പർക്കത്തിൽ കഴിച്ചുകൂട്ടിയിട്ടില്ലാത്തവരും ആയ എന്റെ ജമാഅത്തിലെ ചില അംഗങ്ങൾ ചിലപ്പോൾ ഏതെങ്കിലും ഒരു എതിരാളിയുടെ ആക്ഷേപം കേട്ട് യാഥാർത്ഥ്യവുമായി പൊരുത്തപ്പെടാത്ത മറുപടി പറയാൻ ഇടയാവുന്നു. തന്നിമിത്തം അവർ നേർ വഴിയിലായിരിക്കെ തന്നെ വലുതായ എളിമയിലായിതീരുന്നു. അടുത്ത് മാത്രമാണ് ഒരു അഹ്മദി, ഒരു നബി (പ്രവാചകൻ)യും റസൂലുമാ(ദൈവദൂതൻ)മാണെന്ന് വാദിച്ചിട്ടുള്ള ഒരാൾക്കാണ് താൻ ബൈഅത്ത് ചെയ്തിട്ടുള്ളതെന്ന ഒരാക്ഷേപത്തെ അഭിമുഖീകരിക്കേണ്ടി വന്നത്. ഞാൻ അപ്രകാരം ഒരു വാദവും പുറപ്പെടുവിച്ചിട്ടില്ലെന്ന് വ്യക്തമായി നിഷേധിച്ചു പറഞ്ഞു കൊണ്ട് അദ്ദേഹം തൽക്കാലം ആ ആക്ഷേപത്തെ മറികടന്നു. എന്നാൽ ഈ പ്രത്യുത്തരം ഒട്ടും ശരിയായിരുന്നില്ല. ദൈവം എനിക്കിറക്കിയ പാവനവും പരിശുദ്ധവുമായ വെളിപാടുകളിൽ നബിയെന്നും റസൂൽ എന്നുമുള്ള വാക്കുകൾ അടങ്ങിയിട്ടുണ്ടെന്നതാണ് യാഥാർത്ഥ്യം. ഈ വാക്കുകൾ ഒന്നോ രണ്ടോ വട്ടമല്ല. നൂറുകണക്കിന് ആവർത്തിക്കപ്പെട്ടിട്ടുള്ളതാണ്. ഈ വെളിപാടുകളുള്ളപ്പോൾ അത്തരം വാക്കുകളൊന്നും ഇല്ലാത്തത് പോലെ അപ്രകാരമുള്ള മറുപടി നൽകുന്നത് ശരിയായിരിക്കുന്നതെങ്ങനെ? ഇത്തരം വാക്കുകൾ മുമ്പത്തേക്കാൾ അധികമായും അടിക്കടിയായും കൂടുതൽ സ്ഫുടതരമായും ഇപ്പോൾ വെളിപാടുകളിൽ കാണപ്പെടുന്നുണ്ട്. 22 കൊല്ലം മുമ്പ് പ്രസിദ്ധീകരിച്ച ബറാഹീനെ അഹ്മദിയ്യായിൽ തന്നെ അത്തരം വാക്കുകൾ കാണാവുന്നതാണ്. (ഇക് ഗലത്തീ കാ ഇസാലാ)

ഈ പ്രഖ്യാപനത്തിൽ ഹദ്റത്ത് അഹ്മദുൽ ഖാദിയാനി (അ) നബി തന്നെയാണെന്ന് ഉറപ്പിച്ചു പറഞ്ഞതിനെ പരിഗണിച്ച് എതിരാളികൾ ശക്തിമത്തായ പുതിയ ആക്ഷേപങ്ങൾ ഉന്നയിച്ചു തുടങ്ങി. അഹ്മദിയ്യാ ജമാഅത്തിനും അതിന്റെ വന്ദ്യസ്ഥാപകർക്കുമെതിരെ ആഗോള വ്യാപകമായ എതിർപ്പുകൾ ശത്രുക്കൾ ഇതിൽ കൂടി കണ്ടെത്തുകയും തിരുനബി (സ)യെ പറ്റി ഖാത്തമുന്നബിയ്യീൻ എന്ന് ഖുർആനിൽ പറഞ്ഞിട്ടുള്ളതിന് എതിരാണിതെന്ന് ഘോഷിക്കുകയും ചെയ്തു. ഖാത്തമുന്നബിയ്യീന് ശേഷം നബി വരുന്നതെങ്ങനെയെന്ന് ചോദിച്ചതിന് ഹദ്റത്ത് അഹ്മദ് (അ) ഇപ്രകാരം മറുപടി നൽകി.:

വിശുദ്ധ നബി(സ) ഖാത്തമുന്നബിയ്യീനായിരിക്കെ അദ്ദേഹത്തിന് ശേഷം പുതിയ ഒരു പ്രവാചകൻ വരുന്നതെങ്ങനെയെന്ന് ആരെങ്കിലും ചോദിക്കുകയാണെങ്കിൽ അതിനുള്ള ഉത്തരം ഇതാണ്. തീർച്ചയായും ഈസാ നബിയുടെ പുനരാഗമനത്തിൽ നിങ്ങൾ വിശ്വസിക്കുന്ന അർത്ഥത്തിലും അദ്ദേഹത്തിന്റെ പ്രവാചകത്വത്തിലും അദ്ദേഹത്തിന് 40 വർഷക്കാലം വെളിപാടുകൾ തുടരുന്നതിലും-തിരുനബി(സ)യുടെ പ്രവാചകത്വ കാലയളവിനെക്കാൾ കൂടിയതാണിതെന്നോർക്കണം - നിങ്ങൾ വിശ്വസിക്കുന്നത് പോലെ പുതിയതോ പഴയതോ ആയ ഒരു നബിയും വരാൻ പാടില്ല. അത്തരമൊരു വിശ്വാസം ഗുരുതരമായ ഒരു കുറ്റം തന്നെയാണെന്നതിൽ സംശയമില്ല. വലാകിൻ റസൂലുല്ലാഹി വ ഖാത്തമുന്നബിയ്യീൻ (എങ്കിലും അദ്ദേഹം ഖാത്തമുന്നബിയ്യീനും അല്ലാഹുവിന്റെ ദൂതനുമാകുന്നു.) എന്ന ഖുർആൻ വാക്യവും ലാ നബിയ്യ ബഅ്ദീ (എനിക്ക് ശേഷം നബിയില്ല) എന്ന ഹദീസിലും അത്തരം തെറ്റായ സിദ്ധാന്തത്തിന്റെ പ്രത്യക്ഷമായ അസത്യത്തെ തെളിയിച്ചു കാട്ടുന്ന പ്രബലമായ സാക്ഷ്യമാകുന്നു. ഞാൻ അത്തരം വിശ്വാസങ്ങൾക്ക് തികച്ചും എതിരായിരിക്കുന്നതിന് പുറമെ വലാകിൻ റസൂലുല്ലാഹ് വ ഖാത്തമുന്നബിയ്യീൻ (അദ്ദേഹം അല്ലാഹുവിന്റെ ദൂതനും പ്രവാചകന്മാരുടെ മുദ്രയുമാകുന്നു.) എന്ന ഖുർആൻ വാക്യത്തിൽ സുദൃഢമായ വിശ്വാസം പുലർത്തുകയും ചെയ്യുന്നു. ഈ വാക്യങ്ങൾ നമ്മുടെ എതിരാളികളുടെ ശ്രദ്ധയിൽ പെടാതെപോയ ഒരു വലിയ പ്രവചനം അടങ്ങിയിരിക്കുന്നു. അത് ഇതാകുന്നു. തിരുനബി (സ)യുടെ ആവിർഭാവത്തിന് ശേഷം കാലാവസാനം വരെ പ്രവചന ശേഷിയുടെ ദിവ്യമായ വരദാനം തട യപ്പെട്ടിരിക്കുന്നു എന്നതത്രേ അത്. ഹിന്ദുവോ ജൂതനോ ക്രിസ്ത്യാനിയോ നാമമാത്ര മുസ്‌ലിമോ ആയിട്ടുള്ള യാതൊരാൾക്കും തന്റെ പേരിൽ നബി എന്ന സ്ഥാനപ്പേര് സ്വീകരിക്കുന്നതിനെ ന്യായീകരിക്കുന്നതിന് സാധിക്കുന്നതല്ല. ഈ അത്യുന്നതമായ പദവിക്ക്'സിറാത്തെ സിദ്ദീഖ്' (സിദ്ദീഖിന്റെ പാത) ഒഴിച്ചുള്ള മറ്റെല്ലാ സമീപനങ്ങളും മാർഗ്ഗങ്ങളും തിരുനബി(സ)യോടുള്ള പ്രേമാതിരേകത്താൽ പൂർണ്ണമായ ആത്മസംഹൃതിക്ക് തുല്യമായിട്ടുള്ളതാണ്-ബന്ധിക്കപ്പെട്ടിരിക്കുന്നു. ആ വാതിലിലൂടെ ദൈവത്തെ സമീപിക്കുവാൻ ശ്രമിക്കുന്നവർ പ്രവാചകത്വത്തിന്റെ കുപ്പായം - അതു പക്ഷേ തിരുനബി(സ)യുടെ പ്രവാചകത്വത്തിന്റെ അംശം തന്നെയാകുന്നു- അണിഞ്ഞ ആളായിരിക്കണം. അത്തരം ഒരാളുടെ പ്രവാചകത്വം തന്നത്താൻ നിലനിൽക്കുന്നതോ സ്വന്തം വ്യക്തിത്വത്തിൽ നിന്ന് നേടിയെടുത്തതോ അല്ല. മറിച്ച്, എല്ലാ ഔദാര്യങ്ങളുടെയും നന്മകളുടെയും പ്രഭവ കേന്ദ്രമായ തിരുനബി(സ)യിൽ നിന്ന് ആവാഹിച്ചെടുത്തിട്ടുള്ള താകുന്നു. ആകയാൽ അത്തരമൊരാൾ സ്വന്തം ഔന്നത്യവും സ്ഥാനവുമുയർത്താനല്ല നേരേമറിച്ച് തിരുനബി (സ)യുടെ മഹത്വവത്ക്കരണത്തിനാ

യിട്ടാണ് നബിയായിരിക്കുന്നത്. അത്കൊണ്ടാണ് അദ്ദേഹം സ്വർഗ്ഗത്തിൽ മുഹമ്മദും അഹ്മദും ആയി അറിയപ്പെടുമാറായിരിക്കുന്നത്. മുഹമ്മദിന്റെ പ്രവാചകത്വം മറ്റാരിലുമല്ലാതെ മുഹമ്മദിലേക്ക് തന്നെ തിരിച്ചുവരുന്നു എന്ന് പറയാം. എന്നു വച്ചാൽ ഈ പദവി അവകാശപ്പെടുന്ന ഒരാൾ തിരുനബി(സ) യുടെ എല്ലാ ഗുണങ്ങളും തന്നിൽ പ്രതിഫലിക്കുകയും അവിടേക്കുള്ള കടപ്പാടിനെ അംഗീകരിക്കുകയും ചെയ്തുകൊണ്ട് അവിടുത്തെ നിഴലെന്നോണം പ്രവർത്തിക്കുന്നതായിരിക്കും .....ചുരുക്കത്തിൽ എന്റെ പ്രവാചകത്വം എന്റെ സ്വത്വം മുഖേനയല്ല മറിച്ച് ഞാൻ മുഹമ്മദും അഹ്മദും ആയിരിക്കുന്നത് മുഖേനയാകുന്നു. ഞാൻ ഈ പദവിയിൽ അനുഗൃഹീതനായിരിക്കുന്നത് ഞാൻ തിരുനബി(സ) യിൽ പൂർണ്ണമായും ആഹുതി ചെയ്തിട്ടുള്ളത് കൊണ്ടത്രേ. ഖാത്തമുന്നബിയ്യീൻ (പ്രവാചകന്മാരുടെ മുദ്ര) എന്ന പ്രയോഗത്തിന്റെ പൊരുളിനെ ഇത് ഒരുതരത്തിലും ബാധിക്കുന്നില്ല. എന്നാൽ ഈസാ മസീഹിനെ പോലെയുള്ള ഒരു സ്വതന്ത്ര പ്രവാചകന്റെ ആവിർഭാവം ഇപ്രകാരമുള്ളതല്ല. നബി എന്ന ശബ്ദത്തിന്റെ അർത്ഥം ദൈവത്തിൽ നിന്ന് പരോക്ഷ ജ്ഞാനം ലഭിച്ചയാൾ എന്നത്രെ. ഈ നിർവ്വചനം ആരിൽ യോജിക്കുന്നുവോ അയാൾ നബിയായിരിക്കും. നബി ആവശ്യമായും ഒരു റസൂൽ(ദൈവദൂതൻ) ആണ്. അല്ലാത്ത പക്ഷം പരിശുദ്ധമായ പരോക്ഷജ്ഞാനമയാൾക്ക് അനുഗ്രഹിവച്ചരുളപ്പെടുന്നതല്ല.... ദൈവത്തിൽ നിന്നും പരോക്ഷജ്ഞാനം ലഭിച്ചതായി പ്രഖ്യാപിക്കുന്ന ആൾ പ്രവാചകത്വത്തിന് അവകാശിയല്ലെങ്കിൽ മറ്റെന്ത് പേരാണ് നിങ്ങൾ അയാൾക്ക് നൽകുക?. മുഹദ്ദസ് എന്ന പദത്തിന്റെ ഉള്ളടക്കം അത്തരം ഒരാളുടെ അത്മീയസ്ഥാനത്തെ പൂർണ്ണമായും ഉൾക്കൊള്ളുന്നുവെന്നതിന്ന് യാതൊരു നിഘണ്ടുവും പിന്തുണ നൽകുന്നില്ല. 'തഹ്ദീസ്'എന്ന അറബി പദം പരോക്ഷജ്ഞാനങ്ങളുടെ രഹസ്യ ജ്ഞാനം ആർജ്ജിക്കുകയും പ്രഖ്യാപിക്കുകയും ചെയ്യുന്നതിന്നുള്ള ശബ്ദമായി ഒരു നിഘണ്ടുവിലും വിവരിക്കപ്പെട്ടിട്ടില്ല. എന്നാൽ നുബൂവ്വത്ത് എന്നത് അത്തരത്തിൽ പരോക്ഷജ്ഞാനം ലഭിക്കൽ ആയി വിവരിക്കുന്നുമുണ്ട്. നബിയെന്ന പദം അറബിയിലും അബ്രാനിയിലും പൊതുവായിട്ടുള്ളതാണ് ഹിബ്രുവിലും അത് നബി എന്നാണ് ഉച്ചരിക്കപ്പെടുക.

ഹദ്റത്ത് അഹ്മദ്(അ) ഇക് ഗലത്തീ കാ ഇസാല എന്ന കൃതി ഇപ്രകാരമാണ് ഉപസംഹരിക്കുന്നത്:

ഞാനിത്രയും പറഞ്ഞിട്ടുള്ളതിന്റെ ആകസ്സാരം എന്തെന്നാൽ അറിവു കെട്ട എന്റെ എതിരാളികൾ ഞാനൊരു സ്വതന്ത്ര നബിയാണെന്ന് അഥവാ സ്വതന്ത്ര റസൂലാണെന്ന് വാദിച്ചതായി ആരോപിക്കുന്നുന്നത് ശരിയായില്ല എന്നത്രെ. ഞാൻ അത്തരമൊരു വാദം പുറപ്പെടുവിച്ചിട്ടില്ല. അവർ നബി എന്നതിനും റസൂൽ എന്നതിനും കൽപ്പിക്കുന്ന അർത്ഥത്തിൽ ഞാൻ പ്രവാചകനോ ദൈവദൂതനോ ആണെന്ന് വാദിക്കുന്നില്ല. എന്നാൽ മുകളിൽ വിവരിച്ച അർത്ഥത്തിൽ ഞാൻ ഒരു നബിയും റസൂലും തന്നെ. ഞാൻ അവർ പറയുന്ന തരത്തിലുള്ള നുബൂവ്വത്തും രിസാലത്തും വാദിച്ചതായി എന്നെക്കുറിച്ച് കുത്സിത ബുദ്ധ്യാ ആരോപിക്കുന്നവർ കള്ളം പറയുകയാകുന്നു. അത് അവിശുദ്ധമായ വിചാരത്താൽ പ്രചോദിതമാകുന്നു. എന്നെ ബുറൂസി (പ്രതിഛായ) ആയ രൂപത്തിൽ നബിയും റസൂലും ആക്കിയിരിക്കുന്നു. ഇതേ അടിസ്ഥാനത്തിൽ ദൈവം അടിക്കടി എന്റെ പേര് നബിയുല്ലാഹ് എന്നും വെച്ചിരിക്കുന്നു. എന്നാൽ ബുറൂസി (പ്രതിഛായ) രൂപത്തിൽ മാത്രം എന്റെ വ്യക്തിത്വം മദ്ധ്യത്തിലെവിടെയും ഇല്ല. മുഹമ്മദ് മുസ്തഫാ(സ) തന്നെയാണ് എന്നിൽ പ്രതിഭാസിക്കുന്നത്. അത്കൊണ്ടാണ് ഞാൻ മുഹമ്മദ് എന്നും അഹ്മദ് എന്നും വിളിക്കപ്പെട്ടിരിക്കുന്നത്. നുബൂവ്വത്തും രിസാലത്തും അന്യരുടെ ആരുടെയെങ്കിലും അടുക്കലേക്ക് പോയില്ല. മുഹമ്മദിന്റെ(സ) നുബൂവ്വത്ത് മുഹമ്മദിന്റെ അടുക്കൽ തന്നെ നിലനിൽക്കുന്നു.

തന്റെ പദവി 'മുഹദിസ്' എന്ന സ്ഥാനത്തേക്കാൾ ഉയർന്നതാണെന്ന് വ്യക്തമാക്കിയ വാഗ്ദത്ത മസീഹ് (അ) നുബുവ്വത്തിന് പുതിയ നിർവ്വചനം നൽകി. 1901 ന് ശേഷമുള്ള ഗ്രന്ഥങ്ങളിൽ ഇത് കാണപ്പെടുന്നു. വാഗ്ദത്ത മസീഹ് നബി എന്ന ശബ്ദത്തിന് പിന്നീട് നൽകിയ ഖണ്ഡിതമായ നിർവ്വവചനങ്ങൾ ഇതാണ്

1) ദൈവത്തിന്റെ ഭാഷണം ഖണ്ഡിതവും ദൃഢവുമായ രീതിയിൽ ധാരാളമായി ഇറങ്ങി ക്കൊണ്ടിരിക്കുന്നത് ആരിലാണോ അയാളാണ് എന്റെ പക്കൽ നബി. അതുകൊണ്ട് അല്ലാഹു എന്റെ പേർ നബിയെന്ന് വെച്ചു. പക്ഷേ ശരീഅത്ത് ഇല്ലാതെ. (തജല്ലിയാത്തെ ഇലാഹിയ്യ)

2) ആ നേരിട്ടുള്ള സംസാരം അവസ്ഥയിലും ആധിക്യത്തിലും പരിപൂർണ്ണതയുടെ പരമോന്നത സ്ഥാനത്തെക്കുറിക്കുകയും അതിന്റെ യാതൊരു അപാകതയും കുറവും അവശേഷിക്കാതിരിക്കുകയും തുറന്ന നിലയിൽ പരോക്ഷ ജ്ഞാനം ഉൾക്കൊണ്ടിരിക്കുകയും ആണെങ്കിൽ ഇതുതന്നെയാണ് വാഗന്തരേണ നുബൂവ്വത്ത് എന്ന പേരിൽ നാമകരണം ചെയ്യപ്പെട്ടിരിക്കുന്നത് (അൽവസിയ്യത്ത്)

3) വഹ്‌യ് മുഖേന അല്ലാഹുവിൽ നിന്ന് നേരിട്ട് ജ്ഞാനം ലഭിക്കുന്ന ആൾ, ദൈവവുമായി നേരിട്ട് സംസാരിക്കുന്നതിന് അനുഗ്രഹിക്കപ്പെട്ട ആൾ എന്നിങ്ങനെ മാത്രമാണ് നബിയുടെ അർത്ഥം. ശരീഅത്ത് കൊണ്ട് വരുന്നത് നിർബന്ധമില്ല. ഒരു ഉമ്മത്തിയെ അപ്രകാരം പ്രവാചകനായി കരുതുന്നതിന് എന്തെങ്കിലും നിബന്ധന അനുപേക്ഷണീയമായിരിക്കുന്നില്ല.

ആ ഉമ്മത്തി താൻ അനുസരിക്കുന്ന നബിയിൽ നിന്നും അനുഗ്രഹങ്ങൾ തേടുന്ന ആളായിരിക്കുമ്പോൾ പ്രത്യേകിച്ചും. (സമീമ ബറാഹീൻ അഹ്മദീയ്യ. പു. 138)

4) ദൈവത്തിൽ നിന്നും പരോക്ഷ മായ കാര്യങ്ങളിൽ അധിഷ്ഠിതമായ ശക്തിമത്തായ പ്രവചനങ്ങൾ അടങ്ങിയ ഭാഷണം ജനങ്ങളിൽ എത്തിക്കുന്ന ആൾ ഇസ്‌ലാമിക സാങ്കേതിക വീക്ഷണ പ്രകാരം നബിയെന്ന് പറയപ്പെടുന്നു. (ഹുജ്ജത്തുല്ലാഹ് പു.6.)

പുതിയ ശരീഅത്ത് കൊണ്ട് വരുന്ന ആളോ മുൻ ശരീഅത്ത് റദ്ദ് ചെയ്യുന്ന ആളോ ആണ് നബി യെന്നും ആ ആൾ മറ്റൊരു നബിയുടെ പിന്തുടർച്ചക്കാരനോ അനുസാരിയോ അല്ലാത്ത നിലയിൽ നേരിട്ട് ദൈവത്തിൽ നിന്ന് നിയോഗിക്കപ്പെടുന്ന ആളായിരിക്കു മെന്നുമായിരുന്നു നബിയെക്കുറിച്ചു ള്ള പൂർവ്വ ധാരണ. ആകയാൽ താൻ നബിയാണെന്ന് വാദിക്കു മ്പോൾ ഇസ്‌ലാമിക ശരീഅത്തിന് ശേഷം പുതിയ ശരീഅത്ത് കൊണ്ട്‌വന്ന ആളോ മുഹമ്മദ് നബി(സ) തിരുമേനിയുടെ പിന്തു ടർച്ചയും അനുസരണവുമായി ബന്ധ മില്ലാത്ത സ്വതന്ത്രനായ നബിയോ ആണെന്ന് ധരിക്കാനിടയു ണ്ടെന്നതിനാലാണ് ആ മഹാത്മാവ് താൻ നബിയല്ലെന്ന് നിഷേധിച്ചുപോ ന്നത്. എന്നാൽ മുഹമ്മദ് നബി (സ)യുടെ പ്രാദുർഭാവത്തിന് ശേഷം ഒരു പുതിയ തരത്തിലുള്ള ശിഷ്യ പ്രവാചകന്റെ- ഉമ്മത്തീ നബിയുടെ- തസ്തിക കൂടി സൃഷ് ടിക്കപ്പെട്ടിരിക്കയാണെന്നും ആ അടിസ്ഥാനത്തിൽ ഇസ്‌ലാം ശരീഅത്തിന്റെ ഇഖാമത്തിനായുള്ള ഉമ്മത്തീ നബിയും തിരുനബി(സ) യുടെ പ്രതിഛായയും പ്രതീകവു മായ ശിഷ്യ പ്രവാചകനായി നിയോഗിക്കപ്പെട്ടിരിക്കയാണെന്നും ദിവ്യ ബോധനത്തിലൂടെ വ്യക്തമാ ക്കപ്പെട്ടപ്പോൾ, അപ്രകാരം പ്രഖ്യാപി ക്കാനും ഘോഷിക്കാനും അവിടു ന്ന് ലവലേശവും മടിക്കുകയു ണ്ടായില്ല. അക്കാര്യത്തിൽ മുഴുവൻ ലോകത്തിന്റെയും എതിർപ്പുകളെ ഒറ്റക്ക് നേരിടാനുള്ള നെഞ്ഞൂക്കും നിശ്ചയദാർഢ്യവും പ്രദർശിപ്പി ക്കാൻ അദ്ദേഹം തയ്യാറായി. താൻ നബിയും റസൂലുമാണെന്ന് എവിടെ യെല്ലാം പറയുന്നുവോ അവിടെയെ ല്ലാം അതോടൊപ്പം തന്നെ തനിക്കീ പദവി ലഭിച്ചത് തന്റെ ഗുരുവര്യനായ മുഹമ്മദ് നബി (സ) തിരുമേനിയോ ടുള്ള അനുസരണം വഴി സിദ്ധിച്ച അനുഗ്ര ഹത്തിലൂടെ ആണെന്നും കൂടി ആവർത്തിച്ചു ഊന്നിപ്പറയാൻ അവിടുന്ന് ബദ്ധപ്പെടുകയും ചെയ്തു.

1906ൽ പ്രസിദ്ധീകരിച്ച ഹഖീക്കത്തുൽ വഹ്‌യി എന്ന ഗ്രന്ഥത്തിൽ ഇപ്രകാരം പ്രസ്താവി ച്ചു.

ധാരാളം ദൈവിക വഹ്‌യുക ളുടെയും പരോക്ഷ കാര്യങ്ങളുടെ യും ആ ഘടകത്തെ സംബന്ധിച്ചേ ടത്തോളം ഈ ഉമ്മത്തിൽ ഞാൻ മാത്രമാണ് ഒരു പ്രത്യേക വ്യക്തി. എനിക്ക്മുമ്പ് ഈ ഉമ്മത്തിൽ എത്രത്തോളം ഔലിയാക്കളും അബ്ദാലുകളും അഖ്താബുകളും കഴിഞ്ഞു കടന്നിട്ടുണ്ടോ അവർ ക്കൊന്നും ഈ അനുഗ്രഹത്തിന്റെ വർദ്ധിത ഭാഗം പ്രദാനം ചെയ്യപ്പെട്ടി ട്ടില്ല. ഈ കാരണത്താൽ നബി എന്ന പേരിൽ ഞാൻ മാത്രം പ്രത്യേക പ്പെടുത്തപ്പെട്ടു. മറ്റുള്ളവർ ആരും തന്നെ ഇതിന് അവകാശികളായില്ല. എന്തുകൊണ്ടെന്നാൽ ധാരാളം വഹ്‌യുകളും ധാരാളം പരോക്ഷ കാര്യങ്ങളും ലഭിക്കണമെന്നത് ഇതിലെ ഒരു നിബന്ധനയായി രുന്നു. ഈ നിബന്ധന അവരിലൊ ന്നും തന്നെ പൂർത്തിയായി കാണപ്പെടുന്നില്ല.

തിരുനബി(സ)യുടെ പ്രവച നം വ്യക്തമായി പുലരുന്നതിന് അപ്രകാരം ആവേണ്ടത് അനിവാര്യ മായിരുന്നു. എനിക്ക് മുമ്പ് കടന്നു കഴിഞ്ഞ സാലിഹീങ്ങളും ദൈവ വുമായുള്ള ആഭിമുഖ്യത്തിലും ദൈവിക ഭാഷണത്തിലും പരോക്ഷ കാര്യങ്ങളിലും അതേതരത്തിൽ അനുഗ്രഹ പങ്കാളികളായിരുന്നെ ങ്കിൽ അവരും നബിയെന്ന് പറയു ന്നതിൽ അവകാശികളാകുമായിരു ന്നു. അതോടൊപ്പം തിരുനബി(സ) യുടെ പ്രവചന പൂർത്തിയിൽ ഒരു വൈകല്യം സംഭവിക്കുകയും ചെയ്യുമായിരുന്നു. ഈ ദൈവിക നിശ്ചയം ഈ വന്ദ്യാത്മാക്കളെ പൂർണ്ണാനുഗ്രഹലബ്ധിയിൽ നിന്നും തടഞ്ഞ് നിറുത്തി. സഹീഹായ ഹദീസുകളിൽ പറയപ്പെട്ട പ്രകാരം അത്തരം അനുഗൃഹീതാത്മാവ് ഒരാൾ മാത്രമായിരിക്കുമെന്ന പ്രവചനം നിറവേറ്റാൻ വേണ്ടി തന്നെ. (ഹഖീക്കത്തുൽ വഹ്‌യ്. പു 391)

ഇത്രയും വ്യക്തമായ തര ത്തിൽ തന്റെ നുബൂവ്വത്ത് തെളി യിച്ചു കാട്ടിയ ശേഷം തന്റെ ഒടുവില ത്തെ പ്രധാന ഗ്രന്ഥമായ ചശ്മേ മഅ്‌രിഫയിൽ(1907) ഇങ്ങനെയും എഴുതി:

ഞാൻ ദൈവത്തിൽ നിന്നു ള്ളവനാണെന്നുള്ള സത്യം സ്ഥാപി ച്ചു കാട്ടുന്നതിന് വേണ്ടി ഇത്രയേറെ അടയാളങ്ങളും ദൃഷ്ടാന്തങ്ങളും ദൈവം വെളിപ്പെടുത്തുകയുണ്ടാ യി. അവ ഒരായിരം നബിമാർക്ക് വീതിച്ചു നൽകപ്പെട്ടിട്ടുണ്ടെങ്കിൽ അവർ ഓരോരുത്തരുടേയും നുബൂവ്വത്ത് സ്ഥാപിക്കപ്പെടുമായി രുന്നു. (ചശ്മെ മഅ്‌രിഫ പു.317)

ഒടുവിലായി ചരമം പ്രാപി ക്കുന്നതിന് ഒരു ദിവസം മുമ്പ് മാത്രം 'അഖ്ബാറെ ആം' എന്ന പ്രസിദ്ധ പത്രത്തിൽ താൻ നുബൂവ്വ ത്ത് വാദം ഉപേക്ഷിച്ചുവെന്ന കള്ള വാർത്ത കണ്ടപ്പോൾ വാർത്ത നിഷേധിച്ചു കൊണ്ട് താൻ നബി തന്നെയാണെന്ന കാര്യം ഊന്നിപ്പറ ഞ്ഞു കൊണ്ടും ഒരു പ്രസ്താവന പുറപ്പെടുവിക്കുകയും താൻ അവസാന നിമിഷം വരെയും നുബൂവ്വത്ത് വാദത്തിൽ ഉറച്ച് നിന്നിട്ടുണ്ടെന്ന് തെളിയിച്ചു കാട്ടുകയും ചെയ്തു. (ഹദ്റത്ത് അഹ്മദ്(അ)എന്ന ഗ്രന്ഥത്തിൽ നിന്ന്)

# മാലാഖയെപ്പോലെയൊരാൾ

എം എ മുഹമ്മദ് സാഹിബിനെ സത്യദൂതൻ പ്രിന്ററും പബ്ളിഷറുമായ ലേഖകൻ അനുസ്മരിക്കുന്നു.

**ബി. ബി. അഹ്മദ് കബീർ**

മലക്കുകളെ നാം കണ്ടിട്ടില്ല. അപൂർവ്വം ചില മനുഷ്യരെ കാണുമ്പോൾ നമ്മൾ പറഞ്ഞു പോകാറുണ്ട് മലക്കിനെ പോലെയുള്ള ഒരു മനുഷ്യൻ എന്ന്. അങ്ങനെ ഞാൻ കണ്ട ഒരു മലക്കായിരുന്നു എം എ മുഹമ്മദ് സാഹിബ്. അദ്ദേഹത്തിന് ശത്രുക്കളാരും ഉണ്ടായിരുന്നില്ല. പരിചയപ്പെട്ടവരെല്ലാം മിത്രങ്ങളും അടുപ്പക്കാരുമായിരുന്നു. മുപ്പത് വർഷത്തെ ബന്ധമായിരുന്നു അദ്ദേഹവും ഞാനുമായി ഉണ്ടായിരുന്നത്. ജമാഅത്തിന്റെ മീറ്റിങ്ങിനായി വരുമ്പോൾ ആ ബന്ധം കൂടുതൽ ദൃഢതരമാകുമായിരുന്നു. കാണാതിരിക്കുന്ന കാലം കുറച്ച് നീണ്ടു പോകുകയാണെങ്കിൽ ഫോണിൽ വിളിവരും. ജമാഅത്തിന്റെ സംസ്ഥാന അമീറായിരുന്ന മർഹൂം എ. പി കുഞ്ഞാമു സാഹിബും എമ്മെയും അഹ്മദ് കോയാ സാഹിബും ബിച്ചു കോയാട്ടി സാഹിബും അഹ്മദ് ഹസൻ സാഹിബുമൊക്കെയായിട്ടുള്ള അന്നത്തെ സൗഹൃദം ആനന്ദകരമായിരുന്നു. എപ്പോഴും ഓർമ്മയിൽ നിൽക്കുന്നത് എമ്മെ പങ്കെടുക്കുന്ന മീറ്റിംങ്ങും അതിന് ശേഷമുള്ള സദ്യവട്ടങ്ങളുമായിരുന്നു. മീറ്റിങ്ങുകളിൽ ചർച്ച പിരിമുറുകി നിൽക്കുന്ന സന്ദർഭങ്ങളിൽ എമ്മെയുടെ ചില മറുപടികളും കമന്റുകളും അന്തരീക്ഷത്തെ തണുപ്പിക്കുക മാത്രമല്ല പൊട്ടിച്ചിരിപ്പിക്കുന്നതു കൂടിയായിരുന്നു. പല പ്രശ്നങ്ങൾക്കും അദ്ദേഹം നർമത്തിലൂടെ പറയുന്ന ലളിതപരിഹാരങ്ങൾ വളരെ കൃത്യമായിരിക്കും. അതൊക്കെ എഴുതി വെക്കുമായിരുന്നെങ്കിൽ മലയാളഭാഷക്ക് തന്നെ ഒരു മുതൽ കൂട്ടാകുമായിരുന്നു. അദ്ദേഹം വീട്ടിൽ പറഞ്ഞ ഒരു തമാശ ഈ അടുത്തായി അമേരിക്കൻ സമ്പന്നൻ ബിൽ ഗേയ്റ്റ്സിന്റേതായി ഇപ്പോൾ വരുന്നുണ്ട്. വീട്ടിൽ സംഭാവന പിരിക്കാൻ വന്നവർക്ക് അദ്ദേഹം സംഭാവന നൽകിയപ്പോൾ താങ്കളുടെ മകൻ ഇതിന്റെ പത്തിരട്ടി തന്നല്ലോ എന്ന് പറഞ്ഞവരോട് അവന് അത് പറ്റും. കാരണം അവന്റെ പിതാവ് സമ്പന്നനാണ് എന്റെ പിതാവ് ഒരു സാധാരണക്കാരനാണ് എന്നായിരുന്നു ആ ഫലിതം. ഒരിക്കൽ ഒരു മീറ്റിങ്ങിൽ പ്രോപ്പർട്ടി വിൽക്കുന്നത് സംബന്ധിച്ച് ചർച്ച വന്നത് ഞാനിപ്പോഴും ഓർക്കുന്നു. ഒരു ആശുപത്രി നിർമാണത്തിനായി വാങ്ങിയ സ്ഥലം ആശുപത്രി അവിടെ നല്ലനിലയിൽ കൊണ്ടുപോകാൻ സാദ്ധ്യമല്ല എന്ന് കണ്ടപ്പോൾ ആ പദ്ധതി വേണ്ടന്ന് വെക്കുവാൻ തീരുമാനിച്ചു. ആ സ്ഥലം വിൽക്കണമോ അതല്ല വാടക്ക് കൊടുക്കണമോ എന്ന ചർച്ച ആ മീറ്റിങ്ങിൽ വന്നു. ഒരു വിഭാഗം വാടകക്ക് നൽകണമെന്നും മറ്റൊരു വിഭാഗം വിൽക്കണമെന്നും വാദിച്ചു. ചർച്ച എവിടെയും എത്താതെ വന്നപ്പോൾ എനിക്ക് ഒരു കാര്യം പറയാനുണ്ട് എന്ന് പറഞ്ഞ് എമ്മെ എഴുന്നേറ്റു. ആ സ്ഥലം സൗജന്യമായി നൽകണം എന്നാണ് എന്റെ അഭിപ്രായം. കടുത്ത സാമ്പത്തിക പ്രതിസന്ധിയിൽ നിൽക്കുമ്പോൾ എന്താണ് ഇങ്ങനെ പറയാൻ കാരണം എന്ന് കേട്ടവർ നിശ്ശബ്ദരായി നിൽക്കുമ്പോൾ എമ്മെയുടെ വിശദീകരണം വന്നു. വാടകക്ക് കൊടുത്താൽ വാടക കിട്ടില്ല. ഭാവിയിൽ വാടകക്കാരനുമായുള്ള കേസ് നടത്തിപ്പ്, അയാളുമായുള്ള കശപിശ മുതലായവക്ക് വലിയൊരു തുകയും പ്രയത്നവുമൊക്കെ വേണ്ടിവരും. സൗജന്യമായി കൊടുത്താൽ ആ ബുദ്ധിമുട്ടുകളിൽ നിന്നെല്ലാം ഒഴിവാകുമല്ലോ എന്നോർത്ത് പറഞ്ഞതാണ്. എല്ലാവരും അത് കേട്ട് പൊട്ടിച്ചിരിക്കുകയായിരുന്നു. ആ പ്രശ്നത്തിന് അപ്പോൾ തന്നെ പരിഹാരവുമായി. ഇതെല്ലാം അദ്ദേഹത്തിന്റെ നർമ്മവും പ്രായോഗികതയും വെളിവാക്കുന്ന സംഭവമാണെങ്കിൽ അതിലപ്പുറം എമ്മെയിലെ മനുഷ്യസ്നേഹിയും എല്ലാ മനുഷ്യരെയും ഒരു പോലെ കാണാനുള്ള വലിയ മനസ്സുമാണ് എന്നെ അദ്ദേഹത്തിലേക്ക് ആകർഷിച്ചത്. എനിക്ക് ഇരുപതോ ഇരുപത്തിരണ്ടോ വയസ്സുള്ളപ്പോഴാണ് ഞാൻ എമ്മെയെ പരിചയപ്പെടുന്നത്.

എന്നെക്കാൾ മുപ്പത് വയസ്സിലധികം പ്രായവും അതിസമ്പന്നനുമായ എമ്മെ ജമാഅത്തിൽ നവാഗത നായിരുന്ന എന്നെപ്പോലെ ഒരാളോട് വളരെ ബഹുമാന പുരസ്സരം കബീർ സാഹിബ് എന്ന് അഭിസംബോധന ചെയ്തായിരുന്നു സംസാരിച്ചിരുന്നത്.

കോഴിക്കോട്ട് വരുമ്പോൾ അദ്ദേഹത്തിന്റെ വീട്ടിൽ കമ്മിറ്റിയംഗ ങ്ങളോടൊപ്പം ആതിഥ്യം സ്വീകരിക്കാൻ അവസരം ലഭിച്ചിട്ടുണ്ട്. ഒരു റമദാനിൽ ഒരു മീറ്റിങ്ങിൽ പങ്കെടുക്കാൻ എത്തേണ്ടിയിരുന്നു. അന്ന് ഞാനും കണ്ണൂർ അമീർ പി പി നാസറുദ്ദീൻ സാഹിബുമായിരുന്നു ദൂരെ നിന്ന് എത്തിയവർ. എമ്മെ ഞങ്ങളോട് പറഞ്ഞു നോമ്പു തുറ ഇന്ന് എന്റെ വീട്ടിലായിരിക്കും. ഞാൻ കരുതിയിരുന്നത് നോമ്പു തുറക്കാൻ മറ്റുള്ളവരെയും വിളിച്ച് കൂട്ടത്തിൽ ഞങ്ങളേയും വിളിച്ചതായിരിക്കുമെന്നാണ്. നോമ്പ് തുറക്കാൻ സമയമായപ്പോൾ വലിയ തീൻ മേശ നിറയെ പലതരം വിഭവങ്ങൾ ഒരുക്കി എമ്മെ ഒരു ഗംഭീര ഇഫ്താർ വിരുന്നായിരുന്നു ഞങ്ങൾക്കായി ഒരുക്കിയത്. ഞങ്ങൾക്ക് രണ്ടു പേർക്ക് മാത്രമായിരുന്നു ആ വലിയ സദ്യ ഒരുക്കിയത്. സാധാരണക്കാരിൽ സാധാരണക്കാരായ ഞങ്ങൾ രണ്ടു പേരോടുപോലും എമ്മെ കാണിച്ച സ്നേഹബഹുമാനങ്ങൾ പകരം വെക്കാനില്ലാത്ത വിധം ഉന്നതമായിരുന്നു.

എറണാകുളത്തെ പള്ളി പണിയുന്ന ഘട്ടത്തിൽ അദ്ദേഹത്തിന്റെ സഹായ സഹകരണങ്ങൾ മറക്കാൻ കഴിയുന്നതല്ല. പള്ളിയുടെ പണിയൊക്കെയും ഏകദേശം പൂർത്തിയായി. എന്നാൽ ലൈബ്രറിയുടേയും ഓഫീസിലേയും കുറേ അലമാരകളും മറ്റും പണിയാനുണ്ടായിരുന്നു. നേരെ എമ്മെയോട് വിവരം പറഞ്ഞു. എമ്മെ ആലുവയിലെ തന്റെ പ്ലൈവുഡ് ഫാക്ടറിയിൽ നിന്ന് മറ്റെന്തോ ആവശ്യത്തിന് വേണ്ടി മാറ്റി വെച്ചിരുന്ന വലിയ ഒരു അളവ് മരം ഇരിപ്പുണ്ട് അത് എടുത്ത്കൊള്ളുക എന്ന് പറഞ്ഞു. പള്ളിയുടെ പണി ആവശ്യം കഴിഞ്ഞും ധാരാളം മരസാധനങ്ങൾ ബാക്കിവന്നു. പള്ളിയുടെ മറ്റ് പണികളും ചെയ്ത് തീർക്കാൻ അത്കൊണ്ടായി. അത്രയും ഉദാരമായിരുന്നു എമ്മെയുടെ സംഭാവനകൾ. ആ മനസ്സിന്റെ സമൃദ്ധി തന്ന വസ്തുക്കളിലും നിഴലിച്ചിരുന്നു. അത്കൊണ്ടാണ് അത്രയും കാര്യങ്ങൾ ചെയ്യാൻ കഴിഞ്ഞതെന്ന് ഞാൻ ഇപ്പോഴും വിശ്വസിക്കുന്നു.

## തിന്മക്കെതിരെയുള്ള മൗനം

ഇബ്നു മസ്ഊദ് (റ) നിവേദനം : നബി (സ) അരുളി: തീർച്ചയായും ഇസ്രായേല്യരിൽ ആദ്യമായി പ്രവേശിച്ച ന്യൂനത അവരിൽ ഒരാൾ തിന്മ ചെയ്യുന്നത് കണ്ടാൽ ആ തിന്മയെ അവർ വിരോധിക്കുകയില്ല എന്നതായിരുന്നു. അങ്ങനെ ചെയ്യുന്നത് അവരൊന്നിച്ച് തിന്നുകയും കുടിക്കുകയും സഹവസിക്കുകയും ചെയ്യുന്നതിന്, അത് പ്രതിബന്ധമാവുമെന്ന് അവർ കരുതി.

അബൂദാവൂദ്, തിർമിദി

പേജ് 15 ൽ നിന്ന് തുടർച്ച

ആളുകൾക്ക് ഉണ്ടാവുന്നു. എന്നല്ല അവ ചിലപ്പോൾ സത്യമായി പുലരുകയും ചെയ്യുന്നു. ഇങ്ങനെയുള്ള സ്വപ്നങ്ങളും വെളിപാടുകളും വാദിക്കുന്ന അമ്പതിലധികം പേർ ഈ രാജ്യത്തുണ്ട്. ഇത്തരം ആളുകളുടെ വൃത്തം സത്യമത്തിന്റെയോ സന്മാർഗത്തിന്റെയോ നിബന്ധനയില്ലാത്ത വിധം പ്രവിശാലമാണ്. ഈ സാഹചര്യത്തിൽ, ഇവ രണ്ടിനെയും വേർതിരിക്കുമാറ് ഈ പ്രശ്നം പരിഹരിക്കണമെന്ന ചിന്ത യുക്തിബോധമുള്ള ഒരുവന്റെ മനസ്സിൽ ഉടലെടുക്കാതിരിക്കുകയില്ല. മതഭേദമന്യേ എല്ലാ ഫിർഖകളിലെ ആളുകൾക്കും സ്വപ്നങ്ങളും വെളിപാടുകളും ഉണ്ടാകുകയും ഇവ മുഖേന പരസ്പരം ആരോപണങ്ങൾ ഉന്നയിക്കുകയും ചില സ്വപ്നങ്ങൾ പുലരുകയും ചെയ്യുന്നു എന്നതിന് തെളിവു ലഭിക്കുമ്പോൾ പ്രത്യേകിച്ചും. ഈ സാഹചര്യത്തിൽ, സത്യാന്വേഷികളുടെ മാർഗത്തിൽ വലിയ തടസ്സം ഉണ്ടെന്നത് സ്പഷ്ടമാണ്. അത്തരം ആളുകൾക്ക് വിശേഷിച്ചും ഇത് മാരകമായ വിഷമാകുന്നു. അവർ വെളിപാട് ലഭിക്കുന്നുവെന്ന് സ്വയം വാദിക്കുകയും തന്നെക്കുറിച്ച് ദൈവനിയോഗിതനാണെന്ന് വിചാരിക്കുകയും ചെയ്യുന്നു. വാസ്തവത്തിൽ അവർക്ക് ദൈവവുമായി ഒരു ബന്ധവും ഇല്ല തന്നെ. അവർ തങ്ങളുടെ വല്ല സ്വപ്നവും സത്യമായി പുലരുന്നതു കണ്ട് അതിൽ വഞ്ചിതരായി തങ്ങൾ എന്തൊക്കെയോ ആണെന്ന് കരുതുന്നു. അങ്ങനെ അവർ സത്യം അന്വേഷിക്കുന്നതിൽ നിന്ന് അകറ്റപ്പെടുന്നുവെന്നു മാത്രമല്ല സത്യത്തെ നിന്ദ്യതയോടും അവഹേളനയോടും കൂടി നോക്കി കാണുകയാണ് ചെയ്യുന്നത്. ആകയാൽ, ഈ സംഗതികളാണ് ഇതിന്റെ വ്യത്യാസം സത്യാന്വേഷികളെ ബോധ്യപ്പെടുത്താൻ എന്നെ പ്രേരിപ്പിച്ച ഘടകങ്ങൾ. (തുടരും)

# പാകിസ്താൻ പ്രധാനമന്ത്രിയുടെ കുറ്റസമ്മതം

## മുസാഫിർ

പ്രധാന മന്ത്രിയായതിന് ശേഷം 2019 ജൂലായ് മാസത്തിൽ ആദ്യമായി അമേരിക്ക സന്ദശിച്ച പാകിസ്താൻ പ്രധാന മന്ത്രി ഇമ്രാൻ ഖാൻ വാഷിങ്ങ്ടണിലെ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പീസിൽ വെച്ച് നടത്തിയ പ്രസംഗത്തിൽ പാകിസ്താനിലെ ഭീകര യാഥാർത്ഥ്യങ്ങൾ വെട്ടി തുറന്ന് പറയുകയുണ്ടായി. അദ്ദേഹം തന്റെ പ്രസംഗത്തിൽ ഇപ്രകാരം പറഞ്ഞു:

30,000 മുതൽ 40,000 വരെ സായുധ ഭീകരർ പാകിസ്താനിലുണ്ട്. അഫ്ഗാനിസ്ഥാനിലോ കശ്മീരിലോ നിന്ന് പരിശീലനം നേടുകയും അവിടങ്ങളിൽ അക്രമം നടത്തുകയും ചെയ്തവരാണിവർ. നാൽപ്പതോളം ഭീകര സംഘടനകളും രാജ്യത്ത് പ്രവർത്തിക്കുന്നുണ്ട്. അവർക്ക് പിന്നാലെ പോലീസിന് പോകാനുള്ള ശക്തിയില്ല. അവരെ ഇല്ലാതാക്കാനുള്ള ചുമതല സൈന്യത്തിനാണ്. സൈന്യത്തിന്റെ പിന്തുണയോടെ ഭീകര പ്രവർത്തനം ഇല്ലാതാക്കാൻ ഞങ്ങൾ ശ്രമിക്കുന്നു. കഴിഞ്ഞ പതിനഞ്ച് വർഷമായി ഈ സത്യങ്ങൾ അമേരിക്കയിൽ നിന്ന് മുൻ ഭരണാധികാരികൾ മറച്ചു വെക്കുകയായിരുന്നു. ഞങ്ങളാണ് 80 കളിൽ ഈ ജിഹാദീ ഗ്രൂപ്പുകളെ സൃഷ്ടിച്ചത്. ജിഹാദി സിദ്ധാന്തം കുത്തിക്കയറ്റി ഞങ്ങൾ അവരെ ആദർശവത്ക്കരിച്ചു. അഫ്ഘാനിസ്ഥാനിലെ വിദേശ അധിനിവേശത്തിനെതിരെ യുദ്ധം ചെയ്യുക എന്നത് അവർക്ക് മതപരമായ ദൗത്യമായിരുന്നു അതിനാൽ അൽക്വയ്ദ അടക്കം എല്ലാ വിദേശ ഭീകര സംഘങ്ങളും പാകിസ്താനിലെത്തി. ഇമ്രാൻ ഖാൻ പറഞ്ഞു.

അമേരിക്കൻ സന്ദർശനത്തിനിടയിൽ പാകിസ്താൻ പ്രധാന മന്ത്രി നടത്തിയ ഈ പ്രസ്താവന യാതൊരു സംശയത്തിനും ഇടനൽകാത്ത വിധം ജിഹാദികളായ ഭീകര സംഘങ്ങളുടെ നാടാണ് പാകിസ്താൻ എന്ന് തുറന്ന് സമ്മതിച്ചിരിക്കുകയാണ്. ഒരു രാജ്യത്തെ പരമോന്നത ഭരണാധികാരി തന്റെ സ്വന്തം രാജ്യത്തെ പറ്റി ഇപ്രകാരം പറയുന്നത് എത്രമാത്രം അപമാനകരമാണ്. ഈ ഭീകര സംഘങ്ങളുടെ വിളയാട്ടത്തിന് മുമ്പിൽ നിസ്സഹായനായ പ്രധാന മന്ത്രി ഒരു വിദേശ രാജ്യത്ത് പോയി നടത്തുന്ന പരിദേവനം ആ രാജ്യം അകപ്പെട്ട പ്രതിസന്ധിയുടെ ആഴം വ്യക്തമാക്കുന്നു. പാകിസ്താൻ ഇങ്ങനെയൊരു ഭീകര രാഷ്ട്രമായി മാറിയതിന് പിന്നിൽ അവിടത്തെ മതസംഘടനകൾക്കും മത രാഷ്ട്രീയ കക്ഷികൾക്കും രാഷ്ട്രീയ പാർട്ടികൾക്കും ഭരണകൂടത്തിനും പട്ടാളത്തിനും വിദേശ സാമ്രാജ്യത്വ ശക്തിയായ അമേരിക്കക്കും വലിയ പങ്കുണ്ട്. ജിഹാദികളുടെ എണ്ണം അമേരിക്കയിൽ വെച്ച് ഇമ്രാൻ പറയാനുണ്ടായ കാരണം ജിഹാദികളെ വളർത്തുന്നതിൽ അമേരിക്കക്കുണ്ടായിരുന്ന പങ്ക് ട്രംപിനെ വ്യംഗ്യമായി സൂചിപ്പിക്കാനുമായിരിക്കാം. അമേരിക്ക നൽകുന്ന പണം ഭിക്ഷാംദേഹികളെപോലെ കാലകാലങ്ങളിൽ പാകിസ്താൻ ഭരിച്ച ഭരണാധികാരികളും പട്ടാളവും കൈനീട്ടി വാങ്ങി ജിഹാദികളെ പരിശീലിപ്പിക്കുകയും ബാക്കി പണം അഴിമതിയിലൂടെ വിഴുങ്ങുകയുമായിരുന്നു. അങ്ങനെ പരിശീലനം നേടിയ ജിഹാദികളാണ് ഇപ്പോൾ അഫ്ഗാൻ യുദ്ധം കഴിഞ്ഞ് പണികളൊന്നും ഇല്ലാതായപ്പോൾ പാകിസ്താനെ കൊലക്കളമാക്കി മാറ്റുന്നത്.

പാകിസ്താൻ ഇന്ന് അഴിമതി മൂലം സാമ്പത്തിക ദുരിതത്തിന്റെ

നിലയില്ലാക്കയത്തിൽ അകപ്പെട്ടിരിക്കയാണ്. ഇമ്രാൻ ഖാൻ തന്നെ ഇത് പല തവണ പറഞ്ഞതാണ്. കടുത്ത സാമ്പത്തിക പ്രതിസന്ധിമൂലം ചിലവ് ചുരുക്കലിന്റെ ഭാഗമായി അമേരിക്കയിലേക്ക് പാക് പ്രധാന മന്ത്രിയും പരിവാരങ്ങളും ചാർട്ടേഡ് ഫ്ളയിറ്റിന് പകരം ഖത്തർ എയർവേയ്സിന്റെ യാത്രാ വിമാനത്തിലായിരുന്നു യാത്ര. അമേരിക്കയിലെ പാക് അംബാസഡറുടെ വസതിയിൽ തന്നെയായിരുന്നു ഇമ്രാന്റെയും സംഘത്തിന്റെയും താമസം.

പാകിസ്താനെ അമേരിക്ക ഒരുപാട് സഹായിച്ചെന്നും തിരിച്ച് പാകിസ്താൻ നൽകിയത് കളവും ചതിയുമാണെന്ന് അമേരിക്കൻ പ്രസിഡന്റ് ട്രംപ് ഇമ്രാൻ ഖാൻ വരുന്നതിന് മുമ്പ് പ്രസ്താവിച്ചിരുന്നു. ട്രംപ് ഒരു വിടുവായനാണെങ്കിലും അമേരിക്കയുമായി കൂട്ടുകെട്ടുണ്ടായിരുന്ന ഒരു രാജ്യത്തെ ഭരണാധികാരി വരുന്നതിന് മുമ്പായുള്ള ഈ പ്രസ്താവന പാകിസ്താന്റെ അന്തസ്സ് എത്ര മാത്രം ഇടിഞ്ഞുവെന്ന് സൂചിപ്പിക്കുന്നു. അമേരിക്കൻ സഹായത്തെ സൂചിപ്പിച്ചു കൊണ്ട് പാകിസ്താന്റെ ഏറ്റവും വലിയ ശാപം മറ്റുള്ളവർ വെച്ചുനീട്ടുന്ന ദാനങ്ങളാണെന്നും പാകിസ്താന്റെ സ്വാശ്രയത്വം നശിപ്പിച്ചതും ഈ സൗജന്യ സഹായങ്ങളാണെന്നും ഇമ്രാൻ തിരിച്ചടിച്ചു. എങ്കിലും ഇമ്രാൻ പറഞ്ഞ കാര്യം ഒരു യാഥാർത്ഥ വസ്തുതയായി നിൽക്കുന്നു. അമേരിക്കൻ തിരഞ്ഞെടുപ്പ് അടുത്തു വരുന്ന സാഹചര്യത്തിൽ അഫ്ഘാനിസ്ഥാനിൽ നിന്നും അമേരിക്കൻ സേനാ പിന്മാറ്റം ട്രംപിന്റെ ആവശ്യം കൂടിയാണ്. അതിന് പാകിസ്താന്റെ സഹായം ട്രംപിന് ആവശ്യമുണ്ട്. അത്കൂടിയാണ് ഈ സന്ദർശനം കൊണ്ട് അമേരിക്ക ലക്ഷ്യമിടുന്നത്.


പാകിസ്താൻ ഇന്ന് ഭീകരവാദികളുടെ പറുദീസയാണ്. പ്രത്യേകിച്ച് പാകിസ്താൻ അഫ്ഗാനിസ്ഥാൻ അതിർത്തിയിൽ സ്ഥിതി ചെയ്യുന്ന കൈബർ പക്തൂൺ ഖവാ (പഴയ നോർത്ത് വെസ്റ്റ് ഫ്രോണ്ടിയർ) പ്രവിശ്യ. പാകിസ്താനിൽ മുഴുവനായും മറ്റു ദേശങ്ങളിലേക്കും ഭീകരത കയറ്റുമതി ചെയ്യുന്ന പ്രദേശമാണ്. ലക്ഷ്ഷറെ ഒമർ, സിപ്പായെ സഹാബ, തഹ്രീകെ ജഫ്രിയ, തഹ്രികെ നഫാസെ ശരീയത്തെ മുഹമ്മദി, ലക്ഷ്ഷറെ ജംഗ്വി, സിപ്പായെ മുഹമ്മദ്, ജമാഅത്തുൽ ഫുഖ്റ, നദീം കമ്മാന്റോ, പോപ്പുലർ ഫ്രണ്ട് ഫോർ ആന്റ് റസിസ്റ്റൻസ്, മുസ്ലിം യുണൈറ്റഡ് ആർമി, ഹർഖത്തുൽ മുജാഹിദീൻ മുതലായ സംഘടനകളാണ് പാകിസ്താനെ കിടുകിടാ വിറപ്പിച്ചു കൊണ്ടിരിക്കുന്ന സുന്നികളുടെയും ശിയാക്കളുടെയും ഭീകര പ്രസ്ഥാനങ്ങൾ. ഈ ഇസ്ലാമിക തീവ്രവാദ പരിവാര സംഘടനകൾക്കെല്ലാം ശക്തമായ ദാർശനികാടിസ്ഥാനം നൽകുന്നത് ഇവരുടെയെല്ലാം മാതൃസംഘടനയെന്ന് വിശേഷിപ്പിക്കാവുന്ന ജമാഅത്തെ ഇസ്ലാമിയാണ്.

1979 ൽ അഫ്ഘാനിസ്താനിൽ സോവ്യറ്റ് അധിനിവേശമുണ്ടായപ്പോൾ 30 ലക്ഷത്തോളം അഭയാർത്ഥികളാണ് പാകിസ്ഥാനിലേക്ക് പ്രവഹിച്ചത്. അഫ്ഘാൻ അതിർത്തിയിലുള്ള പാകിസ്താനിലെ കൈബർ പക്തൂൺ ഖവ യിലാണ് അവരിൽ എൺപത് ശതമാനവും വന്ന് ചേർന്നത്. ബാക്കി ബലൂചിസ്ഥാനിലും. മുജാഹിരീങ്ങളായ (അഭയാർത്ഥികൾ) ഇവർ അമേരിക്കയുടെയും സൗദി അറേബ്യയുടെയും സാമ്പത്തിക സഹായത്തോടെ പട്ടാള സ്വേച്ഛാധിപതി സിയാഉൽ ഹഖിന്റെ കാലത്ത് മുജാഹിദീൻ പോരാളികളായി മാറുകയായിരുന്നു. ആയിരക്കണക്കിന് മദ്രസ്സകൾ സ്ഥാപിച്ച് അവർക്ക് സൈനിക പരിശീലനവും ആയുധവും പണവും യഥേഷ്ടം നൽകി അഫ്ഘാനിസ്ഥാനിലേക്ക് ജിഹാദികളെ അയക്കുകയായിരുന്നു അമേരിക്കയുടെ ആജ്ഞാനു വർത്തികളായി പാകിസ്താനിലെ ഭരണകൂടങ്ങളും മത സംഘടനകളും പട്ടാളവും ഒത്തൊരുമിച്ച് ചെയ്തിരുന്നത്. 1988 ൽ അഫ്ഘാനിസ്ഥാനിലെ കമ്മ്യൂണിസ്റ്റ് മന്ത്രിസഭ നിലം പതിക്കുകയുണ്ടായി. പിന്നീട് അഫ്ഘാനിസ്ഥാനിൽ താലിബാൻ ഭരണം വന്നിട്ടും അഫ്ഘാൻ മുജാഹിദീങ്ങളിൽ വലിയൊരു വിഭാഗം സ്വദേശത്തേക്ക് തിരിച്ച് പോകാതെ പാകിസ്താനിൽ തന്നെ ജിഹാദീ സ്പിരിറ്റുമായി നിൽക്കുകയായിരുന്നു. പണിയില്ലാതായ ഈ ജിഹാദി ഗ്രൂപ്പുകളും പാകിസ്താനിലെ തന്നെ തദ്ദേശീയ ജിഹാദീഗ്രൂപ്പുകളും പരസ്പരം പോരാടിക്കൊണ്ടും ആ നാടിനെ ജിഹാദികളുടെ പറുദീസയാക്കി മാറ്റിക്കൊണ്ടിരിക്കുകയാണ്. ഇതിന് പുറമെ സുന്നി ശിയാ വിഭാഗീയ സംഘട്ടനത്തിന്റെ ഭാഗമായി കൂട്ടക്കൊലകളും പള്ളികളിൽ ബോംബ് സ്ഫോടനങ്ങളും തട്ടികൊണ്ടു പോകലും നിർബാധം നടക്കുന്നു. ഇവയെല്ലാം കൂടി പാകിസ്താനെ ജിഹാദികളുടെ പറുദീസയാക്കി മാറ്റി എന്നതാണ് വാസ്തവം. എല്ലാറ്റിനുമുപരിയായി ജിഹാദിലൂടെ ഇസ്ലാമിക ഭരണം പിടിച്ചു പറ്റണം എന്ന ജമാഅത്തെ ഇസ്ലാമി പോലെ മത രാഷ്ട്ര വാദത്തിന്റെ ശക്തമായ ആദർശാടിത്തറയുള്ള പാർട്ടികൾ മുഖ്യധാരാ രാഷ്ടീയ രംഗത്ത് മാന്യവേഷ ധാരികളായി നിൽക്കുകയും ചെയ്യുന്നു.

ഈവിധത്തിൽ മതഭീകരവാദത്തിന്റെയും മതരാഷ്ട്രവാദത്തിന്റെയും ഭീഷണിക്ക് മുമ്പിൽ മുട്ട് മടക്കി അന്തർദേശീയസമൂഹത്തിന് മുമ്പിൽ അപഹാസ്യരായി പാകിസ്താന് എത്രനാൾ മുന്നോട്ട് പോകാൻ കഴിയും? അല്ലാഹു ഖുർആനിൽ പറയുന്നു.

**'ഒരു ജനത അവരുടെ ഹൃദയത്തിലുള്ളതിന് അവർ സ്വയം മാറ്റം വരുത്തുന്നത്വരെ അവരുടെ സ്ഥിതിക്ക് അല്ലാഹു മാറ്റം വരുത്തുന്നതല്ല.'(13:12)**

# ഡോ. ഒ.പി എം അബ്ദുൽ കരീം



വയനാട് കമ്പളക്കാട് അഹ്മദിയ്യാ ജമാഅത്തിന്റെ സ്ഥാപക പ്രസിഡന്റ് ഡോ. ഒ.പി.എം അബ്ദുൽ കരീം സാഹിബ് (77) ജൂൺ 28-ാം തീയതി അന്തരിച്ചു. (ഇന്നാലില്ലാഹി.....)

മലപ്പുറം ജില്ലയിലെ ആമയൂർ സ്വദേശിയായ കരീം സാഹിബ് വയനാട്ടിൽ സ്ഥിര താമസമാക്കുകയായിരുന്നു. ഹോമിയോ ഡോക്ടറായി സേവനുഷ്ഠിക്കവേ കരുളായിയിൽ വെച്ച് മൗലവി യൂസുഫ് സാഹിബ് (മർഹൂം) മുഖേന അഹ്മദിയ്യാ ജമാഅത്തിനെ കുറിച്ചറിയുകയും 1990ൽ ബൈഅത്ത് ചെയ്യുകയുമാണുണ്ടായത്. കോൺഗ്രസ്സ് പ്രവർത്തകനായിരുന്ന അദ്ദേഹത്തിന് അഹ്മദിയായതിന് ശേഷം നിരവധി കഠിനമായ എതിർപ്പുകൾ സഹിക്കേണ്ടി വന്നു. ശത്രുക്കൾ വീടിന് നേരെ കല്ലെറിയുകയും സാമൂഹിക ബഹിഷ്ക്കരണം നടത്തുകയും ചെയ്തപ്പോഴും അസാമാന്യ ധൈര്യത്തോടെ സ്ഥിരപ്രജ്ഞനായി അദ്ദേഹം ധീരമായി നിലകൊണ്ടു. ഈ വിപരീത പരിതസ്ഥിതിയിലും അദ്ദേഹം നടത്തിയ ധീരമായ തബ്‌ലീഗ് പ്രവർത്തനത്തിന്റെ ഫലമായാണ് 1996 ആയപ്പോഴേക്കും 30 അംഗങ്ങളുള്ള ഒരു ജമാഅത്ത് വയനാട്ടിൽ ആദ്യമായി രൂപം കൊണ്ടത്. പിന്നീട് അദ്ദേഹത്തിന്റെ നേതൃത്വത്തിലുള്ള തീവ്രഫലമായി 2000 ഡിസംബറിൽ കമ്പളക്കാട് ഒരു പള്ളിയും യഥാർത്ഥ്യമാവുകയുണ്ടായി. അതിനേക്കാൾ കഠിനമായിരുന്നു ശ്മശാനത്തിന്ന് വേണ്ടി അദ്ദേഹം നടത്തിയ തീവ്രശ്രമങ്ങൾ. പൊതുവേ കേരളത്തിൽ ശ്മശാനത്തിന് സ്ഥലമുണ്ടാക്കുക എന്നത് വളരെ പ്രയാസകരമായ കാര്യമാണ്. ശത്രുക്കൾ സകല തടസ്സങ്ങളും അദ്ദേഹത്തിന് മുന്നിൽ വലിച്ചിടുകയും ഭീഷണി മുഴക്കുകയും ചെയ്തു. കേസു കൊടുത്തു. അതെല്ലാം ഏറെക്കുറെ ഏകനായി അസാമാന്യ ധീരതയോടെയും സംയമനം പാലിച്ചും അദ്ദേഹം തരണം ചെയ്തു. ഗവൺമെന്റ് ഓഫീസുകൾ നിരന്തരം കയറി ഇറങ്ങി. വക്കീലില്ലാത്തപ്പോൾ സ്വയം വാദിച്ചും അദ്ദേഹം സർക്കാരിൽ നിന്ന് നിയമപരമായി കമ്പളക്കാട് ജമാഅത്തിന് ശ്മശാനത്തിന്റെ അംഗീകാരം നേടിയെടുക്കുകയുണ്ടായി. അത് അദ്ദേഹം വർഷങ്ങളോളം നടത്തിയ വലിയ പോരാട്ടം തന്നെയായിരുന്നു. പള്ളിക്ക് വേണ്ടി ഒരു മിനാരം നിർമ്മിക്കാനായിരുന്നു അദ്ദേഹത്തിന്റെ അന്ത്യാഭിലാഷം. അഹ്മദിയ്യത്ത് സ്വീകരിച്ച നാൾ മുതൽ വിശ്വസിച്ച പ്രസ്ഥാനത്തിന് വേണ്ടി അന്ത്യശ്വാസംവരെ ധീരമായ പോരാട്ടം തന്നെയായിരുന്നു അദ്ദേഹത്തിന്റെ ജീവിതം. അല്ലാഹു പരേതന് ജന്നത്തും മഅ്ഫിറത്തും നൽകി അനുഗ്രഹിക്കുമാറാകട്ടെ.

**ഭാര്യ**: ഒ. പി ഫാത്തിമക്കുട്ടി. **മക്കൾ**: സൈറാബാനു, നുസ്രത്ത് ജഹാൻ, ഖമർ ബാനു, **മരുമക്കൾ**: സുലൈമാൻ, അബ്ദുർറഹ്മാൻ, അബൂബക്കർ സിദ്ധീക്ക്.

*- സമീറാ മാലിക്ക്, കമ്പളക്കാട്*

# അബ്ദുറഹ്മാൻ സാഹിബ്



പത്തപ്പിരിയം ജമാഅത്തിലെ ഒതായികാക്ക എന്ന് വിളിക്കപ്പെടുന്ന ചാത്തനല്ലൂർ അബ്ദുർറഹ്മാൻ സാഹിബ് (97)ജൂലായ് 14 ന് വഫാത്തായി. (ഇന്നാലില്ലാഹി.....)

1984-85 കാലഘട്ടത്തിൽ കൊടിയത്തൂരിൽ വെച്ചാണ് ബൈഅത്ത് ചെയ്തത്. വളരെ ഊർജസ്വലനായ ജമാഅത്തിനെ സ്നേഹിച്ച വ്യക്തിയായിരുന്നു. കോഴിക്കോട്, കൊടിയത്തൂർ തുടങ്ങി മറ്റ് പല ജമാഅത്തുകളിലും ഇടയ്ക്കിടെ സന്ദർശനം നടത്തുമായിരുന്നു. വാർദ്ധക്യത്തിലും മജ്‌ലിസ് അൻസാറുല്ലായുടെ ഇജ്തിമയിൽ പല പരിപാടികളിലും പങ്കെടുക്കാറുണ്ടായിരുന്നു. വളരെ കുറഞ്ഞ കാലം കിടപ്പിലാകുന്നത് വരെ പത്തപ്പിരിയം ജമാഅത്തുമായി സജീവമായി ബന്ധപ്പെട്ടിരുന്നു. പരേതന് 10 മക്കളുണ്ട്. അല്ലാഹു അദ്ദേഹത്തിന് ജന്നത്തും മഗ്ഫിറത്തും നല്കി അനുഗ്രഹിക്കട്ടെ.

*- സി.കെ.സഫറുല്ലാഹ്*




## രണ്ടാം സ്ഥാനം

പൊതു വിദ്യാഭ്യാസ സംരക്ഷണത്തിന്റെ ഭാഗമായി സ്കൂളുകളിൽ ഐടി വത്ക്കരണ ലക്ഷ്യം വെച്ച് കൊണ്ടുള്ള ലിറ്റിൽ കെയ്റ്റ് പദ്ധതിയുടെ ഏറ്റവും നല്ല പ്രവർത്തനത്തിന് കോഴിക്കോട് ജില്ലയിൽ രണ്ടാം സ്ഥാനം ശാസ്ത്രാദ്ധ്യാപകനായ നൂറുദ്ദീൻ മംഗലശ്ശേരി വിദ്യാഭ്യാസ മന്ത്രിയിൽ നിന്നും സ്വീകരിക്കുന്നു. കൊടിയത്തൂർ ജമാഅത്തംഗമാണ്.




കോഴിക്കോട് അൻസാറുല്ലായുടെ ആഭിമുഖ്യത്തിൽ ആർക്കിയോളജിക്കൽ സർവ്വേ ഓഫ് ഇന്ത്യ മുൻ റീജനൽ ഡയറക്ടറായിരുന്ന പത്മശ്രീ ഡോ. കെ.കെ. മുഹമ്മദ് *'പുരാവസ്തു വിജ്ഞാനീയവും ചരിത്രവും'* എന്ന വിഷയത്തിൽ പ്രഭാഷണം നടത്തുന്നു. അദ്ധ്യക്ഷൻ എ.എം.മുഹമ്മദ് സലീം സാഹിബ്.




മജ്‌ലിസ് ഖുദ്ദാമുൽ അഹ്മദിയ്യാ എറണാകുളം ജില്ലയുടെ ദായിയാനെ ഇലല്ലാഹ് റിഫ്രഷർ ക്യാമ്പ് ജില്ലാ അമീർ ടി.കെ. അബൂബക്കർ സാഹിബ് ഉദ്ഘാടനം ചെയ്യുന്നു.



Published on 7 August 2019

Vol: 91 Issue.08
Price Rs. 30/-

Pages 44
RNI No. 3332/1957, Registered KL/EKM/726/2018-20
Licence No. KL/CR/EKM/WPP-09/2018-20. Licensed to post Without Prepayment
The Sathyadoothan Monthly


# Ahmadiyya Musilim Community

## Apps for mobile devises

Download free apps developed by Ahmadiyya Muslim Community for your iphone,ipode, and Android

**Quran**
Read the Holy Quran in easy Yassarnal Quran Font

**Conditions of Bai'at**
A pocket reference of Shara't-e-Bai'at in 7 languages

**Sermons**
Hudu's Friday Sermans In 15 languages

**MTA**
Watch MTA Live, view Schedule and much more

**Ahmadiyya News**
Stay up to date with the Latest jama'at news



View these apps at alislam.org/apps

or scan the QR code below